യുണ്ടായി. ഈയവസരത്തിൽ സ്പെഷ്യൽബ്രാഞ്ചു് പോലീസിൽപ്പെട്ട ശ്രീകണ്ഠൻ നായരെന്ന ഹെഡ്കോൺസ്റ്റബിളും പ്രഭാകരൻ നായരെന്ന അദ്ധ്യാപകനെ മർദ്ദിച്ചു. ഈ സംഭവത്തെ സംബന്ധിച്ചു് അദ്ധ്യാപകരിൽനിന്നു് പരാതി കിട്ടിയ ഉടൻതന്നെ അന്വേഷണം നടത്തി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് തന്നെ പ്രസിദ്ധീകരിക്കുന്ന പത്രത്തിലും ഒരു ഹെഡ്കോൺസ്റ്റബിളും മർദ്ദിച്ചു എന്നാണു് പറഞ്ഞിരിക്കുന്നതു്. ഉടൻതന്നെ പ്രാഥമികാന്വേഷണം നടത്തുകയും ഒന്നാമതു് ഇൻവെസ്റ്റിഗേഷനിൽ കുറ്റം ചെയ്തതായി സംശയിക്കുന്നു എന്നുള്ള കാരണത്താൽ ഇന്നലെത്തന്നെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. തുടർന്നുള്ള അന്വേഷണ നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

IV. റൂൾ 113 അനുസരിച്ചുള്ള റിപ്പോർട്ടു്

സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റു്: സർ, സംസ്ഥാനത്തു് സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തണമെന്നു് അപേക്ഷിച്ചുകൊണ്ടു് കേരള മദ്യനിരോധന സമിതി പ്രസിഡൻറു് ശ്രീ.എം.പി.മൻമഥനിൽ നിന്നും ഒരു ഹർജി ലഭിച്ചിട്ടുള്ള വിവരം നിയമസഭാ നടപടിചട്ടങ്ങളിലെ 113–ാം ചട്ടമനുസരിച്ചു് ഞാൻ റിപ്പോർട്ടു് ചെയ്യുന്നു.

V. റിപ്പോർട്ടു് സമർപ്പണം

(1) സബോർഡിനേറ്റു് ലെജിസ്ലേഷൻ കമ്മിറ്റി റിപ്പോർട്ടു്

ശ്രീ. എം. വി. മാണി: സർ, സബോർഡിനേറ്റു് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടു്

ശ്രീ. എ. സി. ജോസ്: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 20–ഉം 21–ഉം 22–ഉം റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

VI. ധനകാര്യം

1936–37 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ശ്രീ. ഇ. കെ. നായനാർ: സർ, വിദ്യാഭ്യാസമന്ത്രി ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതിനു് ഞാൻ തടസ്സവാദം ഉന്നയിക്കുകയാണു്. ഇതിനെപ്പറ്റി ഒരു പ്രസ്താവന ചെയ്യാൻ എന്നെ അനുവദിക്കണം. ഗവൺമെൻറു് ഇന്നു് സഭയെ ദുർബോധിപ്പിച്ചതിനെപ്പറ്റി അന്വേഷിക്കണം. ഇന്നലെ പ്രീഡിഗ്രി നിസ്സഹ്റ് പ്രസിദ്ധപ്പെടുത്തിയെന്നു് സഭയിൽ ദുർബോധിപ്പിച്ചതുമാത്രമല്ല തടസ്സവാദമുന്നയിക്കാനുള്ള കാരണം. തുടക്കംമുതൽ തന്നെ സ്വകാര്യമേഖലയെ സഹായിക്കാനുള്ള നടപടികളാണു് വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചിട്ടുള്ളതു്. ഇതിനെതിരായി സമരം ചെയ്യുന്ന അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും അടിച്ചമർത്താനുള്ള നടപടികളാണു് ഗവൺമെൻറു് സ്വീകരിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

എണ്ണായിരത്തോളം അദ്ധ്യാപകരുടേയും നാലായിരത്തോളം അദ്ധ്യാപകേതര ജീവനക്കാരുടേയും ഭാവി തന്നെ അപകടത്തിലാണ്. സമരത്തോടനുബന്ധിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 763 പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റിയിൽ എഴുന്നൂറോളം പേരെ സസ്പെൻഡ് ചെയ്തു. ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ അമ്പതോളം പേരെ സസ്പെൻഡ് ചെയ്തു. സമരം അടിച്ചമർത്താൻ കരിനിയമങ്ങളും ഉപയോഗിക്കുന്നു. സിൻഡിക്കേറ്റ് പിരിച്ചുവിട്ടു. ഇങ്ങനെ സമരം അടിച്ചമർത്താൻ ശ്രമിക്കുന്നത് ന്യായമല്ല. ഇത് കൂടിയാലോചന വഴി പരിഹരിക്കുന്നതിന് ശ്രീ. ഉമ്മൻചാണ്ടിയടക്കം പലരും ഇതിൽ ഇടപെട്ടു സംസാരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായി തീരുമാനിക്കാനുള്ള സമീപനമല്ല ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ളത്. ഇൻഡ്യാഗവൺമെന്റ് അംഗീകരിച്ച ദേശീയനയമാണ് പ്രീഡിഗ്രി ബോർഡ് എന്നുപറയുന്നത് ശരിയല്ല. സ്പെഷ്യൽ ഓഫീസർ എ.കെ.എം.നമ്പ്യാർ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കണമെന്നു പറഞ്ഞിട്ടുണ്ടോ? ഇല്ലെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. അതുപോലെതന്നെയാണ് പ്ലസ് ടു സമ്പ്രദായവും. ഈ തീരുമാനത്തിനെതിരായി ശക്തമായ പ്രതിഷേധം വന്നിരിക്കുകയാണ്. പ്രീഡിഗ്രി ബോർഡ് പ്രശ്നമല്ല. അതു അടുത്തവർഷം വരാൻ പോകുന്നതേയുള്ളൂ. അത് ചോദ്യം ചെയ്യുന്നില്ല. അത് കൂടെക്കൂടി ആലോചിച്ച് പ്രവർത്തിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. കക്ഷിവ്യത്യാസമില്ലാതെ എല്ലാപേരും സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. കേരളാ കോൺഗ്രസ്, കോൺഗ്രസ്, സി.പി.ഐ. സി.പി.എം. തുടങ്ങി എല്ലാ പാർട്ടികളും ഉണ്ട്. അതുകൊണ്ട് സമരം അടിച്ചമർത്താൻ ശ്രമിക്കാതെ കൂടിയാലോചന വഴി അനുകൂലമായ തീരുമാനം എടുക്കണം. ഇക്കാരണങ്ങളാൽ വിദ്യാഭ്യാസമന്ത്രി ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതിന് ഞാൻ തടസ്സവാദമുന്നയിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കല, സംസ്കാരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, വിദ്യാഭ്യാസം, കല, സംസ്കാരം എന്ന 17–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.‡

ശ്രീ. എ.സി. ജോസ്: സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

(ഈ സമയത്ത് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു ചുറ്റും ഇരുന്ന് മുദ്രാവാക്യം വിളിക്കുകയായിരുന്നു.)

കട്ട്മോഷൻ അവതരിപ്പിച്ച അംഗങ്ങളുടെ പേരുകൾ സ്പീക്കർ വിളിച്ചെങ്കിലും ആരും മൂവ് ചെയ്തില്ല.

മി. സ്പീക്കർ: ഈ രീതിയിൽ സഭാനടപടികൾ നടത്തിക്കൊണ്ടു പോകാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കക്ഷിനേതാക്കൻമാരുമായി ആലോചിച്ചതിനുശേഷം സഭ പിന്നീട് ചേരുന്നതാണ്.

(സഭ 10.40–നു പിരിഞ്ഞു)

‡അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സഭ വീണ്ടും 12 മണിക്ക് ബഹു. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു.)

മി. സ്പീക്കർ: ഇന്ന് ഇവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സഭാനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ
12 Noon] നേതാവും മറ്റ് കക്ഷിനേതാക്കൻമാരുമായി വിശദമായി സംസാരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികളുമായി മുന്നോട്ടു പോകാനാണ് ധാരണ ഉണ്ടായിട്ടുള്ളത്. ഇവിടെ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നെഗോസിയേഷൻ കണ്ടിന്യൂ ചെയ്യുന്നതായിരിക്കും. ബഹുമാനപ്പെട്ട അംഗങ്ങൾ സ്വന്തം സീറ്റുകളിലേക്ക് മടങ്ങി പോകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ തന്നെ സമയം വളരെ വൈകിയിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ കൃത്യസമയത്ത് തന്നെ പ്രസംഗങ്ങൾ നിർത്തണം.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സമർപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. കേരളത്തിൽ ഇന്ന് ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന ഒരു രാഷ്ട്രീയ വിഷയം മുഖ്യമന്ത്രി കരുണാകരന്റെ പ്രതിഛായ രാഷ്ട്രീയമല്ല മറിച്ച്, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിദ്യാഭ്യാസ രാഷ്ട്രീയമാണ്. വിദ്യാഭ്യാസത്തിന്റെ പവിത്രതയും പ്രാധാന്യവും കണക്കിലെടുത്ത് ചിന്തിക്കുന്നവർക്കേ ആ രംഗത്ത് പ്രവർത്തിക്കേണ്ടത് എങ്ങനെയാണെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഒരു ഉത്തരവാദപ്പെട്ട വകുപ്പ് എന്ന നിലയിൽ നിലനിലിരിക്കുന്ന പാകപ്പിഴകളും പോരായ്മകളും എത്രമാത്രമാണ്, അതിന്റെ ഗൗരവം എന്താണെന്നുള്ളത്, ചിന്തിക്കുവാനോ, മനസ്സിലാക്കുവാനോ, തയ്യാറാകാതെ പുതിയ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കി പത്രത്തിലും വാർത്തയിലും സ്ഥാനം പിടിക്കണമെന്നുള്ള അൽപത്വമാണ് നമുക്ക് ഇതുവരെ കാണാൻ കഴിഞ്ഞിട്ടുള്ളത്. സർ, ചീപ്പ് പോപ്പുലാരിറ്റിക്കും അഴിമതിക്കും വേണ്ടി നെട്ടോട്ടം നടത്തുന്ന മന്ത്രി ടി.എം.ജേക്കബ് ഈ ശ്രമത്തിൽ സ്വയം നശിക്കുക മാത്രമല്ല കേരളത്തിലെ വിദ്യാഭ്യാസത്തെ ആകമാനം നശിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. കള്ളക്കളിയിലൂടെ രാഷ്ട്രീയത്തിലേക്ക് കുതിച്ചുയർന്ന ജേക്കബ് ഇന്ന്, വിദ്യാഭ്യാസ മേഖലയിൽ തന്റെ നിറം വെളിപ്പെടുത്തിയതാണ് ഇന്നത്തെ പ്രതിസന്ധികൾക്കെല്ലാം കാരണം. പഠിച്ച് നടക്കുന്ന കാലത്ത് തുണി ഇല്ലാതെ ഓടി ഒരു വാർത്ത ഉണ്ടാക്കിയ ടി.എം.ജേക്കബ് ഇന്ന് കേരളത്തിലെ ജനങ്ങളുടെ മുൻപിൽ സ്വയം നഗ്നനായിത്തീർന്നിരിക്കുകയാണ്. ജേക്കബിന് ഇപ്പോൾ പത്രക്കാരോടും കലിയാണ്. കേരളാ കോൺഗ്രസ്സിന്റെ സ്വന്തം എന്നും, ഞങ്ങളുടെയൊക്കെ നാട്ടിൽ കർഷകരുടെ പത്രം എന്നും വിശേഷിപ്പിക്കപ്പെടുന്ന ദീപികയെ വരെ തള്ളിപ്പറയുകയാണ് അദ്ദേഹം. അദ്ദേഹം ദീപികയെപ്പറ്റി പറയുന്നത് കോട്ടയത്തെ ദേശാഭിമാനി എന്നാണ്. കഴിഞ്ഞ നാലു വർഷത്തെ വിദ്യാഭ്യാസ പരിഷ്കാരങ്ങളിലേക്ക് അൽപ്പം ഒന്ന് കണ്ണോടിച്ചാൽ നമുക്ക് കാണാൻ കഴിയും അദ്ദേഹം നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ഒക്കെ പാളിപ്പോയെന്ന്. സർ, റാകിപ്പറക്കുന്ന ചെമ്പരുന്തിലായിരുന്നു നമ്മുടെ മന്ത്രിയുടെ തുടക്കം. മഹാകവി ഉള്ളൂർ ഉൾപ്പെടെ മലയാള സാഹിത്യത്തിലെ അതികായൻമാരെല്ലാം അംഗീകരിച്ചിരുന്ന നാടോടി പാട്ട് തെറ്റാണെന്ന് ഒരു സുപ്രഭാതത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു. സർ, ഒരു ഭ്രാന്തൻ മറ്റെല്ലാവർക്കും ഭ്രാന്താ

LIBRARY ARCHIVES Kerala Legislative Assembly

ന്നെന്ന് തോന്നുമെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഇവിടെ അതല്ലേ ഉണ്ടായത്. ഒരു വർഷം കഴിഞ്ഞപ്പോഴേ ഈ മന്ത്രിയുടെ അടുത്ത പരിഷ്കാരം വന്നു. അതാണ് മണ്ടൻ പരീക്ഷ. ഒരു വർഷം കൊണ്ട് പഠിച്ചാൽ ജയിക്കാൻ സാധിക്കാത്ത ഒരുവനെ ഒരു മാസം കൊണ്ട് പഠിപ്പിച്ച് ജയിപ്പിക്കാനുള്ള ഉദാരമായ ഉത്തരവാണ് അദ്ദേഹം പുറപ്പെടുവിച്ചത്. ഉടനെ പേപ്പറിൽ വാർത്തയായി. അതിന്റെ ബുദ്ധിമുട്ടുകൾ, അതിന്റെ പ്രയോജനം എന്തൊക്കെയാണെന്നുള്ളത് വിദ്യാഭ്യാസ രംഗത്തുകാരെ അലയടിച്ചു. പിന്നീട് അതും പിൻവലിച്ചു. നാണം കെട്ടു. വീണ്ടും വന്നു പരിഷ്കാരം. സഹകാര്യ പോളിടെക്നിക്ക്, അതുപോലെ ആയുർവേദ കോളേജ് ഇങ്ങനെ സഹകാര്യ എഞ്ജൻസികളെ വളർത്തുന്നതിനുവേണ്ടി അദ്ദേഹം കൊണ്ടുവന്ന അടുത്ത പരിഷ്കാരം. അതും വാർത്തയായി, ബഹളമായി, ജനരോഷമായി, പണിമുടക്കായി അങ്ങനെ അതും പിൻവലിച്ചു. പതിവുപോലെ നാണം കെട്ടു. പിന്നീട് കൊണ്ടുവന്ന മെഡിക്കൽ കോളേജിലെ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ്. അതും സഹകാര്യ മേഖലയിൽ. എത്രയോ ദിവസം മെഡിക്കൽകോളേജ് വിദ്യാർത്ഥികൾ അതിനെതിരായി പഠിപ്പ് മുടക്കി. അവരുടെ വിലയേറിയ സമയം പാഴായി. അതുകൊണ്ട് എന്ത് നേട്ടമുണ്ടായി. അവസാനം അതും പിൻവലിക്കുക അല്ലേ ചെയ്തത്? പിന്നെ ഇതിനിടക്ക് അദ്ദേഹം വിദ്യാഭ്യാസരംഗത്തെ വലിയ നേട്ടത്തിനു വേണ്ടി കൊണ്ടുവന്നതാണ് ഒരു സർവ്വകലാശാല, ഗാന്ധിജി യൂണിവേഴ്സിറ്റി.... അപമാനഭാരംകൊണ്ട് മദ്ധ്യ തിരുവിതാംകൂറിലെ ജനങ്ങൾക്കും ഗാന്ധിജിയെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്കും തലയുയർത്തി നടക്കാൻ പറ്റുമോ? ആദ്യത്തെ നിയമനങ്ങളിൽ അഴിമതി കൊടികുത്തി വാണു. അതെല്ലാവർക്കും അറിയാവുന്നതാണ്. സർവ്വകലാശാലാ ജീവനക്കാർ പണിമുടക്കി. തൊണ്ണൂറുകളിലെ മുസ്ലീംലീഗ് വരെ ഈ അഴിമതിക്കെതിരായി സംസാരിച്ചതായി നമ്മുടെ സഭാനടപടികളിൽ ഉണ്ട്. ഇപ്പോഴും ഇതാ ഇരുനൂറോളം ക്ലാർക്കൻമാരെയും, പ്യൂൺമാരെയും നിയമിക്കുന്നുണ്ട്. സർ, ഒരു പോസ്റ്റിന് അൻപതിനായിരം രൂപ വരെ ഉണ്ടെന്നാണ് ആളുകൾ പറയുന്നത്. പത്ര റിപ്പോർട്ടുമുണ്ട്. അത് മന്ത്രിയോ, ബന്ധപ്പെട്ടവരോ ഇന്നു വരെ നിഷേധിച്ചിട്ടില്ല. എന്റെ അടുത്തും ഒരു പോസ്റ്റ് കിട്ടുന്നതിന് മന്ത്രിയെ സമീപിക്കാനായി പണം കൊണ്ടു വന്നു. അദ്ദേഹം ഒരു വലിയ സൂത്രക്കാരൻ കൂടിയാണ്. കേരളാകോൺഗ്രസ്സിലെ മറ്റുള്ളവരെകൂടി കൂട്ടുപ്രതികളാക്കിയിരിക്കുകയാണ്. പാവം പി.ജെ.ജോസഫിനും, കെ.എം.മാണിക്കും, ബാലകൃഷ്ണപിള്ളയ്ക്കും മന്ത്രിയുമായി നേരിട്ടു സംസാരിക്കാത്ത ഡോ.കെ.സി.ജോസഫിനു വരെ കുറ്റം ഉണ്ടെന്നാണ് മന്ത്രിയുടെ ഏജൻറൻമാർ നാടു മുഴുക്കെ പ്രചരിപ്പിക്കുന്നത്. ജോലി കിട്ടിയില്ലെങ്കിൽ വാങ്ങിയ പണം തിരികെ കൊടുക്കുമെന്നുള്ള വ്യവസ്ഥയോടു കൂടിയാണ് വാങ്ങിച്ചിരിക്കുന്നത്. സർ, ഇപ്പോഴും വാങ്ങിയിരിക്കുന്ന പണം നല്ല പലിശക്ക് ബ്ലെയ്ഡ് കമ്പനികളിൽ ഇട്ടിരിക്കുകയാണ് എന്നാണ് അറിയപ്പെടുന്നത്. എം.എൽ.എ.റോഡ് പോലെ കേരളാ കോൺഗ്രസ്സിലെ എം.എൽ.എ.മാർക്കും ഒരു കുറ്റം വയ്ക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. എ. സി. ജോസ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. എന്തെങ്കിലും ആരോപണം ഉന്നയിക്കുമ്പോൾ എഴുതി തരണമെന്ന് ചട്ടമുള്ളതാണ്.

മി. സ്പീക്കർ: ഇതിൻ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): പാർട്ടിയിൽ ഗ്രൂപ്പ് വളർത്താൻ മാത്രം സർവ്വകലാശാലയിലെ മുഴുവൻ നിയമനങ്ങളും നീക്കി വയ്ക്കുന്നത് ശരിയാണോ എന്ന് കേരളാ കോൺഗ്രസ്സിലെ എം.എൽ.എ.മാരെങ്കിലും ചിന്തിക്കേണ്ടതാണ്. മന്ത്രി ഈ അഴിമതിക്കും നടത്തുന്നതെല്ലാം ന്യൂനപക്ഷ അവകാശ സംരക്ഷണത്തിനുവേണ്ടി കണ്ടു പിടിച്ചതാണ്. ഞാൻ ഇല്ലെങ്കിൽ ക്രൈസ്തവ ന്യൂനപക്ഷാവകാശം അറബിക്കടലിൽ മുങ്ങിപ്പോകുമെന്നാണ് മന്ത്രി പ്രചരിപ്പിക്കുന്നത്. മാണിക്കെതിരായി അടിക്കാനുള്ള വടി ആണെങ്കിലും കേരളത്തിലെ പ്രബുദ്ധരായ ക്രൈസ്തവർക്കൊക്കെ ഇതിന്റെ ഒക്കെ കഥ മനസ്സിലാകും. സ്വകാര്യ സ്കൂളുകൾ നടത്തുന്നതിൽ മന്ത്രി കണ്ടുപിടിച്ചിരിക്കുന്ന ന്യായീകരണമാണ് ന്യൂനപക്ഷാവകാശ സംരക്ഷണം. സർ, ഏത് ന്യൂനപക്ഷങ്ങളുടെ അവകാശമാണ് സംരക്ഷിക്കുന്നതെന്നറിയാമോ? മംഗളം വർഗ്ഗീസിനെപ്പോലെയുള്ള കച്ചവടക്കാരുടെ ന്യൂനപക്ഷാവകാശം സംരക്ഷിക്കാനാണ്. മന്ത്രി നൽകിയ സ്വകാര്യ റെസിഡൻഷ്യൽ സ്കൂളുകളിൽ രണ്ടെണ്ണം വർഗ്ഗീസിനുമാത്രമാണ് നൽകിയിരിക്കുന്നത്. വർഗ്ഗീസിന് ഒരു ബി. എഡ്. കോളേജ്കൂടി നൽകണമെന്ന് ഗാന്ധിജി സർവ്വകലാശാല ശുപാർശ ചെയ്തിരിക്കുന്നു. മന്ത്രിയും മംഗളം വർഗ്ഗീസും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. സർ, 75 സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ് പറയപ്പെടുന്നത്. ഈ പരിഷ്കാരം എങ്ങനെ ഉള്ളതാണെങ്കിലും അതിൽ അകപ്പെട്ടുപോയ വിദ്യാർത്ഥികൾ ഇന്ന് വളരെ അപകടത്തിലായിരിക്കുകയാണ്.

ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ 75 സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം നടത്തുന്നുണ്ട്. അതിനെപ്പറ്റി വിമർശനത്തോടുകൂടി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഭാവി എന്തായിരിക്കും എന്നുള്ളതിനെപ്പറ്റി വളരെ ആശങ്കയോടുകൂടി ചിന്തിക്കുകയാണ്. അതുപോലെ എത്ര തന്നെ നല്ല പദ്ധതിയാണെങ്കിലും അത് വേണ്ട വിധത്തിൽ കുട്ടികൾക്ക് പ്രയോജനപ്പെടത്തക്കവിധം നടപ്പിലാക്കിയിരുന്നെങ്കിൽ ഒരുപക്ഷേ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അനുഗ്രഹമായിരുന്നേനേ. എന്നാൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതി പ്രയോജനപ്പെടത്തക്ക വിധത്തിൽ അതിനുള്ള മറ്റ് തയ്യാറെടുപ്പുകൾ നടപ്പിലാക്കുന്നില്ല എന്നുള്ള ആക്ഷേപമാണ് പരക്കെയുള്ളത്. വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ വളരെ വിജയകരമാണെന്നുള്ളത് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും, അദ്ധ്യാപകർക്കും പൊതുജനങ്ങൾക്കും ബോധ്യപ്പെട്ടെങ്കിൽ ഇന്ന് ഇപ്പോൾ പ്രീ-ഡിഗ്രി ബോർഡ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കൂടുതൽ വ്യഗ്രത കാട്ടേണ്ട ആവശ്യമുണ്ടോ? അങ്ങനെ സ്വാഭാവികമായി വിദ്യാർത്ഥികൾ ഈ വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യയനത്തിലുൾപ്പെടും. ആ നിലയിൽ ഇന്ന് യൂണിവേഴ്സിറ്റിതലത്തിൽ പ്രീ-ഡിഗ്രി നടത്തുന്നതിനുള്ള ബുദ്ധിമുട്ട് സ്വാഭാവികമായി ഇല്ലാതായിത്തീരുകയും ചെയ്യുകയില്ലേ എന്ന് ചിന്തിക്കേണ്ടതാണ്. ഇപ്പോൾ 1986-87 അദ്ധ്യയന വർഷം മുതൽ തിരുവനന്തപുരത്തും, ജി.വി.രാജാ സ്പോർട്ട്സ് ഡിവിഷനിലും തൊഴിലധിഷ്ഠിത പദ്ധതി അനുസരിച്ച് ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സ് തുടങ്ങാൻ പോകുന്നുവെന്ന് കേൾക്കുന്നു. ഇപ്പോൾ കോഴിക്കോട് ഉള്ള ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

അറുപതോളം വിദ്യാർത്ഥികളും ഓരോ വർഷവും അവരുടെ കോഴ്സു കഴിഞ്ഞ് പുറത്ത് ഇറങ്ങുന്നുണ്ട്. അവരിൽ ഏറിയ ഭാഗവും കായിക താരങ്ങളാണ്. പഠനംകഴിഞ്ഞ് പാസായി പുറത്തുവരുന്ന ഇവർക്ക് ജോലി ലഭിക്കുമോയെന്നുള്ള ഭയമാണ്. മറ്റു സ്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളും വന്നു കഴിയുമ്പോൾ കിട്ടാവുന്ന ജോലിക്കുള്ള അവസരം നഷ്ടപ്പെടുമെന്നുള്ള ഭയത്തോടുകൂടി ഇവർ കഴിയുകയാണ്. അങ്ങനെ അവരുടെ ഭാവി അപകടത്തിലാക്കിക്കൊണ്ട് വിദ്യാഭ്യാസ മൂല്യങ്ങളെ ചവിട്ടി മെതിച്ചു കൊണ്ട് ആകപ്പാടെ നമ്മളെ എല്ലാവരേയും ഭയപ്പെടുത്തിക്കൊണ്ട് നടപ്പിൽ ആക്കുന്ന പരിഷ്കാരങ്ങളും മറ്റുള്ളവർ എത്രമാത്രം അംഗീകരിക്കുന്നു എന്നുള്ളതിനെപ്പറ്റി അധികാരികളും ചിന്തിക്കുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം.

സർ, വിദ്യാഭ്യാസ രംഗത്തെ മൂല്യങ്ങളെ ചവിട്ടിമെതിക്കുകയാണ്. ഈ രംഗത്തെ അടിസ്ഥാനമായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ആ വകുപ്പിന്റെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ അദ്ദേഹം ഒട്ടും തന്നെ ചിന്തിക്കുന്നില്ല. പാഠപുസ്തകങ്ങളും തയ്യാറാക്കുമ്പോഴുണ്ടാകുന്ന ശ്രദ്ധക്കുറവുമൂലം ധാരാളം പിശകുകളും വന്നുകൊണ്ടിരിക്കുന്നു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഓരോ വർഷവും പാഠപുസ്തകങ്ങളിൽ വന്നു കൊണ്ടിരിക്കുന്ന പിശകുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പിശകുകളും മാറ്റി, മേലിൽ പിശകുകളും ഉണ്ടാകാതിരിക്കാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചോ?

അതുപോലെതന്നെ പാഠപുസ്തകങ്ങളും യഥാസമയത്ത് കുട്ടികൾക്ക് എത്തിക്കാനുള്ള നടപടികളുണ്ടോ? ഈ സഭയിൽ അദ്ദേഹം ഉറപ്പുതരുമെങ്കിലും യഥാർത്ഥത്തിൽ സ്കൂൾവർഷത്തിന്റെ ആരംഭത്തിലോ മദ്ധ്യഘട്ടങ്ങളിലോ അവർക്ക് വേണ്ട പുസ്തകങ്ങളും കിട്ടുന്നില്ല. അതിന് ഒരു ഉദാഹരണമാണ് കഴിഞ്ഞ വർഷം ഒൻപതാം ക്ലാസ്സിലെ മാറിയ പുസ്തകങ്ങളും വർഷാവസാനമാണ് കിട്ടിയത്.

അതുപോലെ ഉത്തരക്കടലാസ് നോക്കുന്നകാര്യത്തിലും റിസൽട്ട് തയ്യാറാക്കുന്നതിലും കണ്ടുകൊണ്ടിരിക്കുന്ന അലംഭാവവും അലസതയും. തൻമൂലം അർഹരായവർ തോൽക്കുന്നു. അനർഹരായവർ ജയിക്കുന്നു. എന്തൊരു നാണക്കേടാണിത്. പത്രങ്ങളിൽ വരുന്നുണ്ട്. ഞാനീ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. കെ. കെ. ശ്രീനിവാസൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ഡിമാൻറിനെ ഞാൻ പിന്താങ്ങുകയാണ്. സംസ്ഥാനത്തെ ജനങ്ങളും വളരെയേറെ ശ്രദ്ധയോടുകൂടി പ്രതീക്ഷിക്കുന്നത് ഇതിനെപ്പറ്റി ഒരു ചർച്ച ഈ വേദിയിൽ നടക്കുമെന്നാണ്. ചർച്ചയുടെ ആരംഭം ഇത്രകണ്ട് സുഗമമായ ഒരന്തരീക്ഷത്തിൽ പോകുമെന്ന് ഞങ്ങളും പ്രതീക്ഷിച്ചിരുന്നില്ല. ഏതായാലും ശരി പ്രതിപക്ഷത്തുനിന്ന് സുപ്രധാനമായ ഈ ഡിമാൻറിനെക്കുറിച്ചുള്ള ചർച്ചയിൽ സഹകരിക്കാൻ കാണിച്ച സൻമനോഭാവത്തിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. കേരള രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ വിദ്യാഭ്യാസ രംഗത്തെ പുതിയ മാറ്റത്തിനുള്ള അരങ്ങേറ്റവും അതിനെ എതിർക്കാനുള്ള മുന്നേറ്റവും പലപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്. എതിർക്കാനുള്ള പ്രവണതയുടെ ഉറവിടമെന്നു പറയുന്നത്, ക്ഷമിക്കണം— രാഷ്ട്രീയപ്രേരിതമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂവിൽ

LIBRARY ARCHIVES Kerala Legislative Assembly

നാൽപ്പതുശതമാനത്തിലേറെ ചെലവഴിക്കുന്നത് വിദ്യാഭ്യാസത്തിനു വേണ്ടിയാണ്. വിദ്യാഭ്യാസരംഗത്തിന്റെ വളർച്ചയെന്നു പറയുന്നത് കേരളത്തിന്റെ വളർച്ചയാണ്. അതിന്റെ തകർച്ചയെന്നു പറയുന്നത് കേരളത്തിന്റെ തകർച്ചയാണ്. ഈ കാര്യം വിസ്മരിക്കുന്നത് വേദനാജനകമാണ്. പുതിയ നിസോഴ്സസ് കണ്ടുപിടിക്കുന്ന കാര്യത്തിൽ കേരളത്തിന് എത്ര ദൂരം സഞ്ചരിക്കാൻ കഴിയുമെന്നുള്ള കാര്യം സംശയാസ്പദമാണ്. നമുക്ക് ഈ രംഗത്ത് പ്രയോജനപ്പെടുത്താൻ കഴിയുന്നത് മാൻപവർ മാത്രമാണ്. പ്രത്യേകിച്ച് ഇൻറലക്ചൽ ബ്രെയിൻ. പക്ഷേ, ആ രംഗവും മുരടിച്ചു നിൽക്കുന്ന സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ളത്.

ശാസ്ത്ര സാങ്കേതിക രംഗത്ത് നമ്മുടെ വിദ്യാർത്ഥികൾ ബഹുദൂരം തള്ളപ്പെട്ടിരിക്കുന്നു. ഓടിയെത്തുവാൻ അവർക്ക് കഴിയുമോയെന്നുള്ള കാര്യം സംശയമാണ്. ഇത് നമ്മെ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ്. ഇതിന് കാരണം, നാം സ്വീകരിച്ചുവരുന്ന നയത്തിന്റെ വൈകല്യമാണ്. ഒരു മാറ്റത്തിനുവേണ്ടിയുള്ള ദാഹം കണ്ടില്ലായെന്നു നടിക്കുവാൻ ഒരു ഗവൺമെന്റിനും സാദ്ധ്യമല്ല. ഇനിയും വിദ്യാഭ്യാസരംഗത്തെ മരുമരീചികയുടെ പുറകെ വലയുന്ന നിസ്സഹായാവസ്ഥ അവസാനിപ്പിക്കാനുള്ള ധീരമായ നടപടികൾക്ക് ഒരുപക്ഷേ എതിർപ്പുകളുണ്ടായിയെന്നു വരാം—ഗവൺമെന്റിന് നടപടികൾ സ്വീകരിച്ചേ പറ്റൂ. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായ പ്രീ—ഡിഗ്രി ബോർഡിനെ ഞാൻ വിലമതിക്കുന്നത്. പ്രീ—ഡിഗ്രി ബോർഡിന്റെ രൂപീകരണത്തെക്കുറിച്ച് മാസങ്ങളോളമായി നിണ്ടുനിൽക്കുന്ന ചർച്ചകളും ഗവൺമെന്റിന്റെ വിശദീകരണങ്ങളും പ്രസംഗവേദികളിൽക്കൂടിയും പത്രങ്ങളിൽക്കൂടിയും നമ്മൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിൽത്തന്നെ എത്രയോ പ്രാവശ്യം ഇതിനെക്കുറിച്ചുള്ള വിശദീകരണങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇന്ന് പ്രീഡിഗ്രി ബോർഡാണല്ലോ ഏറ്റവും സജീവമായ പ്രശ്നം. ശ്രീ. ആർ. ശങ്കർ കേരള വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഹയർ എഡ്യൂക്കേഷൻ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അന്നാണ് 'ടെൻ പ്ലസ് ടു' സമ്പ്രദായം ആരംഭിച്ചത്. നമ്മുടെ സംസ്ഥാനത്തെ ജൂനിയർ കോളേജുകൾ 'പ്ലസ് ടു' എന്ന പ്രത്യേക സമ്പ്രദായത്തിന്റെ ഭാഗമാണ്. പത്തുകൊല്ലം കഴിഞ്ഞ് 'പ്ലസ് ടു' ഒരു പ്രത്യേക യൂണിറ്റായതുകൊണ്ടാണ് ജൂനിയർ കോളേജുകൾ പ്രത്യേകം സ്ഥാപിക്കാൻ അന്ന് ഗവൺമെന്റ് മുതിർന്നത്. ഒരു പൊതുദേശീയ വിദ്യാഭ്യാസനയരൂപീകരണത്തിന് എത്രയോ മുമ്പുതന്നെ കേരളം ഈ രംഗത്ത് കാലുവച്ചുവെന്നുള്ളതിന്റെ തെളിവാണിത്. യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽനിന്ന് പ്രീ—ഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്യാൻ ശങ്കർ സർക്കാരിന് അന്ന് അവസരം കിട്ടിയില്ല. അതിനുമുമ്പ്തന്നെ ആ സർക്കാർ തകർന്നു. കൂടുതൽ ശരി ആ സർക്കാരിനെ തകർക്കപ്പെട്ടുവെന്നുള്ളതാണ്. വിപുലമായ ഒരു കാൻവാസിൽ പ്രത്യുത്തീർക്കേണ്ട കേരള രാഷ്ട്രീയത്തിലെ പല ചിത്രങ്ങളിലൊന്നായിട്ടാണ് ഈ സംഭവത്തെ കാണേണ്ടിയിരിക്കുന്നത്. പ്രീഡിഗ്രി ബോർഡ് വേണമോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. നയപരമായ തീരുമാനമാണ് 'പ്ലസ് ടു' എന്നുള്ളത്. ഈ തീരുമാനത്തിന് മാറ്റമില്ലായെന്ന് കഴിഞ്ഞ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പലയാവർത്തി ഈ സഭയെ അറിയിച്ചതാണ്. ഈ വിഷയത്തെക്കുറിച്ച് ഗവൺമെന്റ് എടുത്ത തീരുമാനം മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പു മന്ത്രിയും ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ പ്രസക്തമായ എല്ലാ ഭാഗങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇപ്പോഴും ഈ കേഴ്സ് നടത്തിവരുന്ന കോളേജുകളിൽ അതു നിലനിറുത്തുമെന്നതാണ്. അതിനുവേണ്ടി സർക്കാരിനെ പ്രേരിപ്പിച്ച പ്രധാനപ്പെട്ട വസ്തുത വിദ്യാർത്ഥികളുടെ ഭാവിയെ കരുതിയും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കൂടുതൽ ഒച്ചപ്പെടുത്താനും വേണ്ടിയാണ്. ഗവൺമെന്റ് ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രശ്നത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിച്ചു എന്നുള്ളതിന് ഇതിൽകൂടുതൽ തെളിവ് ആവശ്യമില്ല. ഈ സമരം ഇപ്പോഴും ചൊന്നത്തിയിരിക്കുന്നു? ഞാൻ പ്രതിപക്ഷം ഉന്നയിച്ച പ്രശ്നങ്ങളിലേക്ക് കടക്കാനല്ല ശ്രമിക്കുന്നത്. അതിന്റെ പിന്നിൽ രാഷ്ട്രീയലക്ഷ്യമുണ്ട്. അത് ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. പി—ഡിഗ്രി ബോർഡിനെ ഉയർത്തിപ്പിടിച്ചുകൊണ്ട് കുറുനരികൾ സർക്കാരിനെ കോർണർചെയ്യുവാൻ കഴിയുമോയെന്നുള്ള ഒരു ഭാഗ്യപരീക്ഷണമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. സർ, ശ്രീ:ടി.എം.ജേക്കബിനെ ഒറ്റപ്പെടുത്തി ഒരു പൗണ്ട് മാംസം വാർത്തെടുക്കാൻ പറ്റുമോയെന്നുള്ള ഷൈലോക്കിന്റെ ദുഷ്ടബുദ്ധിയും ഒളിഭാഗത്തുണ്ട്.

പക്ഷേ ഈ പാറയിൽ തട്ടി ഗവൺമെന്റ് തകരുവാൻ പോകുന്നില്ല. ഒരു ദിവസം ശ്രീ.ടി.എം.ജേക്കബിന് മാത്രമായി തോന്നിയ അനുഭൂതി വിശേഷമാണോ സർ, ഈ പ്രീഡിഗ്രി ബോർഡ്? പ്രതിപക്ഷത്തിന്റെ ആരോപണങ്ങളും, പ്രചരണങ്ങളും, മുദ്രാവാക്യങ്ങളും കേൾക്കുമ്പോൾ ശ്രീ.ജേക്കബ് മാത്രമാണ് കുറ്റം ചെയ്തിരിക്കുന്നതെന്ന് തോന്നിപ്പോകും. ശ്രീ:ജേക്കബിന്റെ മേൽ മാത്രമാണ് ആരോപണങ്ങളും ഉന്നയിക്കുന്നത്. ശ്രീ.ജേക്കബിന് ഒരിക്കലും ഒരു നിമിഷം ഉണ്ടായ അനുഭൂതി വിശേഷത്തിന്റെ പ്രതിഫലനമല്ല ഈ പ്രീഡിഗ്രി ബോർഡ്. ഇത് പറയുവാൻ കാരണം, ഈ സഭ അംഗീകരിച്ച ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച് ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആയിരുന്ന ശ്രീ.കെ.എം.മാണി അവതരിപ്പിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രീ—ഡിഗ്രി ബോർഡിനെ സംബന്ധിച്ച് പ്രത്യേകിച്ച് എടുത്ത് പറയുന്നുണ്ട്. പിന്നെ എങ്ങനെയാണ് പ്രീഡിഗ്രി ബോർഡ് ശ്രീ. ജേക്കബിന്റെ സൃഷ്ടിയാണെന്ന് പറയുന്നത്. ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട ദൂരവ്യാപകമായ വ്യതിയാനത്തെ വികലപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ പ്രവണത ആരോഗ്യപ്രദമാണെന്ന് പറയുവാൻ നിവൃത്തിയില്ല. സർ, രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ ഒരു വഴിത്തിരിവിൽ ഈ സമരം കൊണ്ടെത്തിച്ചതിന്റെ പ്രതിഫലനമാണ് അങ്ങ് പുറത്തും, ഇങ്ങ് അകത്തും കണ്ട ഈ പ്രകടനമെന്നാണ് എന്റെ അഭിപ്രായം.

സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ സംബന്ധമായ പരിഷ്കാരത്തിനുവേണ്ടി പല കമ്മിഷനുകളേയും നിയമിച്ചിട്ടുണ്ട്. ഇവിടെ ജസ്റ്റിസ് എം.പി.മേനോൻ കമ്മീഷൻ വരെ പ്ലസ് ടു അനിവാര്യമാണെന്ന് നിർദ്ദേശിക്കുകയും സ്ഥാപിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. ജസ്റ്റിസ് എം.പി.മേനോൻ കമ്മീഷനെ നിയമിച്ചത് വിദ്യാഭ്യാസ പരിഷ്കാരങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ സമർപ്പിക്കാൻ വേണ്ടിയല്ല. അത് ഒരു അന്വേഷണ കമ്മീഷനായിരുന്നു. അതുകൊണ്ട് ജസ്റ്റിസ് എം.പി.മേനോൻ കമ്മീഷന്റെ പരാമർശങ്ങളെ അസ്വീകാര്യമാണെന്ന നിലപാടാണ് പ്രതിപക്ഷങ്ങൾ സ്വീകരിച്ചിരിക്കുന്നത്. സർ, സാങ്കേതികത്വത്തിന്റെ മറപിടിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് വരേണ്ടിയിരിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് ഒരു കമ്മീഷൻ ഉന്നയിച്ചിരിക്കുന്ന പരാമർശങ്ങളെ ഇങ്ങനെ വ്യാഖ്യാനിക്കുവാൻ പാടില്ലായെന്നാണ് എന്റെ അഭിപ്രായം. സർ, പുരോഗമനപരമായ നിർദ്ദേശങ്ങളെ ഏത് കമ്മീഷന്റെ ഭാഗത്തുനിന്ന് ഉണ്ടായാലും അതിനെ സ്വാഗതം ചെയ്യാൻ ആദ്യം ഓടിയെത്തുന്നത് പ്രതിപക്ഷമാണ്. ജസ്റ്റിസ് എം.പി.മേനോൻ കമ്മീഷന്റെ നിർദ്ദേശങ്ങളും പരാമർശങ്ങളും പ്രതിപക്ഷങ്ങളെ സ്വാഗതം ചെയ്തിട്ടുണ്ട്. ഇന്ന് എന്തിനു വേണ്ടിയാണ് പ്രതിപക്ഷം ഇതിനെയെല്ലാം എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സർ, യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രീഡിഗ്രി നിലനിർത്തുവാൻ ശ്രമിച്ചാൽ ഉണ്ടാകുന്ന ദോഷവശങ്ങളുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ദീർഘമായ ഒരു പ്രതിപാദനം അതിന് ആവശ്യമാണ്. പക്ഷേ എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ള മർമ്മ പ്രധാനമായ ഒരു കാര്യം യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രീഡിഗ്രി നിലനിൽക്കുന്നിടത്തോളം കാലം സിലബസ് പരിഷ്കാരം തുടങ്ങി പലതിലും ഗവൺമെന്റിന് മുൻകൈയെടുത്ത് പ്രവർത്തിക്കാൻ പറ്റുകയില്ല. ഈ യാഥാർത്ഥ്യത്തിന് നേരെ കണ്ണടച്ചിട്ട് കാര്യമുണ്ടോ?

സർ, എന്താണ് നമ്മുടെ വിദ്യാർത്ഥികളുടെ നിലവാരം? ഐ.എ.എസ്.ഉം ഐ.പി.എസും പരീക്ഷയിൽ ജയിക്കുന്ന കേരളത്തിൽ നിന്നുമുള്ള വിദ്യാർത്ഥികൾ നാമമാത്രമായിക്കൊണ്ടിരിക്കുന്നു. അഥവാ ജയിക്കുന്നുണ്ടെങ്കിൽ ആ ഒന്നുരണ്ടുപേർ ഈ സംസ്ഥാനത്തിന് പുറത്ത് വിദ്യാഭ്യാസം നേടിയവരാണ്. സർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നടത്തുന്ന പരീക്ഷകൾ ഇവിടത്തെ വിദ്യാർത്ഥികൾക്ക് ബാലികേറാമലയാണ്. ഇതുപോലുള്ള എല്ലാ പരീക്ഷകളിലും കേരളീയർ പിൻതള്ളപ്പെട്ടിരിക്കുന്നു. ഈ മേഖല എന്നുമെന്നും ഒരു വിലക്കപ്പെട്ട കനിയായിട്ട് അവശേഷിക്കുമോ? ഗൗരവപൂർവ്വം നാം ആലോചിക്കണം. ഈ ഒരു രീതി ഇനിയും തുടരുന്നത് അപമാനകരമായിരിക്കും. അതുകൊണ്ട് പ്രീഡിഗ്രി യൂണിവേഴ്സിറ്റിയിൽനിന്ന് ഡീലിങ് ചെയ്യുന്ന ധീരമായ നടപടിയുമായി ഗവൺമെന്റ് മുന്നോട്ടു പോകണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അദ്ധ്യാപകരുടെയും, നൂറുകണക്കിന് അനദ്ധ്യാപകരുടേയും സേവന വേതന വ്യവസ്ഥകളെ ബോർഡ് രൂപീകരണം എങ്ങനെ ബാധിക്കുമെന്ന് അവർക്ക് അതിയായ ആശങ്കയുണ്ട്. ഈ ആശങ്ക നിവാരണം ചെയ്യേണ്ട ബാദ്ധ്യത ഗവൺമെന്റിനാണെന്ന് ഓർമ്മപ്പെടുത്തുവാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. ഈ ജൂൺ 6-ാം തീയതി ഗവൺമെന്റ് മറ്റ് ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ച വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. ഗവൺമെന്റിന്റെ നിലപാട് ആ ചർച്ചയിൽ വ്യക്തമാക്കിയെന്നാണ് വിദ്യാഭ്യാസമന്ത്രിയുടെ വിശദീകരണത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. ആ ചർച്ചയെ സംബന്ധിച്ച് സമരം നയിക്കുന്നവരുടെ പ്രതികരണമെന്തെന്ന് ഇന്നും മനസ്സിലാക്കാൻ കഴിയുന്നില്ല. അവർ ഇരുട്ടിൽ തപ്പിക്കൊണ്ടിരിക്കുകയാണ്. സർ,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മനസ്സിലാക്കുന്നത് എന്തോ ഒരു കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് ഗവൺമെന്റും അദ്ധ്യാപകപ്രതിനിധികളും തമ്മിലുണ്ട് എന്നാണ്. അത് പരിശോധിക്കുകയും അവരുമായി സംസാരിച്ച് പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കാണുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, യൂണിവേഴ്സിറ്റിയിൽനിന്നും പ്രീ-ഡിഗ്രി കോഴ്സ് ഡീ-ലിങ്ക് ചെയ്ത് കഴിഞ്ഞാൽ ആ നിമിഷം മുതൽ യൂണിവേഴ്സിറ്റിയുടെ നിയമപരമായ പരിരക്ഷക്ക് വെളിയിൽ ഒരു വിഭാഗം ജീവനക്കാർ പോകേണ്ടിവരും. ഈ നയത്തിൽ ഉറച്ചുനിൽക്കാൻ ഗവൺമെന്റ് തീരുമാനിച്ച സാഹചര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയത്തിലും പരിപാടിയിലും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. +2 കോഴ്സ് ആരംഭിച്ചാൽ ഭാവിയിൽ യൂണിവേഴ്സിറ്റിയുടെ ജനകീയ സ്വഭാവം നഷ്ടപ്പെടുമോ അഥവാ ബ്യൂറോക്രസിയുടെ പിടിയിൽ അമരുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഞാൻ ഈ വിഷയത്തെപ്പറ്റി ദീർഘമായിട്ടൊന്നും പ്രതിപാദിക്കുന്നില്ല. പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തെ സംബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽനിന്ന് ഉയർന്നുവന്ന അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് മൂന്ന് യൂണിവേഴ്സിറ്റിയുടെയും വൈസ്ചാൻസലർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചത് സ്വാഗതാർഹമാണ്. സർ, ഈ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചേ അവസാന തീരുമാനത്തിലേയ്ക്ക് പോകൂ എന്നുള്ള ഗവൺമെന്റിന്റെ നിലപാട് അതീവ സ്വാഗതാർഹമാണ്. ഇത് ഗവൺമെന്റ് സ്വീകരിക്കുന്ന അനുരഞ്ജനാത്മകമായ സമീപനത്തിന്റെ ഭാഗമായിട്ടാണ് ഞാൻ കാണുന്നത്. പ്രീ-ഡിഗ്രി ബോർഡ് രൂപീകരണം സ്വകാര്യമേഖലയെ പ്രീണിപ്പിക്കാനുള്ള, ഒരു കുതിരക്കച്ചവടം നടത്തുവാനുള്ള ബോധപൂർവ്വമായ ശ്രമമാണെന്ന് ഒരു കൂട്ടർ പ്രചരിപ്പിക്കുന്നുണ്ട്. ഈ പ്രചരണം ഗവൺമെന്റിന്റെ പ്രഖ്യാപന നയത്തിൽനിന്ന് പിൻതിരിക്കുവാനുള്ള ഒരു ശ്രമമായിട്ടാണ് കാണേണ്ടത്. സർ, ഒരു പിടി ആളുകളുടെ മർക്കട മുഷ്ടി കാരണം ഈ സമരം അവസാനിപ്പിക്കുവാൻ കഴിയുന്നില്ല, ബുദ്ധിമുട്ടുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ മർക്കട മുഷ്ടിയുടെ മുന്നിൽ മുട്ടുകുത്താതെ ധീരമായിട്ട് ഗവൺമെന്റ് ഈ പ്രഖ്യാപന നയവുമായി രംഗത്തേയ്ക്ക് നീങ്ങണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, വിദ്യാഭ്യാസമന്ത്രി അവതരിപ്പിച്ച വിദ്യാഭ്യാസം, കല, സംസ്കാരം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ നിത്യനിദാനച്ചെലവുകൾപോലും നിർവ്വഹിക്കാൻ കഴിയാതെ പ്രതിസന്ധിയിൽ കഴിയുന്ന ഒരു ഗവൺമെന്റാണ് എന്ന് തുറന്നു സമ്മതിച്ച ഒരു ഗവൺമെന്റാണ്. സാമ്പത്തികമായി ഇപ്പോഴും മിച്ചമാണോ കമ്മിയാണോ എന്ന തർക്കമൊക്കെ നിലനിൽക്കുന്ന ഒരു സാഹചര്യത്തിൽ വളരെ വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകുന്ന നിരവധി കാര്യങ്ങളിലേക്ക് കുതിച്ചുചാടാനുള്ള ഒരു വെമ്പലാണ് ശ്രീമാൻ ടി. എം. ജേക്കബ് ഇവിടെ നടത്തുന്നത് എന്ന് പരക്കെ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് വരുന്ന നയങ്ങളും നടപടികളും എനിക്ക് അനുവദിച്ച ഏഴ് മിനിട്ടുകൊണ്ട് പറയാൻ കഴിയുകയില്ല. കഴിഞ്ഞ വർഷവും ഇതുപോലെ രാജ്യമൊട്ടാകെ ഇരമ്പിമറിയുന്ന വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

കളുടെയും, അദ്ധ്യാപകരുടെയും ബഹുജനങ്ങളുടെയും സമരം വന്നപ്പോഴും ചില നടപടികളിൽനിന്ന് അദ്ദേഹത്തിന് പിൻതിരിയേണ്ടി വന്നു. ഇതിനു മുൻപും അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസമേഖലയെ ഒട്ടാകെ സ്വകാര്യമുതലാളിമാർക്ക് അടിയറ വച്ചു കൊണ്ട് തങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാമെന്നതാണ് അദ്ദേഹത്തെ നയിക്കുന്ന വികാരമെന്ന് എനിക്ക് തോന്നുന്നു. സമൂഹത്തിലെ ന്യൂനപക്ഷം വരുന്ന ശ്രേഷ്ഠ വർഗ്ഗത്തെ യഥായോഗ്യം വിദ്യാഭ്യാസം ചെയ്യിച്ചാൽ അതിന്റെ ഫലം സാധാരണ ജനങ്ങളിലേയ്ക്ക് ക്രമേണ വ്യാപിച്ചുകൊള്ളുമെന്ന വിശ്വാസം അവലംബിച്ചുകൊണ്ടുള്ള ഒരു തത്വമാണ് അദ്ദേഹത്തെ നയിക്കുന്നത്. അത് പണ്ട് മെക്കാളെ നടപ്പിലാക്കാൻ ശ്രമിച്ച ഒരു തത്വമാണ്. ആ തത്വം കേരളത്തെപ്പോലുള്ള ഉൽബുദ്ധമായ ഒരു സംസ്ഥാനത്ത് നടപ്പിലാക്കാൻ ശ്രീ. ജേക്കബ് ബല്ല മറ്റാര് ശ്രമിച്ചാലും കഴിയുകയില്ല. വിദ്യാഭ്യാസം വെളളവും, ജനങ്ങൾ എന്നു പറയുന്ന ഈ നാട്ടിലെ പാവപ്പെട്ട ആളുകൾ മണൽക്കൂനയുമാകണം അത്തരം പരിപാടികൾ നടപ്പിലാക്കണമെങ്കിൽ. ഇപ്പോൾ തുടരുന്ന വിദ്യാഭ്യാസസമ്പ്രദായം സത്യത്തിൽ നമ്മുടെ രാജ്യത്തെ ജനങ്ങളെ പരസ്പരം തമ്മിലടിപ്പിക്കാനാണ്. അതുപോലെതന്നെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ തൊഴിലിന്റേയും വിദ്യാഭ്യാസത്തിന്റേയും മണ്ഡലങ്ങൾ തമ്മിലുള്ള വിടവ് വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് സാധാരണക്കാരനും പാവപ്പെട്ട ആളുകൾക്കും ഈ വിദ്യാഭ്യാസമേഖലയിൽ കടന്നുകൂടാൻ കഴിയാത്തവണ്ണം സ്വകാര്യമേഖലയിലേയ്ക്ക് അത് നിത്യേന ഇന്ന് അടിയറവച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായിട്ടു തന്നെ ഇപ്പോൾ ഈ കഴിഞ്ഞ നാലുവർഷക്കാലം കൊണ്ടു ഉണ്ടായ അനുഭവത്തിൽ നമ്മുടെ സംസ്ഥാനത്ത് എണ്ണായിരത്തിലേറെ അദ്ധ്യാപകർ, അവർ ജോലി ചെയ്തിരുന്ന സ്കൂളുകളിൽ ദ്ധാലി ചെയ്യാൻ നിർവ്വാഹമില്ലാതെ ഗവൺമെന്റിന്റെ സംരക്ഷണത്തിൽ പ്രൊട്ടക്ടഡ് ടീച്ചേഴ്സായിട്ട് തുടരുകയാണ്. അത് ഓരോ വർഷവും പതിനായിരക്കണക്കിന് വർദ്ധിക്കാൻ പോവുകയാണ്. അതാണ് ഇപ്പോൾ നമ്മുടെ നാടിന്റെ സ്ഥിതി. ഈ വർദ്ധനവ് എങ്ങനെ ഉണ്ടാകുന്നു, ഗവൺമെന്റ് സംരക്ഷണം കൊടുക്കേണ്ടിവരുന്നു എന്നൊക്കെ ബോദ്ധ്യമായിട്ടും കൂടിൽ വ്യവസായംപോലെ ഇന്ന് സ്കൂളുകൾ ആരംഭിക്കുന്നതിന് അംഗീകാരം കൊടുക്കുന്നുണ്ട്.

ഇന്നിപ്പോൾ എയിഡഡ് സ്കൂളുകളായാലും അംഗീകൃത സ്കൂളുകളായാലും നാട്ടിൻപുറങ്ങളിലും എല്ലാ സ്ഥലങ്ങളിലും മുളച്ചുപൊങ്ങുകയാണ്. അതുകൊണ്ട് പല സ്കൂളുകളിലും ഇന്ന് വിദ്യാർത്ഥികളെ കിട്ടുന്നില്ല. അദ്ധ്യാപകരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഇന്നു ഗവൺമെന്റിൽ നിലനിൽക്കുകയാണ്. ഇങ്ങനെ അംഗീകാരം കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാനേജുമെന്റുകളാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഇക്കാലമത്രയും ഉണ്ടാകാത്ത തരത്തിൽ ധിക്കാരവും ദാർഢ്യവും പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികളുടെ പ്രവേശനത്തിനും അദ്ധ്യാപകരുടെ നിയമനത്തിനും പണം വാങ്ങുമെന്ന് മാനേജുമെന്റിന്റെ അസോസിയേഷൻതന്നെ തീരുമാനിച്ച് പത്രങ്ങളിൽ പരസ്യം ചെയ്തു. എല്ലാവരേയും അത് അറിയിക്കുകയും ചെയ്തു. ശ്രീമാൻ ജേക്കബിന്റെ ഭരണകാലത്തേ ഇങ്ങനെ യൊരു ധിക്കാരപൂർവ്വമായ സമീപനം മാനേജുമെന്റിന്റെ അസോസിയേഷന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളൂ. അതിന്റെ പേരിൽ നടപടിയെടുക്കാനോ അതിനെ ചൊറുക്കാനോ ഉള്ള ഒരു പ്രവർത്തനവും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജേക്കബ്ബിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കാരണം ശ്രീ. ജേക്കബ്ബാണല്ലോ അതിനാവശ്യമായ എല്ലാ പിന്തുണയും സഹായങ്ങളും ചെയ്തുകൊടുത്തത്. അത്തരം സ്ഥിതി വിശേഷം ഇവിടെ വന്നിട്ടുണ്ട്. ഒരു കുട്ടിക്കു നാലാമത്തെ വയസ്സിൽ നേഴ്സറിയിൽ ചേർക്കണമെങ്കിൽപ്പോലും ഇന്ന് പൈസ കൊടുക്കണം. അല്ലാതെ നടക്കുകയില്ല എന്ന സ്ഥിതി രാജ്യത്തൊട്ടാകെ വളർന്നു വന്നിരിക്കുകയാണ്. ആ സ്ഥിതി വരുത്തിയതിന്റെ മുഖ്യ ഉത്തരവാദിത്വം ഈ ജേക്കബ്ബിനല്ലാതെ മറ്റാർക്കുമല്ല.

സർ, അതുപോലെ നമ്മുടെ സംസ്ഥാനത്തു നിലവിലുള്ള സ്കൂളുകളുടെ സ്ഥിതി എന്താണ്? ഇവിടെ ഞാൻ രണ്ടു മൂന്നു പ്രാവശ്യം ഉന്നയിച്ച കാര്യമാണ്. മലബാർ മേഖലയിലെ വിദ്യാലയങ്ങളിൽ നല്ലൊരു ശതമാനം ഗവൺമെൻറ് വിദ്യാലയങ്ങൾക്ക് ഇന്ന് സ്വന്തമായ കെട്ടിടമില്ലാതെ വാടകകെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഏതോ കാലത്ത് നിശ്ചയിച്ച വാടകയാണ്. ആ വാടകകൊണ്ട് അതിന്റെ പ്രവർത്തനങ്ങളും നടത്താൻ സാധിക്കുന്നില്ല എന്നുള്ളതുകൊണ്ട് മാനേജർമാർ കെട്ടിടം റിപ്പയർ ചെയ്യുന്നില്ല, സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടാത്തതുകൊണ്ട് വിദ്യാർത്ഥികളുടെ ജീവിതം പാഴായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴും 550 വിദ്യാർത്ഥികളും പഠിക്കുന്ന പാലക്കാട് മുണ്ടൂർ എൽ. പി. സ്കൂൾ അൺഫിറ്റാണെന്നുള്ളതുകൊണ്ട് അത് തുടരാൻ പാടില്ലെന്നു തീരുമാനിച്ചു. ഒരു വർഷക്കാലത്ത ആ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങി. അതുപോലെ നൂറു കണക്കിന് വിദ്യാലയങ്ങളുടെ മേൽക്കൂര മേയാതെ, സ്കൂളുകളിൽ അത്യാവശ്യമായ കാര്യങ്ങളും നിർവ്വഹിക്കാൻകഴിയാതെ ബുദ്ധിമുട്ടുകളനുഭവിക്കുന്നുണ്ട്. ആ സ്കൂളുകളും നല്ലനിലയിൽ പ്രവർത്തിപ്പിക്കുന്നതിന് യാതൊരു താൽപ്പര്യവുമില്ല. ഇങ്ങനെ സ്വകാര്യമുതലാളിമാരുടെ സ്ഥാപനങ്ങളിൽ ഗവൺമെൻറ് സ്കൂളുകളും നടക്കുന്നുണ്ടെങ്കിൽ അതിന് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുവേണ്ടി ഒരു താൽപ്പര്യവുമില്ല. പ്രൈമറി സ്കൂളുകളിൽ ബ്ലാക്ക്ബോർഡും ചോക്കും വാങ്ങാൻ ഇന്ന് കാശില്ല. അതിന് സാമ്പത്തിക പ്രതിസന്ധിയാണ്. സർക്കാരിന്റെ നിത്യനിദാന ചെലവുകൾ നിർവ്വഹിക്കാൻ നിർവാഹമില്ല. അതിന് സാമ്പത്തിക പ്രതിസന്ധിയാണ്. ഇങ്ങനെയൊരു സന്ദർഭത്തിലാണ് വലിയ സാമ്പത്തികബാദ്ധ്യത നമ്മുടെ ഏറ്റെടുക്കേണ്ടിവരുന്ന പ്രീ-ഡിഗ്രിബോർഡ് രൂപീകരണമുണ്ടായത്. എത്ര വലിയ പ്രതിസന്ധിയാണ് നമ്മുടെ നാട്ടിൽ അതുണ്ടാക്കുന്നതെന്ന് രാജ്യത്ത് നടക്കുന്ന സംഭവങ്ങൾകൊണ്ടുതന്നെ മനസ്സിലാകും. ഒരു ക്രമസമാധാന പ്രശ്നത്തിലേക്ക് ആ വിഷയം ഉയർന്നു വരികയാണ്. അതുയേറെ ആ കാര്യങ്ങൾ വളർന്നുവന്നിരിക്കുന്നു. വിദ്യാർത്ഥികളോ, അദ്ധ്യാപകരോ ഈ നാട്ടിലെ രക്ഷിതാക്കളോ, ജനങ്ങളോ, ആരും ഇഷ്ടപ്പെടാത്ത ഒരു പ്രീ-ഡിഗ്രിബോർഡ്, പ്രീ-ഡിഗ്രിയുടെ പരീക്ഷ കഴിഞ്ഞ് അതിന്റെ റിസൽട്ട് കൃത്യസമയത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടി രാപകലില്ലാതെ അതിലെ ജീവനക്കാർ കൂട്ടായി ശ്രമിച്ചുകൊണ്ടിരുന്നപ്പോഴും അതിന് ടോർപിഡോ വയ്ക്കുന്ന രീതിയിൽ 15-ാം തീയതി ഒരു പ്രഖ്യാപനമുണ്ടായി. ആ പ്രഖ്യാപനത്തോടുകൂടിത്തന്നെ ആകെ കീഴ്മേൽമറിഞ്ഞു. ജനങ്ങളേയും ഈ സഭയേയും തെറ്റിദ്ധരിപ്പിക്കാൻ ഇന്നലെ മന്ത്രി ചില കള്ളപ്രസ്താവനകളും നടത്തി. വൈകുന്നേരം ആറേകാലിന് പുറപ്പെടുവിച്ച പ്രീ-ഡിഗ്രി പരീക്ഷയുടെ റിസൽട്ട് എട്ടു മണിക്ക് പ്രഖ്യാപിച്ചു കഴിഞ്ഞുവെന്ന് പറഞ്ഞ് സഭയെ തെറ്റി

LIBRARY ARCHIVES Kerala Legislative Assembly

ദ്ധരിപ്പിക്കാൻ മന്ത്രി ശ്രമിച്ചു. പക്ഷേ ഇവിടെ ഒരു ക്രമസമാധാനത്തിന്റെ പ്രശ്നമായി അത് ഉയർന്നുവരുന്നു. മൃഗീയമായ പോലീസ് മർദ്ദനംകൊണ്ട് ഇതിനെ അവസാനിപ്പിക്കാൻ ശ്രമിക്കുകയാണ്. ഒരു കാര്യം ഞാൻ പറയട്ടെ. ദേശീയനയത്തിന്റെ പേരിലായാലും ദേശീയ പ്രശ്നങ്ങളുടെ പേരിലായാലും ഈ ഗവൺമെന്റിനു് ചില ബാദ്ധ്യതകളുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇവിടെ അധികാരത്തിൽവരുമ്പോഴും ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും വോട്ട് നേടിക്കൊണ്ട് വന്നവരല്ല. അവരോടൊപ്പം തുല്യസ്വാധീനമുള്ള പ്രതിപക്ഷപാർട്ടികളുണ്ട് ഇവിടെ. ദേശീയ പ്രശ്നമെന്നു പറഞ്ഞാൽ, പഞ്ചാബിന്റെ പ്രശ്നവും ആസ്സാമിന്റെ പ്രശ്നവുമൊക്കെ വന്നപ്പോഴും അത് എല്ലാ പാർട്ടികളുമായി ആലോചിച്ച് ഒരു പൊതുനയം സ്വീകരിച്ചുകൊണ്ടാണ് ശ്രീ. രാജീവ് ഗാന്ധി മുന്നോട്ടു പോയത്. ഈ കേരളാ ഗവൺമെന്റ് കേരളത്തിൽ നടപ്പിലാക്കേണ്ട ഒരു പൊതുനയത്തെക്കുറിച്ചാലോചിക്കുമ്പോഴും പ്രതിപക്ഷങ്ങളുമായിട്ട് ആലോചിക്കണം, സംഘടനകളുമായിട്ട് ആലോചിക്കണം. കാലാവധി പൂർത്തിയായി കാലും നീട്ടിക്കഴിയുന്ന ആളുകൾ ഇപ്പോൾ ഇത്ര തിരക്കിട്ട് അടിയന്തിരമായി ഈ പ്രീ-ഡിഗ്രി ബോർഡിനുവേണ്ടിയുള്ള തീരുമാനമെന്തിനെടുത്തു? മന്ത്രിയുടെ മണ്ഡലത്തിൽ ശ്രീമാൻ മാണിയുടെ മണ്ഡലത്തിൽ, ശ്രീമാൻ ജോസഫിന്റെ മണ്ഡലത്തിൽ പ്രീ-ഡിഗ്രി ബോർഡ് രൂപീകരിച്ചു കഴിഞ്ഞാൽ ഹൈസ്കൂളുകളിൽ ഈ കോഴ്സ് കിട്ടുമെന്ന് പറഞ്ഞ് ഷെഡ്ഡ് കെട്ടാൻ അനുവാദം കൊടുത്ത് ഷെഡ്ഡ് കെട്ടിയിട്ടുള്ള സ്ഥലങ്ങൾവരെയുണ്ട്. എത്രയോ മെമ്പർമാർക്ക് ഇതറിയാം. ഓഫീസ് പ്രവർത്തനങ്ങളും പോലും നടന്നിട്ടുണ്ട്. പ്രതിപക്ഷത്തേയും ഈ രാജ്യത്തെ ജനങ്ങളേയും മുഴുവൻ അവഗണിച്ചുകൊണ്ട് അവരുടെ തലയിൽ അടിച്ചേൽപ്പിക്കാമെന്ന ധാരണയിലാണ് ഇതുമായി മുന്നോട്ടു പോകുന്നതെങ്കിൽ എന്തു വില കൊടുത്തും അതിനെ നേരിടും. ഈ രാജ്യത്തെ വിദ്യാഭ്യാസം ആർക്കെങ്കിലും അടിയറവയ്ക്കുന്നതിനുവേണ്ടി ജേക്കബോ മറ്റാരെങ്കിലുമോ ശ്രമിച്ചാൽ അത് നടക്കുകയില്ല എന്ന ഉഗ്രമായ താക്കീതുമായി ജനങ്ങൾ മുന്നോട്ടുവരികയാണ്. പോലീസ് മർദ്ദനംകൊണ്ടൊന്നും അതിനെ അടിച്ചമർത്താൻ കഴിയുകയില്ല. ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണം. ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി: സർ, വിദ്യാഭ്യാസ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തിന്റെ ഇന്നത്തെ നിലപാട് കാണുമ്പോഴും, ധർണയും അതുപോലെയുള്ള ഏർപ്പാടുമൊക്കെ കാണുമ്പോഴും എനിക്ക് പറയാൻ തോന്നുന്നത് പണ്ട് മഹാഭാരതത്തിൽ പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്ത ദുശ്ശാസനന്റെ സ്ഥിതിയാണ് പ്രതിപക്ഷത്തിനിപ്പോഴുള്ളതെന്നാണ്.

'ഇത്ഥം പ്രലാപം കലർന്നോരു നേരത്തു
വസ്ത്രമഴിച്ചോളമുണ്ടങ്ങു പിന്നെയും'

എന്നുപറഞ്ഞതുപോലെ കുടുങ്ങിയ കുരുക്കിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ പ്രതിപക്ഷം ഇന്നു വിഷമിക്കുകയാണ്. അതാണ് നിയമസഭയ്ക്കകത്ത് ധർണയും അതുപോലെയുള്ള അഭ്യാസങ്ങളും ഒക്കെ പ്രയോഗിക്കാൻ അവർ മുതിരുന്നത്. ഇവിടെ പി.സി.തോമസ് മൂല്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെപ്പറ്റി പറഞ്ഞു. എന്താണ് മൂല്യം? ഇവിടെ തെരുവിലേക്ക് ഒന്ന് നോക്കിയാൽ മതി പ്രതിപക്ഷം നടത്തുന്ന സമരം കാണാം. നിലവിട്ട്, നിയന്ത്രണം വിട്ട് എന്തിനധികം, എന്തൊക്കെയാണ് വിളിച്ചുപറഞ്ഞ് നടക്കുന്നത്? എം.എൽ.എ. കാർട്ടേഴ്സിന്റെ മുമ്പിലൊന്നു നിന്നു കൂടാ. തനിഭേരണിപ്പാട്ടാണ്. അങ്ങനെ ഭേരണിപ്പാട്ടുപാടിക്കൊണ്ടിരിക്കുന്ന ആളുകളാണ് ഇവിടെവന്ന് മൂല്യങ്ങളെക്കുറിച്ച് സംസാരിക്കുന്നത്. നമ്മുടെ മുഖ്യമന്ത്രി കരുണാകരൻ.....

ശ്രീ.സി.കെ.തങ്കപ്പൻ: ബഹുമാനപ്പെട്ട മെമ്പർ ദുശ്ശാസനൻ പാഞ്ചാലിയുടെ ചേല അഴിച്ചതായിട്ട് ഇവിടെ പറഞ്ഞു. പക്ഷേ ശ്രീകൃഷ്ണന്റെ സഹായവും മാഹാത്മ്യവുംകൊണ്ട് ഒരു ചുറ്റഴിച്ചപ്പോൾ പത്തു ചുറ്റ് തിരിച്ചുചുറ്റിയതായിട്ട് മെമ്പർക്കറിയാമോ?

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി: ഞാനും അതുതന്നെയാണ് പറഞ്ഞത്. എനിക്ക് പക്ഷേ ഓട്ടംതുള്ളലറിയില്ല. മഹാഭാരതമേ അറിയുകയുള്ളൂ. ഏതായാലും ശരി നമ്മുടെ മുഖ്യമന്ത്രി കരുണാകരനൊക്കെ ഇനി കണ്ണോ കൊള്ളുകയില്ല. കാരണം അത്രക്ക് അദ്ഭുതത്തിന്റെ നാവോറാണ് നിങ്ങൾ പാടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടു മൂല്യങ്ങളെക്കുറിച്ചൊന്നും അധികം പറയാതിരിക്കുകയാണ് നല്ലത്. ഇപ്പോൾ പ്രീ-ഡിഗ്രി ബോർഡിനെതിരെയുള്ള സമരത്തിനെക്കുറിച്ച് പലരും ചോദിക്കുന്നത് എന്തിനാണ് ഈ സമരമെന്നാണ്. ആർക്കും മനസ്സിലാകുന്നില്ല. എന്തിനാണ് ഈ സമരമെന്ന്. ഒരു റിപ്പോർട്ട് കിട്ടി, ആ റിപ്പോർട്ട് പഠിക്കാൻവേണ്ടി ഒരു കമ്മീഷനെ ഏൽപ്പിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് വന്നതിനുശേഷമേ വിശദാംശങ്ങൾ അറിയുകയുള്ളൂ. ഇനി ബോർഡ് രൂപീകരണം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ആർക്കുവേണമെങ്കിലും ആ കമ്മീഷന്റെ മുമ്പിൽ പോയി പറയാൻ അവസരമുണ്ട്.

സർ, ഈ ഘട്ടത്തിൽ എന്തിനാണ് സമരം? ഇത് ആർക്കും മനസ്സിലാകാത്ത കാര്യമാണ്. എല്ലാവരും ചോദിക്കുന്ന കാര്യം ഞാൻ ചോദിക്കുന്നു എന്നേയുള്ളൂ. ഇവിടെ ഇന്ന് ശ്രീ.കെ.പി.പ്രഭാകരൻ റിസൾട്ടിന്റെ കാര്യമൊക്കെ പറഞ്ഞു. ഇത് പുരക്ക് തീ കൊളുത്തിയിട്ട് പുരപ്പുറത്തുകയറിയിരുന്നു കൂവുക എന്നു പറയുന്നതുപോലെയാണ്. ഇവിടെ വരൾച്ചയുടെ നടുവിൽവച്ച് ബോണസ് സമരം നടത്താൻ ഒരു മടിയുമില്ല പ്രതിപക്ഷത്തിന്. പരീക്ഷയുടെ നടുക്കുവച്ച് ബോർഡ് സമരം നടത്താൻ ഒരു മടിയുമില്ല. അതൊക്കെ നടത്തിയിട്ട് റിസൾട്ട് താമസിച്ചാൽ അതേക്കുറിച്ച് ഇവിടെവന്ന് വിമർശിക്കും. റിസൽട്ടിന്റെ ശതമാനം കുറഞ്ഞാൽ അതേക്കുറിച്ച് ഇവിടെ വന്ന് വിമർശിക്കും. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല എന്ന ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത നിലപാട് പ്രതിപക്ഷം ഒന്നു മാറണമെന്നാണ് എന്റെ അഭിപ്രായം. പരീക്ഷയെയെങ്കിലും സമരത്തിൽ നിന്നും ഒഴിവാക്കാനുള്ള ഒരു മര്യാദ നിങ്ങൾ കാണിച്ചിരുന്നു എങ്കിൽ നിങ്ങൾതന്നെ ആരോപിക്കുന്ന അപാകതകൾ ഇവിടെ ഉണ്ടാകുമായിരുന്നില്ല. ഈ സമരം എന്തിനാണെന്ന് പലരും ചോദിക്കുകയാണ്. ചിലർ പറയുന്നത് ലക്ചറുടെ പേര് വായാടിയാകുമെന്ന് പേടിച്ചിട്ടാണെന്നാണ്. ഈ സമരത്തിന് ആരുടെ പിന്തുണയാണുള്ളത്? നിങ്ങൾ പറയുന്നുണ്ടല്ലോ വലിയ സമരം നടക്കുന്നുണ്ടെന്ന്. കേരളം മുഴുവൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ.ടി.എം. ജേക്കബിനെതിരാണെന്ന്. പറഞ്ഞല്ലോ? കേരളം എന്നു പറഞ്ഞാൽ അപ്പുറത്തു മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

അതിൽ മുക്കാൽപങ്കുമിരിക്കുന്നത് ഇപ്പുറത്താണ്. അത് നിങ്ങൾ കണക്കിലെടുക്കണം. കേരളം മുഴുവൻ എതിരാണെന്നു പറയുന്ന ഈ സമരത്തിൽ ആരുടെയൊക്കെ പിന്തുണയാണ് നിങ്ങൾക്കുള്ളത്? ഇവിടത്തെ പത്രങ്ങളുടെ പിന്തുണയുണ്ടോ? മലയാളമനോരമയുടെ പിന്തുണയില്ല. മാതൃഭൂമിയുടെ പിന്തുണയില്ല. പ്രമുഖമായ എല്ലാ പത്രങ്ങളും അനവസരത്തിൽ അനാവശ്യമായി നടത്തുന്ന സമരമാണെന്നാണ് ഈ സമരത്തെ വിശേഷിപ്പിച്ചിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

അതുപോലെതന്നെ ഇവിടത്തെ വിദ്യാഭ്യാസ വിചക്ഷണൻമാരുടെ പിന്തുണ ഈ സമരത്തിനോ അല്ലെങ്കിൽ ഈ അഭിപ്രായഗതികക്കോ ഉണ്ടോ? ഈ സർക്കാരിനേയും മന്ത്രിമാരേയും എന്തിനും, എതിർക്കുന്ന ആളാണ് ശ്രീ.സുകുമാർ അഴീക്കോട്. അദ്ദേഹം പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ചു പറഞ്ഞ അഭിപ്രായം എന്താണ്? വിവരമുള്ളവർ പറഞ്ഞത് വിവരമില്ലാത്തവർ നടപ്പിലാക്കുമ്പോഴുള്ള കുഴപ്പമാണ് എന്നാണ്. എന്നു പറഞ്ഞാൽ പ്രീ-ഡിഗ്രി ബോർഡ് എന്ന ആശയം പറഞ്ഞവർ വിവരമുള്ളവരാണെന്ന് അദ്ദേഹം സമ്മതിക്കുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ അഭിപ്രായവും വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിൽ പറഞ്ഞ അഭിപ്രായവും തമ്മിൽ വ്യത്യാസപ്പെടുന്നില്ല. പ്രീ-ഡിഗ്രി തലം അതായത് പ്ലസ് ടു തലം ഒരു ട്രാൻസിഷൻ പീരിയേഡ് ആണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് സമ്മതിച്ചു. അതുപോലെ വൊക്കേഷണൽ ഇൻപുട്ട്സ് കൂടുതൽ ഇൻഡക്ട് ചെയ്തുകൊണ്ട് ഈ കോഴ്സിനെ ഡൈവേഴ്സിഫൈ ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ മറ്റൊരു അഭിപ്രായം. അതാണ് ലക്ഷ്യമെന്ന് കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതുപോലെ വിദ്യാഭ്യാസ നിലവാരം ഉയർത്തണമെന്നു പറഞ്ഞു. അതാണ് ഇതിന്റെ പ്രധാന ലക്ഷ്യമെന്ന് കഴിഞ്ഞദിവസം മന്ത്രി ഇവിടെ പറയുകയുണ്ടായി. പ്ലസ് ടു രംഗം കഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് അവനവന്റെ നിലയ്ക്ക് മറ്റു വല്ല ജോലിക്കോ കാര്യങ്ങൾക്കോ നിങ്ങിപ്പോകാനുള്ള ആ ലക്ഷ്യമാണ് പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് പണ്ടു ചിന്തിച്ചവരൊക്കെ പറഞ്ഞത് എന്നാണ് അദ്ദേഹം പറയുന്ന മറ്റൊരു കാര്യം. അതും വിദ്യാഭ്യാസ വകുപ്പു മന്ത്രി സമ്മതിച്ചു. അതിനൊക്കെ പുറമേ പ്രൊഫ.ജോസഫ് മുണ്ടശ്ശേരി ഇതേക്കുറിച്ച് വളരെ ആധികാരികമായി എഴുതിയിട്ടുണ്ട്. 'വിദ്യാഭ്യാസ പരിഷ്ക്കാരം—ചില പ്രായോഗിക നിർദ്ദേശങ്ങൾ' എന്നുള്ള അദ്ദേഹത്തിന്റെ ലഘുലേഖയിൽ പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ചുതന്നെ പറയുന്നുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റേയും ഉന്നത വിദ്യാഭ്യാസത്തിന്റേയും നിലവാരമുയർത്താൻവേണ്ടി അതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം വളരെ വിശദമായി വിശകലനം ചെയ്ത് എഴുതിയ കൂട്ടത്തിലാണ് ഏറ്റവും പ്രധാനമായും മർമ്മ പ്രധാനവുമായി അദ്ദേഹം നിർദ്ദേശിക്കുന്നത് പ്രീ-ഡിഗ്രി വിദ്യാഭ്യാസം സെക്കണ്ടറി തലത്തിലേക്ക് അതായത് സ്കൂൾ തലത്തിലേക്ക് കൊണ്ടു വരികയും അത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുകയും ചെയ്യണമെന്നുള്ളത്. അതിന് പല കാരണങ്ങളും അദ്ദേഹം പറയുന്നുണ്ട്. എസ്.എസ്.എൽ.സി. കഴിഞ്ഞ് പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക് പ്രായം കുറവായതുകാരണം അവർക്കു വേണ്ടത്ര പക്വത വരാത്തതുകൊണ്ട് ഒരു ജോലിയിൽ പ്രവേശിക്കാനായിട്ടുള്ള കെൽപ്പ് അവർക്ക് കിട്ടുന്നില്ല. അദ്ദേഹത്തിന്റെ പുസ്തകത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

6–ാമത്തെ ഖണ്ഡികയിലുള്ള ചില ഭാഗങ്ങളും ഞാൻ വായിക്കുകയാണ്. പ്രീ-ഡിഗ്രി കോഴ്സ് ഹയർ സെക്കണ്ടറി കോഴ്സാക്കി മാറ്റി സെക്കണ്ടറി വിദ്യാഭ്യാസത്തെ സ്വയം സമ്പൂർണ്ണമാക്കുക എന്നാണ് അതിന്റെ ഹെഡ്ഡിംഗ് തന്നെ. ഇന്ന് പത്തുപതിനൊന്നുകൊണ്ട് അവസാനിക്കുന്ന സെക്കണ്ടറി സ്ക്കൂൾ കോഴ്സ് സ്വയം സമ്പൂർണ്ണമായ ഒന്നല്ല. അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുപോലെ കോളേജിലേയ്ക്കുള്ള ഒരു പടിവാതിലായിട്ടേ എസ്.എസ്.എൽ.സി. പരീക്ഷാ സർട്ടിഫിക്കറ്റ് ഉപകരിക്കൂ എന്നാണെല്ലാ പറഞ്ഞിട്ട് അദ്ദേഹം പറയുന്നത് പ്രീ-ഡിഗ്രി ക്ലാസ്സുകളെ സെക്കണ്ടറി സ്ക്കൂൾ ക്രമത്തിൽ പഠിപ്പിക്കുവാൻ ഉതകുന്നതരത്തിൽ ഒന്ന് അഴിച്ചുകൂട്ടുകയെന്നുള്ളതാണ് പ്രധാന നിർദ്ദേശങ്ങളിൽ ഒന്ന് എന്ന്. എന്നിട്ട് അദ്ദേഹം പറഞ്ഞിരിക്കുന്നത് ഇങ്ങനെ പുനഃസംഘടിപ്പിക്കുന്ന പ്രീ-ഡിഗ്രി കോഴ്സിനെ അഥവാ ഹയർ സെക്കണ്ടറി കോഴ്സിനെ സംബന്ധിക്കുന്ന അക്കാഡമിക്കായ എല്ലാ കാര്യങ്ങളുടേയും നിയന്ത്രണം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനേയും യൂണിവേഴ്സിറ്റിയുടേയും പ്രതിനിധികളടങ്ങിയ ഒരു സ്വതന്ത്ര ഭരണ സമിതിയെ ഏൽപ്പിക്കുക. ഇത് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി പറഞ്ഞതാണ്. അതുപോലെ എല്ലാ വിദ്യാഭ്യാസ വിചക്ഷണൻമാരും പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിന് അനുകൂലമായി മാത്രമേ ഇവിടെ അഭിപ്രായപ്രകടനം നടത്തിയിട്ടുള്ളൂ. പിന്നെ ഏതു വിദ്യാഭ്യാസ വിചക്ഷണൻമാരുടെ പിന്തുണയാണ് ഇനി വേണ്ടാ എന്നു പറയുന്ന കാര്യത്തിലുള്ളത്?

സർ, അതുപോലെതന്നെ അഖിലേന്ത്യാ മൽസരപ്പരീക്ഷകളുടെ കാര്യത്തിൽ കേരളത്തിലെ കുട്ടികൾക്ക് വലിയ സ്ഥാനമൊന്നും കിട്ടുന്നില്ല. പഴയകാലത്ത് അങ്ങനെയായിരുന്നില്ല. എന്നാൽ വല്ല കേരളീയനും അഖിലേന്ത്യാതലത്തിലുള്ള ഏതെങ്കിലും മൽസരപ്പരീക്ഷകളിൽ ജയിച്ചുവരുന്നുണ്ടെങ്കിൽ അത് കേരളത്തിൽ പഠിച്ചിട്ടില്ലായെന്നു നമ്മൾ മനസ്സിലാക്കണം. ഇങ്ങനെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരവും അതുപോലെതന്നെ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവാരവും വളരെയധികം താഴ്ന്നുപോയ, ഒന്നിനും ഉപകരിക്കാത്ത ഒരു സ്ഥിതി നിലനിൽക്കുമ്പോൾ അതിന് പരിഹാരമുണ്ടാക്കാൻ ഒരു വിദ്യാഭ്യാസ പരിഷ്ക്കാരം കൊണ്ടുവന്നാൽ അതിനോടു പ്രതികരിക്കേണ്ടത് ഈ രൂപത്തിലാണോ? ഇവിടെ യൂണിവേഴ്സിറ്റി ജീവനക്കാർ പറയുന്നത് ബോർഡ് മാത്രമല്ല ഓപ്പൺ യൂണിവേഴ്സിറ്റിയും വേണ്ടാ എന്നാണ്. അവർ വല്ല പാരലൽ കോളേജിലോ മറ്റു വല്ലയിടത്തുമോ പോയി പഠിച്ചോട്ടെ, ഇവിടെ ഒന്നും വേണ്ട. ജീവനക്കാർക്ക് അവരുടെ താൽപര്യം മാത്രമേയുള്ളൂ. സർവ്വകലാശാലകളും ഞാനും ബാക്കിയെല്ലാവരും മതിയെന്നു പറയുന്ന സമീപനം ഈ രാജ്യത്തോട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിന് എടുക്കാൻ കഴിയുമോ? അല്ലെങ്കിൽ പ്രതിപക്ഷത്തിന് എടുക്കാൻ കഴിയുമോ? അതുപോലെതന്നെ മറ്റൊരു കാര്യം എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പലരും പറഞ്ഞതാണ്. അതിൽ പറഞ്ഞിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യവും പ്രീ-ഡിഗ്രി ബോർഡ് എന്ന ആശയമാണ്. പിന്നെ എന്തുകൊണ്ടാണ്, എവിടെനിന്നാണ്, എന്തു കാരണത്താലാണ് ഈ എതിർപ്പ് വന്നതെന്നുള്ള കാര്യം ഒരുനിലയ്ക്കും എനിക്കു മനസ്സിലാകുന്നില്ല. മറ്റു സ്റ്റേറ്റുകളെ താരതമ്യപ്പെടുത്തി നോക്കിയാലും ഇതിന് വല്ല ന്യായീകരണമുണ്ടോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഭരണമാണ് പശ്ചിമബംഗാളിൽ. അവിടെ പ്ലസ് ടു

LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായമില്ലേ? അവിടെ 'പ്രസ്' ടു സംവിധാനം പ്രത്യേക സംവിധാനത്തിൻ കീഴിലാണ്. അതുപോലെ ഇത് യൂണിവേഴ്സിറ്റിയുടെ രോഗമാണ് എന്ന് ഒരാളും എവിടേയും പറഞ്ഞിട്ടില്ല. യു.ജി.സി. സമ്മതിക്കുന്നില്ല. അവർ ഗ്രാന്റ് കൊടുക്കുന്നുമില്ല. പിന്നെ എങ്ങിനെ നോക്കിയാലും ശരി പ്രീ-ഡിഗ്രി വിദ്യാഭ്യാസം കലാശാലയിൽ നിന്ന് ഡീലിങ്ക് ചെയ്തേ മതിയാവൂ.

ശ്രീ.എസ്.ഗോവിന്ദക്കുറുപ്പ്: രേണപക്ഷത്തുനിന്നു പ്രസംഗിക്കുന്ന മുഴുവൻ ആളുകളും ബഹുമാനപ്പെട്ട പി.കെ.കുഞ്ഞാലിക്കുട്ടിയും പ്രസംഗിക്കുമ്പോഴും ഒരു കാര്യം പറയുന്നില്ല. കേരളത്തിലെഴിച്ച് ബഞ്ചാവിൽനിന്ന് അദ്ധ്യാപകർക്കും മാനേജുമെന്റിനും ഇതുപോലെ ആനുകൂല്യം നൽകുന്ന ഏതെങ്കിലും ഒരു സംസ്ഥാനം ഇൻഡ്യയിൽ മറ്റെവിടെയെങ്കിലുമുണ്ടോ?

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി: ഞാൻ അത് വിശദമായി പറയുന്നില്ല. പശ്ചിമ ബംഗാളിൽ ഇതേ സമ്പ്രദായങ്ങളുണ്ട്. അപ്പോഴും എതിർക്കുന്നത് മറ്റു പല കാരണങ്ങളാലുമാണ് എന്നാണ് ശ്രീ.എസ് ഗോവിന്ദക്കുറുപ്പിന്റെ വാദത്തിൽനിന്ന് മനസ്സിലാകുന്നത്. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള റസക്കണ്ടറി വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും ഒരുപോലെ മെച്ചപ്പെടുത്താനുള്ള നടപടിയെന്നുള്ള എന്റെ വാദം ശ്രീ.എസ്.ഗോവിന്ദക്കുറുപ്പ് അംഗീകരിച്ചു. ഇവിടെ പ്രൈവറ്റും മാനേജുമെന്റുമൊക്കെ നിലനിൽക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ലെന്നാണോ പറയുന്നത്. ഞാൻ പറയുന്നത് ത്രിശങ്കു സ്ഥിതിയിൽ ഇതൊന്നും ഒരുകാലത്തും നിർത്താൻ സാധിക്കുകയില്ല. അതുകൊണ്ട് ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് പോകുകയേ മതിയാവുകയുള്ളൂ. പിന്നെ ഒരുവിധ ഡിസ്ലൊക്കേഷനും ഇതുകൊണ്ടുവരികയില്ലായെന്ന് എത്ര ആവർത്തിച്ചാണ് സർ, ഈ ഗവൺമെന്റ് വ്യക്തമാക്കിയത്. ഇന്ന് ഇപ്പോൾ ചർച്ച നടത്താമെന്നുള്ള ഒരു രൂപമുണ്ടായതായി പറഞ്ഞു. ചർച്ച നടത്തുകയില്ലായെന്ന് ഗവൺമെന്റ് ഒരിക്കലും പറഞ്ഞിട്ടില്ല. അതുകൊണ്ട് എല്ലാ നിലയ്ക്കും ഒരു സാധാരണക്കാരന്റെ പോയിന്റ് ഓഫ് വ്യൂവിൽ നോക്കിയാലും 12-ാം ക്ലാസ് വരയുള്ള ക്ലാസ്സും ടീച്ചിംഗ് ഈ സംസ്ഥാനത്ത് വരാതിരുന്നാൽ നമ്മുടെ സാമാന്യ വിദ്യാഭ്യാസം മെച്ചപ്പെടുകയില്ലായെന്നു മാത്രമല്ല വിദ്യാർത്ഥികൾക്ക് ഒരു മെച്ചവും ഉണ്ടാകുകയില്ല. കോളേജ് ഗ്രാന്റ്മിഷനുവേണ്ടി നെട്ടോട്ടമോടി അവസാനം അവർ ചെന്നു കയറുന്നത് വല്ല പാരലൽ കോളേജുകാരുടെയാലുള്ള തൊഴുത്തുകളിലാണ്. അതുകൊണ്ട് ഞങ്ങളോട് ഉത്തരവാദിത്വമുള്ള നമ്മളെ സംബന്ധിച്ചിടത്തോളം ഇതിനെ എതിർക്കാൻ സാധിക്കുകയില്ല. മനുഷ്യശക്തി വികസനം ഇന്ന് ഇൻഡ്യയിൽ വളരെ മർമ്മ പ്രധാനമായ ഒരു കാര്യമായി നമ്മുടെ ദേശീയ വിദ്യാഭ്യാസ നയത്തിൽ അംഗീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിൽ അതിനതിരായി മുഖംതിരിഞ്ഞിരിക്കാൻ സാധിക്കുകയില്ല. എനിക്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ഒന്നേ പറയാനുള്ളൂ. ഏതു പ്രസ്ഥാനവും ഒരു ഘട്ടത്തെത്തിയാൽ ഒന്നു മുരടിക്കും. ആ മാതിരി ഒരു മുരടിപ്പ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയെപ്പോലുള്ള പുരോഗമന കക്ഷികൾക്ക് വന്നിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുകയാണ്? അതല്ലായെന്നുണ്ടെങ്കിൽ ഇത്രയും പ്രോഗ്രസ്സീവായ നടപടിയെ ഒരിക്കലും അനുകൂലിക്കാതിരിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നില്ല. ഇ.എം.എസിനെപ്പറ്റി സാധാരണക്കാർ ഞങ്ങളുടെ നാട്ടിലൊക്കെ പറയാറുണ്ട് കമ്മ്യൂണിസ്റ്റ് മൊല്ലാക്കയാണെന്ന്. അത്ര യാഥാസ്ഥിതിക സ്വഭാവമുള്ള മുരടിച്ചുപോയ ഒരു സ്ഥിതിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതെന്ന് എനിയ്ക്ക് തോന്നിപ്പോകുകയാണ്.

ശ്രീമതി.കെ.ആർ.ഗൗരി: പ്രീ-ഡിഗ്രി ബോർഡ് വരുന്നതു കൊണ്ട് എന്താ പുരോഗതി, എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി: ഞാൻ ഇത്രയും നേരം പറഞ്ഞത് അതാണ്. ഇപ്പോൾ ജോസഫ് മുണ്ടശ്ശേരിയേയും തള്ളിക്കളഞ്ഞാ? പ്രൊഫ.ജോസഫ് മുണ്ടശ്ശേരിയുടെ പുസ്തകത്തിലെ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്.

ശ്രീ.പി.സീതിഹാജി: സർ, ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭയിൽ ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രിയായിരുന്ന കാലത്ത് നാലാം പഞ്ചവൽസരപദ്ധതിക്കുവേണ്ടി ബദൽരേഖയുണ്ടാക്കി ഇൻഡ്യയിൽ പല പ്രഗൽഭൻമാരെക്കൊണ്ടും എഴുതിച്ചു. അങ്ങനെ എഴുതിച്ച കൂട്ടത്തിൽ പ്രൊഫ.ജോസഫ് മുണ്ടശ്ശേരി പ്രീഡിഗ്രി ബോർഡ് വിദ്യാഭ്യാസം വേണമെന്ന് എഴുതിയത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീമതി.കെ.ആർ.ഗൗരി: സർ, അന്ന് ഒരു ആംട്ടർനേറ്റ് പ്ലാൻ വന്നതിന്റെ കൂട്ടത്തിൽ പ്രൊഫ.ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ രംഗത്തു നടക്കേണ്ടതായിട്ടുള്ള മാറ്റങ്ങളെപ്പറ്റി പറഞ്ഞു. അപ്പോൾ പ്ലസ് ടുവിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷേ അതിനുമുമ്പ് എടുക്കേണ്ടതായിട്ടുള്ള നടപടികളെ സംബന്ധിച്ച് ശ്രീ.പി.സീതിഹാജിയും വായിച്ചിട്ടില്ല, ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടിയും വായിച്ചിട്ടില്ല. പ്ലസ് ടുവിനു മുമ്പ് എട്ടാംക്ലാസ്സിൽ നടക്കേണ്ടതെങ്ങിനെ, ഒന്നാംക്ലാസ്സിൽ നടക്കേണ്ടതെങ്ങിനെ, അങ്ങനെ വിദ്യാഭ്യാസത്തിൽ ഏതുവിധത്തിൽ വ്യതിയാനം വരുത്താമെന്നുള്ള തൊക്കെ സംബന്ധിച്ച് ആംട്ടർനേറ്റ് പ്ലാൻ ഉണ്ട്. അതിനകത്തു നിന്ന് പ്ലസ് ടു എന്ന ഒരു സംഗതി മാത്രം അടർത്തിയെടുത്തു പറഞ്ഞിട്ടെന്താ കാര്യം?

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി: ഗൗരിയമ്മ പറഞ്ഞതു ശരിയാണ്. അതിന് മറ്റു പല വശങ്ങളുമുണ്ട്. പക്ഷേ പ്രൊഫ. മുണ്ടശ്ശേരിയുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള മർമ്മപ്രധാനമായ ഒരു കാര്യം പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുക എന്ന ആശയമാണെന്നതിൽ യാതൊരു തർക്കവുമില്ല. ഇപ്പോൾ കമ്മ്യൂണിസത്തിലൊക്കെ വളരെ പ്രോഗ്രസ്സീവായ നിയമങ്ങളൊക്കെയുണ്ട്. പിന്നെ ഈ നടപടിയെ അവർ എതിർക്കുന്നതുകൊണ്ട് മഹാഭാരതത്തിലെ ഒരുവാക്കു കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'ചപലൻമാരിത്ഥം പറകെന്നു ശീലം, കപടവും ചതിയൊഴിഞ്ഞു മാറുമോ' എന്നുമാത്രമേ എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളൂ.

ശ്രീ.വി.സി.കബീർ: സർ, വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്നീ വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി മുതൽ വിദ്യാഭ്യാസ സെക്രട്ടറി,

LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.ഐ., എ.ഇ.ഒ.വരെ ഇന്ന് ഒരു സ്ഥലജലഭ്രമത്തിലാണ്. എന്തുചെയ്യണം എങ്ങനെ ചെയ്യണം എപ്പോൾ ചെയ്യണമെന്നൊന്നു മറിയാതെ പണ്ട് ദുര്യോധനന്റെ കൂടെപ്പോയ കൗരവൻമാരുടെ സ്ഥിതിയാണോയെന്ന് എനിക്കറിയില്ല. അങ്ങോട്ടുമിങ്ങോട്ടും ഓടുകയും ബഹളമുണ്ടാക്കുകയുമൊക്കെ ചെയ്യുകയാണ്. ബഹുമാനപ്പെട്ട ജേക്കബ് വിദ്യാഭ്യാസ വകുപ്പു മന്ത്രിയായതിനു ശേഷം തേനീച്ചക്കൂട്ടിൽ കല്ലെറിയുകയെന്നുള്ളത് അദ്ദേഹത്തിന്റെ ഒരു വിനോദമായിരിക്കുകയാണ്. എല്ലാവർഷവും സ്കൂൾ തുറക്കുമ്പോൾ ഓരോ ബുദ്ധിമുട്ടുകൾ അദ്ദേഹം വിളിച്ചുവരുത്തുന്നു. വളരെവർഷങ്ങളായി അങ്ങ് പഠിച്ചിരുന്നകാലം മുതൽ നമ്മുടെ സ്കൂളുകളിൽ എ.ഇ.ഒ. മാർ വന്ന് കുട്ടികളെ എണ്ണിനോക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ സമ്പ്രദായത്തെ മാറ്റി മറിച്ചു. അതിനെത്തുടർന്ന് വലിയ കുഴപ്പമായി. അദ്ധ്യാപകൻമാർ സമരത്തിലായി. തോന്നുമ്പോൾ തോന്നുന്നത് ചെയ്യണമെന്നു പറഞ്ഞാൽ അദ്ധ്യാപകൻമാർക്ക് അനുസരിക്കാൻ ബുദ്ധിമുട്ടാണ്. കരിമ്പിൻകാട്ടിൽ ആനകയറിയതുപോലെ തോന്നിയതൊക്കെ ചെയ്യാൻ ഞങ്ങൾക്കഭിമാനമില്ലേയെന്നാണവരുടെ ചോദ്യം. അതുകൊണ്ട് അദ്ധ്യാപകൻമാർ സമരം ചെയ്തു. ആ സമരത്തിൽ അവസാനം ഗവൺമെൻറ് മുട്ടുമടക്കി. അതുകഴിഞ്ഞ് കുറച്ചുദിവസങ്ങൾക്കുശേഷം പറയുന്നു വർക്കിംഗ് ഡേയ്സ് ഇൻക്രീസ് ചെയ്തുവെന്ന്. 200 വർക്കിംഗ് ഡേയ്സ് 240 ആക്കി അടിച്ചേൽപ്പിച്ചു. അപ്പോഴും സമരം ചെയ്തു. അതുപോലെതന്നെ മന്ത്രിയുടെ സ്വന്തക്കാർക്കും ബന്ധുക്കൾക്കും പാർശ്വവർത്തികൾക്കുമൊക്കെ ഇഷ്ടംപോലെ തരാതരം സ്കൂളുകൾ അനുവദിച്ചുകൊടുത്തു. 8,000 അദ്ധ്യാപകൻമാർ പുറത്തുപോയി. അവരെ തെരുവിലിറക്കി. ഈ സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപക സംഘടനകളും സമരം ചെയ്തു. ആ സമരത്തിന്റെ ഫലമായി അവിടെയും ഈ ഗവൺമെൻറിന് മുട്ടുമടക്കേണ്ടിവന്നു. ആ അദ്ധ്യാപകൻമാരെ സംരക്ഷിക്കുവാൻ അവസാനം ഗവൺമെൻറ് സന്നദ്ധമായി. അവർക്കൊക്കെ റപ്രാട്ടക്ഷൻ കൊടുക്കാമെന്ന് ഗവൺമെൻറ് സമ്മതിച്ചു. അതിനു ശേഷം സഹകാര്യമേഖലയിൽ പോളിടെക്നിക്കുകളും അനുവദിക്കുന്നു എന്നും പറഞ്ഞു. അതിന്റെ പേരിൽ വീണ്ടും സമരമായി. അങ്ങനെ സമരത്തോടു സമരത്തിലാണ് വിദ്യാഭ്യാസരംഗം. ഇപ്പോഴത്തെന്ന സ്ഥിതിയെന്താണ്? നിയമസഭയ്ക്കകത്തും പുറത്തും കണ്ടില്ലേ? നാളെ എന്താണ് നടക്കാൻ പോകുന്നതെന്ന് എനിക്കറിയില്ല.

മറ്റൊന്ന് പറയാനുള്ളത് പാഠപുസ്തകങ്ങളുടെ വിലകൂട്ടിയതിനെപ്പറ്റിയാണ്. അങ്ങയുടെ വീട്ടിലുള്ളവരും ഈ സഭയിലെ മുഴുവൻ ആളുകളുടെ വീട്ടിലുള്ളവരും അനുഭവിച്ച ഒരു കാര്യമാണ്. മണ്ണണ്ണ കിട്ടാത്തതുപോലെ, റേഷൻ കിട്ടാത്തതുപോലെയുള്ള ഒരവസ്ഥയായിരുന്നു. എന്തിനാണ് ഈ പാഠപുസ്തകങ്ങളുടെ വിലകൂട്ടിയത്? എത്രശതമാനമാണ് കൂട്ടിയത്? 100 ശതമാനം. ഒരുരൂപവിലയുണ്ടായിരുന്ന പുസ്തകത്തിന് രണ്ടുരൂപയാക്കി. കടലാസിന് വില കൂടിയോ? മഷിക്ക് വില കൂടിയോ? അച്ചടിക്കൂലി കൂടിയോ? എന്തെങ്കിലും കൂടിയോ? കൂടിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അത് ഞാൻ വിശ്വസിക്കുന്നില്ല. എന്നിട്ട് ഇപ്പോൾ ഒരു തീരുമാനമെടുത്തിരിക്കുന്നതെന്താണെന്നറിയാമോ? വിദ്യാർത്ഥികളും രക്ഷാകർത്താക്കളും നമ്മളുമല്ലാം ബഹളം കൂട്ടിയതിന്റെ ഫലമായിട്ട് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് പുതിയ പുസ്തകത്തിന്റെ (പുതിയപുസ്തകമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ ഇപ്പോൾ റിപ്രിൻറ് ചെയ്ത പുസ്തകത്തിൻറെ) കൂട്ടിയ വിലയുടെ 50 ശതമാനം കുറച്ചിരിക്കുന്നുവെന്നാണ്. ഖാദി ബോർഡിൽ ഒരു തട്ടിപ്പുണ്ട്. റിബേറ്റ് സമയത്ത് മുണ്ടിൻറെ വില 25 രൂപയെന്നുള്ളത് 30 രൂപയാക്കും. എന്നിട്ട് 25 ശതമാനം വില കുറിച്ചിരിക്കുന്നു എന്ന് പറയുന്ന ഏർപ്പാടുണ്ട്. അതുപോലെ കൂട്ടിയവിലയുടെ 50 ശതമാനം കുറച്ചുവെന്നാണ് പറയുന്നത്. അതുതന്നെ എപ്പോഴാണ് കുറച്ചത്. നാലഞ്ചു ദിവസമേ ആയിട്ടുള്ളു ഓർഡർ ഇറക്കിയിട്ട്. അപ്പോഴേക്കും 95 ശതമാനം കുട്ടികളും പുസ്തകങ്ങൾ വാങ്ങിക്കഴിഞ്ഞു. ആ കുട്ടികൾക്ക് പൈസ തിരിച്ചുകിട്ടുകയില്ല. ആളുകളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കുട്ടികൾ സ്കൂളിൽ പോകുന്നില്ലേ? അതുകൊണ്ട് അങ്ങയുടെ കുട്ടികൾക്കും ആ കാശ് തിരിച്ചുകിട്ടണം. വർദ്ധിപ്പിച്ച മുഴുവൻ പൈസയും തിരിച്ചുകിട്ടാനുള്ള നടപടികൾ സ്വീകരിക്കണം.

അതുപോലെതന്നെ പ്രീ-ഡിഗ്രി ബോർഡിനെപ്പറ്റി ഇപ്പോൾ ഇവിടെ വിശദമായ ചർച്ചകൾ നടക്കുകയാണ്. ആവശ്യമില്ലാത്ത ധൃതിയെടുത്ത് ഒരു കുഴപ്പം വലിച്ചുവരുത്തുന്നുവെന്നാണ് എൻറെ അഭിപ്രായം. ഞാനും ഒരദ്ധ്യാപകനാണ്. അദ്ധ്യാപകൻറെ കാര്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും ഞങ്ങൾ എതിരല്ല. വിദ്യാഭ്യാസ സമ്പ്രദായത്തിനും ഞങ്ങൾ എതിരല്ല. പക്ഷേ അതിനാവശ്യമായ ചർച്ചകൾ നടത്തി ഉഭയകക്ഷി ചർച്ചകളിലൂടെ നടപ്പിലാക്കേണ്ട ഒരുകാര്യം പെട്ടന്ന് ഉണ്ടിരിക്കുന്ന ഒരാൾക്ക് വിളികേട്ടതുപോലെയായിപ്പോയിയെന്നാണെൻറെ അഭിപ്രായം. ഇങ്ങനെയുള്ള നടപടികളെടുത്തതിൻറെ ഫലമായി ഇന്ന് രാജ്യമൊട്ടാകെ കത്തിജ്വലിക്കുകയാണ്. പി.സി.ജോർജ് എന്തുപറഞ്ഞാലും എനിക്ക് യാതൊരു വിരോധവുമില്ല.

ശ്രീ.പി.സി.ജോർജ്: ഞാൻ ഒന്നും പറഞ്ഞിട്ടില്ല സർ.

ശ്രീ.വി.സി.കബീർ: എങ്കിൽ പ്രശ്നമില്ല. അദ്ധ്യാപക പ്രസ്ഥാനം (കെ.ജി.പി.ടി.എ.) ഇന്ന് സെക്രട്ടേറിയറ്റിൻറെ മുമ്പിൽ ഒരു ധർണ നടത്തുകയാണ്. ആ അദ്ധ്യാപകൻമാർക്ക് ധാരാളം പ്രശ്നങ്ങളുണ്ട്. ഒരു നിയമനിർമ്മാണംവഴി എല്ലാ അദ്ധ്യാപകൻമാരെയും സ്ഥിരപ്പെടുത്തണമെന്ന് ഞങ്ങൾ പറഞ്ഞതാണ്. മാനേജ്മെൻറ് തോന്നിയതുപോലെ അദ്ധ്യാപകരുടെ ടേൽ കുതിരകയറുകയാണ്. ആ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കണമെന്ന് പലപ്രാവശ്യം പറഞ്ഞതാണ്. 1980 മുതൽ സർവ്വീസിലിരിക്കുന്ന ടി.സി.എച്ച്.കാരെ മുഴുവൻ സ്ഥിരപ്പെടുത്തേണ്ടതാണ്. അവർക്ക് ശമ്പളം നൽകണം. സർവ്വീസിലിരിക്കെ മരണമടഞ്ഞ സഹകാര്യസ്ഥൻമാരുടെ ആശ്രിതർക്ക് ജോലി നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കണം. അദ്ധ്യാപകൻമാരായ ഞങ്ങളൊക്കെ പി.എഫ്-ൽ പണമടയ്ക്കുന്നവരാണ്. അതിൽനിന്ന് അത്യാവശ്യത്തിന് പത്തുപൈസ കടമെടുക്കാൻ പോയാൽ കിട്ടില്ല. അതിന് അവിടെ കടലാസുകൾ ഇല്ല, നോക്കാൻ ആളില്ല. കിളിറയഴിഞ്ഞ കൂടുപോലെയാണ് ഡി.പി.ഐ. ഓഫീസിലെ പി.എഫ്.ഡിപ്പാർട്ടുമെൻറിൻറെ സ്ഥിതി. നമ്മുടെ കുട്ടികളുടെ കല്യാണത്തിനോ വീടുവയ്ക്കുന്നതിനോ അടിയന്തിരത്തിനോ പത്തുപൈസയെടുക്കാമെന്നുവച്ചാൽ ക്രെഡിറ്റ് കാർഡ് ഇല്ല. ഞാൻ ഇതുസംബന്ധിച്ച് പല പ്രാവശ്യം മന്ത്രിയോട് പറഞ്ഞതാണ്. എൻറെ സ്വന്തം അനുഭവം പറഞ്ഞു; എനിക്ക് പി.എഫ്.-ൽ അയ്യായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly

രൂപയുണ്ട്. അത്യാവശ്യമായിട്ട് അതിൽനിന്ന് കടമെടുക്കാൻ ഞാൻ ശ്രമിച്ചപ്പോഴും എനിക്കതിന് സാധിച്ചില്ല. ഇത് അപമാനകരമല്ലേ? ഞങ്ങളുടെ പണമാണ്. ഞങ്ങൾക്ക് കിട്ടണം. ഈ രൂപ നിധികാക്കുന്നതു പോലെ ഡി.പി.ഐ. ഓഫീസിൽ ആരെങ്കിലും സൂക്ഷിച്ചാൽ മതിയോ? അദ്ധ്യാപകൻമാരായ ഞങ്ങൾക്ക് അതിൽ പ്രതിഷേധമുണ്ട്. ആ പി.എഫ്.അടിയന്തിരമായി കിട്ടാനുള്ള, ക്രെഡിറ്റ് കാർഡെങ്കിലും അടിയന്തിരമായി കിട്ടാനുള്ള സംവിധാനമേർപ്പെടുത്തണമെന്നഭ്യർത്ഥിക്കുന്നു.

ഇപ്പോൾ പുതിയ സിലബസ് വന്നു. പുതിയ സിലബസ് വന്നപ്പോൾ പഠിപ്പിക്കാൻ അദ്ധ്യാപകൻമാർക്കറിയില്ല. സർ, പുതിയ പുതിയ സിലബസ് അടിച്ചേൽപ്പിക്കുകയാണ്. വെളിയിൽ നിന്ന് കമ്പ്യൂട്ടർ സിസ്റ്റം വരുകയല്ലേ? നിലാവ് വെട്ടത്ത് കോഴിയെവിട്ടതു പോലെയാണ് അദ്ധ്യാപകൻമാർ ഇരിക്കുന്നത്. എന്താണ് പഠിപ്പിക്കേണ്ടതെന്ന് അവർക്ക് അറിഞ്ഞുകൂടാ. ഒരു ഹാൻഡ്ബുക്ക് കൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ആ ഹാൻഡ്ബുക്ക് ഇനിറയെങ്കിലും കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. എന്റെ നിയോജകമണ്ഡലമായ ഒറ്റപ്പാലത്ത് ഒരു ഗവൺമെന്റ് ഹൈസ്കൂളുണ്ട്. ഭൂരിപക്ഷവും മുസ്ലിംകുട്ടികളും പഠിക്കുന്ന ഒരു സ്കൂളാണ്. ആ സ്കൂളിന് സ്വന്തമായി കെട്ടിടമില്ല സർ. ഒരു കെട്ടിടമുണ്ടാക്കിക്കൊടുക്കണമെന്ന് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരോടെല്ലാം പറഞ്ഞതാണ്. ശ്രീമാൻ ജേക്കബിനോടും പറഞ്ഞു. അദ്ദേഹം അത് ചെയ്യുമെന്ന വിശ്വാസമെനിക്കില്ല. എന്നാലും എന്റെ ധർമ്മത്തിനുവേണ്ടി പറയുന്നുവെന്നുമാത്രം.

സർ, നമ്മുടെ എൻസൈക്ലോപീഡിയായിൽ ഒരു വെള്ളായണി അർജ്ജുനൻ ഉണ്ട്. 50 ലക്ഷം രൂപയുടെ കൃത്രിമം നടത്തിയിട്ടുണ്ട്. അവിടെ 50 ആളുകളെ പുതിയതായി നിയമിച്ചു. അതിൽ ഒരു ഹരിജൻ പോലുമില്ല. കണ്ടവർക്കെല്ലാം ജോലികൊടുക്കുകയാണ്. ഇതിനെപ്പറ്റി അന്വേഷണം നടത്തണം. അന്വേഷണം നടത്തണമെന്ന് പി.എ.സി. റെക്കമെൻഡ് ചെയ്തതാണ്. സാംസ്കാരിക വകുപ്പിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട കുഞ്ഞൻനമ്പ്യാരുടെ ജൻമ സ്ഥലം എന്റെ നിയോജകമണ്ഡലത്തിലെ ലക്കിടിയിലാണ്. അത് അങ്ങേക്കുമറിയാവുന്നതാണ്. അങ്ങ് ആ പ്രദേശത്ത് വന്നിട്ടുള്ളയാളാണ്. ബഹുമാനപ്പെട്ട കുഞ്ഞൻനമ്പ്യാരുടെ ജൻമഗൃഹത്തിൽ മന്ത്രിയും ഞാനുമൊക്കെ പോയിട്ടുള്ളതാണ്. അവിടെ 30,000 രൂപയുടെ ഗ്രാന്റാണ് കൊടുക്കുന്നത്. അവിടെ വിളക്കുകത്തിക്കാൻ പോലും ആ പൈസ തികയുന്നില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് അവിടെ കൂടുതൽ പണം അനുവദിക്കണം. രാജ്യത്തിന്റെ അടിത്തറ പാകുന്ന വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കണം. കുഞ്ഞൻനമ്പ്യാരുടെ ഒരു കവിതപാടിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

''ദീപസ്തംഭം മഹാശ്ചര്യം
എനിക്കും കിട്ടണം പണം''

ആ നയം വിദ്യാഭ്യാസ വകുപ്പിന് ദൂഷണമല്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.തോമസ് കല്ലമ്പള്ളി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുവർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് വളരെ പരിവർത്തനങ്ങളും മാറ്റങ്ങളുമുണ്ടാക്കിക്കൊണ്ട്, വിദ്യാഭ്യാസരംഗത്തെ ചലനാത്മകമാക്കി നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകൻമാരുടെയും താൽപ്പര്യങ്ങളും പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട്, കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ വിദ്യാഭ്യാസ രംഗത്ത് വലിയൊരു കൊടുങ്കാറ്റുയർത്തുവാൻ കഴിഞ്ഞ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാൻ ശ്രീ.ടി.എം.ജേക്കബിനെ അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുകയാണ്. ഇവിടെ എതിർപ്പ് വിദ്യാഭ്യാസ രംഗത്ത് വരുത്തുന്ന മാറ്റങ്ങളോടല്ല. ഇവിടെ വരുത്തിയിരിക്കുന്ന മാറ്റങ്ങളൊക്കെ നമ്മുടെ രാജ്യത്തെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ളവർ അംഗീകരിക്കുന്നുവെങ്കിൽക്കൂടി ശ്രീമാൻ ജേക്കബ് നടപ്പിലാക്കുന്നുവെന്നുള്ളതാണ് ഒന്നാമത്തെ ആക്ഷേപമെന്നാണ് എനിക്ക് തോന്നുന്നത്. ഇതെല്ലാം ചെയ്യുന്നത് ജേക്കബല്ലായിരുന്നുവെങ്കിൽ ഇവിടെ ഒരു കുഴപ്പവുമില്ലായിരുന്നു. 1980-ലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറുപോലും നടപ്പിലാക്കാൻ ശ്രമിച്ച ഒന്നാണ് പ്രീ-ഡിഗ്രി ബോർഡ്. ഇപ്പോഴത് നടപ്പിലാക്കുന്നത് ശ്രീമാൻ ജേക്കബായതുകൊണ്ട് എതിർക്കണം, സ്വരം ചെയ്യണം എന്ന ഒരു നിലപാടിലേക്ക് നിങ്ങുന്നത് നിർഭാഗ്യകരമാണ്. ശ്രീമതി. ഗൗരിയമ്മ ഇവിടെ മുഖ്യശ്രേരി പറഞ്ഞിതിൽ കാര്യമില്ലെന്ന് കുഞ്ഞാലിക്കുട്ടിയോട് മറുപടി പറഞ്ഞു. ഇങ്ങനെ മരിച്ചു പോകുന്ന കമ്മ്യൂണിസ്റ്റുകാരെയൊക്കെ പിന്നെ സസ്പെൻഡ് ചെയ്യുന്ന ഏർപ്പാട്, പുറത്താക്കുന്ന ഏർപ്പാട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് പണ്ടേയുള്ളതുകൊണ്ട് എതിർക്കുന്നതിൽ എനിക്ക് പരാതിയൊന്നുമില്ല. എങ്കിലും ഈ അടുത്തകാലത്തായി അന്തരിച്ച.....

ശ്രീ.കെ.ആർ.ചന്ദ്രമോഹനൻ: ശ്രീ.ജേക്കബ് നടപ്പിലാക്കുന്നതുകൊണ്ട് ഇറിറേഷനുണ്ടെന്ന് പറഞ്ഞത് കുറച്ചു ശരിയാണ്. സർ. സി.പി.ആണ് വിദ്യാഭ്യാസം ദേശസാൽക്കരിക്കണമെന്ന നിർദ്ദേശം കേരളത്തിലാദ്യമായി വച്ചത്. അന്ന് കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരുമെല്ലാം ഒരുമിച്ചുനിന്ന് ആ തീരുമാനത്തെ എതിർത്തു. കാരണം സർ.സി.പി.യുടെ ഒരുദ്ദേശം കേരളത്തിലെ ജനങ്ങൾക്കറിയാമായിരുന്നു. അതുപോലെ ശ്രീമാൻ ജേക്കബിന് ചില ഒരുദ്ദേശങ്ങളുണ്ടെന്നുള്ളതാണ് ഈ എതിർപ്പിന്റെ ഒരു പ്രധാനകാരണമെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ.പി.സി.ജോർജ്: അപ്പോഴും ഈ ആശയത്തോട് എതിർപ്പില്ലെന്ന് കണക്കാക്കാമല്ലോ?

ശ്രീ.തോമസ് കല്ലംപള്ളി: ബഹുമാനപ്പെട്ട ചന്ദ്രമോഹനൻ, ഒരുദ്ദേശമൊന്നും ഇതിന്റെ പിന്നിലില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ അറിവിലേയ്ക്കുവേണ്ടി ഞാൻ ഒരുകാര്യം പറയുകയാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ വലിയ ചിന്തകനും പണ്ഡിതനുമായിരുന്ന പ്രൊഫസർ തായാട്ട് ശങ്കരൻ ഇത്തരത്തിൽ പറഞ്ഞിരിക്കുന്ന ഒരുവാചകം ഞാൻ വായിച്ചു കേൾപ്പിക്കാം. 12 വർഷത്തെ പഠനം പൂർത്തിയാക്കിയതിനു ശേഷമാകണം കോളേജുകളിലും സർവ്വകലാശാലകളിലും തൊഴിൽപരമായ വിദ്യാഭ്യാസത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശനം നൽകേണ്ടതെന്ന്, തായാട്ട് ശങ്കരൻ 'ഇന്ത്യൻ വിദ്യാഭ്യാസം നൂറാണ്ടിലൂടെ' എന്ന പുസ്തകത്തിന്റെ 115-ാമത്തെ പേജിൽ പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ.ആർ.ഗൗരി: അതാണോ ഈ പ്രീഡിഗ്രി ബോർഡ്? അത് പ്രീഡിഗ്രിയൊന്നുമല്ല. അത് +2 ആണ്. അത് എവിടെ നടത്തിക്കൊണ്ടുപോകണം എന്നുള്ളതിനെ സംബന്ധിച്ച [1 P. M.] അഭിപ്രായമാണ്. അതിനെ പ്രീഡിഗ്രിയെന്നു പറയുന്നത് അറിവില്ലായ്മകൊണ്ടാണ്. ശ്രീ.മുണ്ടശ്ശേരി അപ്രകാരമൊന്നും പറഞ്ഞിട്ടില്ല.

ശ്രീ.പി.സി.ജോർജ്: അപ്പോൾ ഈ പേര് മാറിയാൽ സമ്മതിക്കുമോ?

ശ്രീ.തോമസ് കല്ലംപള്ളി: ഈ പ്രീഡിഗ്രി ക്ലാസ്സുകൾ കോളേജുകളിൽനിന്ന് എടുത്തുമാറ്റുന്നതിനോട് കോളേജ് മാനേജ്മെന്റുകൾക്ക് ഇഷ്ടമില്ലെന്ന് തായാട്ടു ശങ്കരൻ തന്നെ പറഞ്ഞിട്ടുണ്ട്. കാരണം അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും പ്രീഡിഗ്രിക്ക് ചേരുന്ന വിദ്യാർത്ഥികളിൽനിന്നും, അദ്ധ്യാപകരുടെ നിയമനങ്ങളിൽനിന്നും അധികമായി വരുന്നതാണ്. കോളേജ് അദ്ധ്യാപകൻമാരും ഈ പരിഷ്കാരത്തെ എതിർക്കുന്നു. കാരണം, അവരുടെ അന്തസ്സിനും പദവിക്കും ഈ ഹയർ സെക്കൻഡറി സമ്പ്രദായം വരുന്നതോടുകൂടി ഇടിവ് സംഭവിക്കുമെന്ന് അവർ ഭയപ്പെടുന്നു. സർവ്വകലാശാലാ ജീവനക്കാർ ഈ മാറ്റത്തെ എതിർക്കുന്നു. കാരണം ജീവനക്കാരുടെ എണ്ണം കുറഞ്ഞേക്കുമെന്നും ആനുപാതികമായിട്ടുണ്ടാകാവുന്ന ഉദ്യോഗക്കയറ്റത്തിന് സാദ്ധ്യത കുറഞ്ഞേക്കുമെന്നുള്ള ഭയവും കൊണ്ടാണ്. ഇങ്ങനെ മാനേജുമെന്റിന്റെയും അദ്ധ്യാപകരുടെയും സർവ്വകലാശാല ജീവനക്കാരുടെയും മറ്റുമുള്ള എതിർപ്പുകൊണ്ടാണ് ഇവിടെ ഹയർ സെക്കൻഡറി വിദ്യാഭ്യാസം നടപ്പിലാകാതെ ഇരിക്കുന്നത്. പ്രീഡിഗ്രിക്കു പകരം ഹയർ സെക്കൻഡറി ബോർഡ് ഉണ്ടാക്കണമെന്നാണ് തായാട്ട് ശങ്കരൻ പറഞ്ഞിരിക്കുന്നത്. പക്ഷേ ഇവിടെ അത് നടപ്പിലാക്കുവാൻ ഈ ത്രിമൂർത്തികളുടെ എതിർപ്പു മൂലം സാധിക്കാതെ വന്നിരിക്കുകയാണ്. പക്ഷേ അത് എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്. ശ്രീ.തായാട്ട് ശങ്കരൻ 1981 വരെ ഈ ബോർഡിനുവേണ്ടി വാദിച്ചിട്ടുണ്ട്. കെ.ജി.ടി.എ.യും സാഹിത്യപരിഷത്തും വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ചിന്തിക്കുന്ന മുഴുവൻ ആളുകളും പ്രീഡിഗ്രി ബോർഡ് വേണമെന്ന് വാദിച്ചിട്ടുണ്ട്. അപ്രകാരമുള്ള ഈ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിന് സർക്കാർ ശ്രമിക്കുമ്പോൾ അതിനെതിരായി നിയമസഭയ്ക്കകത്ത് സത്യാഗ്രഹവും സമരവുമായി പോകുന്ന പ്രതിപക്ഷത്തിന്റെ നിലപാടിന്റെ അർത്ഥം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രീഡിഗ്രി ബോർഡിന്റെ രൂപീകരണത്തെ എതിർക്കുന്ന മൂന്ന ശക്തികളെന്ന് ശ്രീ.തായാട്ടുശങ്കരൻ പറഞ്ഞിരിക്കുന്നവരിൽ ജീവനക്കാരും അദ്ധ്യാപകരും ഉൾപ്പെടുന്നു. അവരിൽ ഒരു വിഭാഗം അദ്ധ്യാപകരും ജീവനക്കാരുമാണ് ഇപ്പോൾ പണിമുടക്കുന്നത്. അവരുടെ താൽപ്പര്യങ്ങൾക്ക് മുൻപിൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ നയം അടിയറവ് വയ്ക്കുവാൻ ഗവൺമെന്റ് തയ്യാറാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ തീരുമാനത്തിൽനിന്നും ഒരിഞ്ചുപോലും പിറകോട്ടു പോകാതെ ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് എനിക്ക് പറയുവാനുള്ളത്. വിദ്യാഭ്യാസരംഗത്ത് ഈ മന്ത്രി വരുത്തിയിട്ടുള്ള മുഴുവൻ പരിഷ്കാരങ്ങളെപ്പറ്റിയും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ മാർക്സിസ്റ്റു പണ്ഡിതനായ ഡോ.എ.എം. പരമേശ്വരൻ വളരെ അറിയപ്പെടുന്ന ഒരാളാണ്. അദ്ദേഹം ഈ പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കുന്നതിനെപ്പറ്റി രചിച്ച ഒരു പുസ്തകത്തിൽ പ്രീഡിഗ്രി ഹയർ സെക്കൻഡറിയാക്കുന്നതിനെക്കുറിച്ച് പറഞ്ഞത് ജീവനക്കാരുടെ സമ്മർദ്ദങ്ങൾക്കു മുൻപിൽ മറിമാറി വന്ന ഗവൺമെന്റുകളും മുട്ടുമടക്കിയതുകൊണ്ടാണ് ഈ പ്രീഡിഗ്രി ബോർഡ് ഉണ്ടാകാതെ പോയതെന്നാണ്. അത് ഉണ്ടാക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണെന്നും അതിൽ പറയുന്നുണ്ട്. അപ്പോൾ മാർക്സിസ്റ്റു പണ്ഡിതൻമാർ മാത്രമല്ല ചിന്തകൻമാരും എല്ലാവരും തന്നെ ഈ പ്രീഡിഗ്രി ബോർഡ് വേണം അല്ലെങ്കിൽ + 2 സംവിധാനം നടപ്പിലാക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. അത് ശ്രീ.ജേക്കബ് നടപ്പിലാക്കുമ്പോൾ അതിനെതിരെ സമരവും ആക്ഷേപവും ശ്രീ.ചന്ദ്രമോഹനൻ പറഞ്ഞതുപോലെ ദുരുദ്ദേശവും ആരോപിച്ചുകൊണ്ട് വരികയാണെങ്കിൽ ഞങ്ങൾക്ക് ആ ദുരുദ്ദേശ ആരോപണങ്ങളിൽ പരാതിയില്ല. ആ ആശയത്തോട് നിങ്ങൾ യോജിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇത് നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമാണ്.

സർ, നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്ന കാര്യമാണ്. 1960—കളിൽ അഖിലേൻഡ്യാ മൽസര പരീക്ഷകളിൽ നമ്മുടെ കുട്ടികൾ മുൻപന്തിയിൽ വന്നിരുന്നുവെങ്കിൽ, ഇന്ന് നമ്മുടെ കുട്ടികൾ അഖിലേൻഡ്യാ പരീക്ഷകളിൽ വിജയിക്കുന്നത് മറ്റു സംസ്ഥാനങ്ങളിൽ പോയി പഠിച്ചിട്ടാണ്. ഇന്നത്തെ സ്ഥിതിയിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം കുറഞ്ഞിട്ടുണ്ട്. അതിൽ എവിടെയോ കുഴപ്പമുണ്ട്. അത് പരിഹരിക്കുവാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ, അതിനെതിരായി സമരവുമായി നടക്കുന്നത് എന്തായാലും ശരിയല്ല എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അതുപോലെതന്നെ ഈ സ്വകാര്യമേഖലയെ അടച്ചാക്ഷേപിക്കുന്ന കാര്യത്തിൽ പ്രതിപക്ഷങ്ങൾ ഒറ്റക്കെട്ടായി നിൽക്കുകയാണ്. സ്വകാര്യമേഖലയ്ക്ക് ഇടതുപക്ഷജനാധിപത്യ മുന്നണിയിൽ ഞങ്ങളെല്ലാവരും ഒന്നിച്ചിരുന്നപ്പോൾ സ്വകാര്യമേഖലയിൽ സ്കൂളുകൾ കൊടുക്കാൻ നോട്ടിഫൈ ചെയ്തു. അപ്പോൾ യാതൊരുകുഴപ്പവും ഇല്ലായിരുന്നു. ഇപ്പോൾ കൊടുത്തത് കുഴപ്പമായിപ്പോയി എന്നാണ് ലീഡർ മാസ്റ്റർ പറയുന്നത്. ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ സുഹൃത്തുക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്. ഓരോ വർഷവും നമ്മുടെ സംസ്ഥാനത്തുനിന്നും കർണ്ണാടകയിലേക്കും ആന്ധ്രായിലേക്കും ക്യാപ്പിറേഷൻ ഫീസായി എത്ര കോടി രൂപയാണ് കൊണ്ടുകൊടുക്കുന്നത്? അക്കാര്യത്തിൽ ആർക്കും വിരോധമില്ല. കർണ്ണാടകയിലും ആന്ധ്രായിലും തമിഴ്നാട്ടിലും ഇഷ്ടംപോലെ സ്വകാര്യ മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും ഉണ്ടാക്കുകയും നമ്മുടെ കുട്ടികളെ അവിടെ കൊണ്ടുപോയി ഒരു ലക്ഷം മുതൽ അഞ്ചുലക്ഷം വരെ രൂപ ക്യാപ്പിറേഷൻ ഫീസും കൈക്കൂലിയും കൊടുത്ത് അഡ്മിഷൻ വാങ്ങി പഠിപ്പിക്കുകയും ചെയ്യുന്നതിനെ എതിർക്കാൻ ഇവിടെ ആരും ഇല്ല. ഒന്നുകിൽ, കർണ്ണാടകയിൽനിന്നും, ആന്ധ്രായിൽനിന്നും തമിഴ്നാട്ടിൽനിന്നും പാസ്സായി വരുന്നവരെ കേരളം അംഗീകരിക്കുകയില്ല എന്നെങ്കിലും പറയേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് വിലപ്പെട്ട സംഭാവനകൾ ചെയ്ത, ഈ പ്രതിപക്ഷ എം.എൽ.എ.മാരിൽ പലരും, അക്ഷരാഭ്യാസമുള്ളവരായി മാറുവാനായി

LIBRARY ARCHIVES Kerala Legislative Assembly

ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ചിട്ടുള്ള സഹകാര്യ മാനേജ്മെൻറുകൾക്കെതിരെ എന്തിനീ കുതിരകയറ്റവും പ്രസംഗവുമായിനടക്കുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വെറുതേ തേജോവധം ചെയ്യുന്നതിനുവേണ്ടിയാണ് പ്രതിപക്ഷ നേതാക്കൻമാർ സഹകാര്യമേഖലയെ അടച്ചാക്ഷേപിക്കുന്നത്.

ഇവിടെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വിദ്യാഭ്യാസമന്ത്രി വളരെയേറെ സ്ഥാപനങ്ങൾ അനുവദിച്ചു. ഏതാണ്ട് 62 സ്ഥാപനങ്ങൾ ആ രംഗത്ത് അനുവദിച്ചിട്ടുണ്ട്. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നിരുന്നാലും സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഇനിയും വളരെയേറെ മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. പോളീടെക്നിക്കുകൾ ഇനിയും അനുവദിക്കണം. പ്രതിപക്ഷങ്ങൾ ഇവിടെ ഇനിയും സമരം ചെയ്യും. അതൊന്നും നോക്കിയിരുന്നിട്ട് കാര്യമില്ല. പുതിയ പോളീടെക്നിക്കുകൾ അനുവദിക്കുകയും അതുപോലെതന്നെ പുതിയ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ സിലബസ്സും, കരിക്കുലവും ടി.എം. ജേക്കബിൻെറ കാലത്ത് പരിഷ്കരിക്കുകയുണ്ടായി. അത് വളരെ നല്ലകാര്യമാണ്. മറ്റു പല മന്ത്രിമാരും ശ്രമിച്ചിട്ട് നടക്കാതിരുന്ന കാര്യമാണിത്. എന്നാൽ നമ്മുടെ പ്രീഡിഗ്രിയുടെ സിലബസ് ഏതാണ്ട് കാൽ നൂറ്റാണ്ടിൻെറ പഴക്കമുള്ളതാണ് ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട്, പ്രീഡിഗ്രിയുടെ സിലബസ്സും ഈ ബോർഡ് ഉണ്ടാകുന്നതോടൊപ്പം തന്നെ പരിഷ്കരിക്കണം. അതിനുവേണ്ട നടപടികൾ ഇപ്പോൾതന്നെ ആരംഭിക്കണം. കാൽ നൂറ്റാണ്ടിൻെറ പഴക്കമുള്ള ഇപ്പോഴത്തെ പ്രീഡിഗ്രിയുടെ സിലബസ്സുകൂടി പരിഷ്കരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. എ.വി. താമരാക്ഷൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെൻറിൻെറ അവധാനതയില്ലാത്ത തലതിരിഞ്ഞ വിദ്യാഭ്യാസ നയം നമ്മുടെ വിദ്യാഭ്യാസരംഗമാകെ താറുമാറാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് സ്വീകരിക്കുന്ന വളരെ ചെറിയ പരിഷ്കാരങ്ങൾപോലും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നതാണ്. വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ, വളരെ അവധാനതയോടുകൂടി, ഗൗരവതരമായി അതിൽ ഉണ്ടാകാവുന്ന എല്ലാ പ്രത്യാഘാതങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യേണ്ട കാര്യമുണ്ട്. 1980–81 അവസാനം വരെ നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി, ആകെ ചെലവഴിച്ചതുക 213.95 കോടി രൂപയാണ്. എന്നാൽ 1985–86 ആയപ്പോഴേയ്ക്കും ബഡ്ജറ്റിൽ നാം വിഭാവനം ചെയ്യുന്നത്, 467.77 കോടിരൂപയാണ്. സംസ്ഥാനത്തെ പ്ലാനിംഗ് ബോർഡുപോലും അതിൻെറ വിവിധ കമ്മിറ്റികളിലും സമിതികളിലും ഈ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് അധിക ബാദ്ധ്യത ഉണ്ടാക്കാവുന്ന ഒരു നടപടിയും സ്വീകരിക്കാൻ പാടില്ലെന്ന് കർശനമായി സംസ്ഥാന ഗവൺമെൻറിന് മുന്നറിയിപ്പു കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ രംഗത്താണ് സംസ്ഥാന ഗവൺമെൻറ് യാതൊന്നും ആലോചിക്കാതെ ഇപ്പോഴും ഈ പ്രീഡിഗ്രി ബോർഡുമായി വന്നിരിക്കുന്നത്. ഒരു ടെർമിനൽ കോഴ്സെന്നുള്ള നിലയിൽ വോക്കേഷണലൈസേഷൻ പ്രാധാന്യം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ട് +2 വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യത്തിൽ എന്റെ പാർട്ടി എതിരില്ല. എന്നാൽ ആ വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുമുമ്പ്, അതിന്റെ ഘടനയെ സംബന്ധിച്ചും അതുമൂലമുണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യതകളെ കുറിച്ചുമൊക്കെ വളരെ ആഴത്തിൽ സംസ്ഥാന വ്യാപകമായിത്തന്നെ ചർച്ചയ്ക്ക് അവസരമുണ്ടാക്കേണ്ടതാണ്. വിദ്യാഭ്യാസമന്ത്രി പ്രീഡിഗ്രി ബോർഡ് പ്രഖ്യാപിക്കുകയും, ഈ വർഷംതന്നെ അത് പ്രാവർത്തികമാക്കുകയും ചെയ്യുമെന്ന് പറഞ്ഞപ്പോഴും, കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആ പ്രഖ്യാപനത്തിൽ കേരളത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും, ജനങ്ങളൊക്കെയും സംശയമുണ്ട്. ഇന്ന് നിലനിൽക്കുന്ന പ്രീഡിഗ്രി അതേനിലയിൽ സ്കൂളുകളിൽകൂടി കൊണ്ടുപോയി, ഈ വിദ്യാഭ്യാസരംഗത്തെയാകെ സ്വകാര്യമേഖലയ്ക്ക് അടിയറവയ്ക്കുന്ന ഏറ്റവും ആപൽക്കരമായ ചിന്താഗതിയാണ് ഈ മന്ത്രിസഭയ്ക്കും മന്ത്രിമാർക്കുമുള്ളതെന്ന് ആർക്കാണറിയാത്തത്? ദേശീയ വിദ്യാഭ്യാസനയത്തിൽ, 15 വയസ്സിൽ ഒരു വിദ്യാർത്ഥി എസ്.എസ്.എൽ.സി. പാസ്സാകുമ്പോഴേക്കും അവന് രണ്ടു കൊല്ലം കൂടി പഠിക്കുവാൻ അവസരമുണ്ടാക്കി വോക്കേഷണലൈസേഷന് പ്രാധാന്യം കൊടുത്തുകൊണ്ട് അതിനുള്ള അവസരമുണ്ടാക്കണമെന്നാണ് പറയുന്നത്. ദേശീയ വിദ്യാഭ്യാസ നയം തന്നെ ഇപ്പോഴും പൂർത്തിയായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് റാസ്ക്ക് ഫോഴ്സുകൾ വച്ചുകൊണ്ട്, അടുത്തു വരാൻ പോകുന്ന പാർലമെന്റ് സെഷനിൽ അത് പ്രഖ്യാപിക്കുവാൻ പോകുകയാണ്. അതിനുമുൻപ് നമ്മുടെ സംസ്ഥാനത്ത് ഇത്ര ധൃതി പിടിച്ച് ഇപ്രകാരമൊരു ബോർഡ് രൂപീകരണം പ്രഖ്യാപിക്കേണ്ടതുണ്ടോ? കേരളത്തിൽ 2,40,000 വിദ്യാർത്ഥികൾ പ്രീഡിഗ്രി പരീക്ഷയ്ക്കിരിക്കുവാൻ പഠിക്കുന്നുണ്ട്. ആ 2,40,000 കുട്ടികൾക്കും സ്വാഭാവികമായും ഈ +2 വിദ്യാഭ്യാസം ഏർപ്പെടുത്തേണ്ടിവരും. ഇന്നിപ്പോഴേ 1,10,000 കുട്ടികൾ മാത്രമാണ് കോളേജുകളിൽ പഠിക്കുന്നത്. അങ്ങനെവരുമ്പോൾ 1,30,000 കുട്ടികൾക്കുകൂടി നമ്മുടെ ഹൈസ്കൂളുകളിൽ ഈ +2 വിദ്യാഭ്യാസം ഏർപ്പെടുത്തേണ്ടിവരും. മാനേജുമെന്റ് സ്കൂളുകൾ ഇതിനുവേണ്ട ലൈബ്രറിയും ലബോറട്ടറിയും അതുപോലുള്ള മറ്റ് സംവിധാനങ്ങളും ഉണ്ടാക്കും. എന്നിട്ട് ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങിച്ചുകൊണ്ട് അദ്ധ്യാപകരെ നിയമിക്കും. അദ്ധ്യാപകർക്ക് നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്നാണ് ശമ്പളം കൊടുക്കേണ്ടിവരുന്നത്. ഇതുമൂലം 467 കോടിരൂപയുടെ ബാദ്ധ്യതയാണ് ഉണ്ടാകാവുന്നതെങ്കിലും, 700 കോടി രൂപയുടെ ബാദ്ധ്യത വരാവുന്ന നിലയിൽ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗവും വിദ്യാഭ്യാസരംഗവും ആകെ തകർക്കുവാൻ വേണ്ടിയുള്ള ഒരു നടപടിയുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഈ +2-ന് ഞാൻ എതിരല്ല. എന്റെ പാർട്ടി എതിരല്ല. വോക്കേഷണലൈസേഷന് പ്രാധാന്യം കൊടുത്തുകൊണ്ട്, ഈ 2,40,000 കുട്ടികൾക്കും പഠിക്കുവാനുള്ള അവസരമുണ്ടാക്കണം. അത് ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണെങ്കിൽ അതുമൂലമുണ്ടാകുന്ന അധിക ബാദ്ധ്യതകൾ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണം. സർ, ഈ രണ്ടുലക്ഷത്തിനാൽപ്പതിനായിരം കുട്ടികളേയും പ്ലസ് ടൂവിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ അതുമൂലമുണ്ടാകുന്ന എല്ലാ സാമ്പത്തിക ബാദ്ധ്യതയും കേന്ദ്രം നൽകാൻ തയ്യാറാകണം. അത് വാങ്ങിയെടുക്കാൻ നമുക്ക് കഴിയണം. കോഴ്സിനെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യേണ്ടതാണ്. ഇതുമൂലം ഏഴായിരം അദ്ധ്യാപകരും നാലായിരം

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി ജീവനക്കാരും വർഷങ്ങളായി നേടിയെടുത്ത അവകാശങ്ങളാണ് നിഷേധിച്ചുകൊണ്ട്, തത്വദീക്ഷയില്ലാതെ, ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രീഡിഗ്രി ഇതേനിലയിൽ കോളേജിലേക്കോ സ്കൂളിലേക്കോ കൊണ്ടുപോകുന്ന നടപടി ആപത്കരമാണ്. ആ നയത്തെയാണ് ഞങ്ങളും എതിർക്കുന്നത്.

കേരള യൂണിവേഴ്സിറ്റിയുടെ റിസൽട്ട് പ്രസിദ്ധീകരിച്ചു. ഇന്നലെ പ്രസിദ്ധീകരിച്ച റിസൽട്ടിൽ 19428 കുട്ടികളാണ് പാസായിരിക്കുന്നത്. അതിന്റെ വാല്യൂവേഷനിലും ടാബുലേഷനിലും ക്രമക്കേടുകളും നടന്നിരിക്കുന്നു. കേരള യൂണിവേഴ്സിറ്റി നടത്തിയ ഈ പരീക്ഷയെ സംബന്ധിച്ചിടത്തോളം ഒട്ടേറെ ക്രമക്കേടുകളും നടന്നിരിക്കുന്നു. അർഹരായവർക്ക് ഫസ്റ്റ് റാങ്ക് കിട്ടിയില്ല. ജയിക്കേണ്ടവർ തോറ്റിരിക്കുന്നു, തോൽക്കേണ്ടവർ ജയിച്ചിരിക്കുന്നു. പരീക്ഷാ ടാബുലേഷനെ സംബന്ധിച്ച് റീ–വാലുവേഷൻ നടത്തേണ്ടതിലേക്ക് എത്തിയിരിക്കുകയാണ്. ആ നിലയിൽ ലക്ഷക്കണക്കിന് കുട്ടികളുടെ ഭാവി തകർത്തുകൊണ്ടുള്ള നടപടിയുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റ് വളരെ അവധാനതയോടുകൂടി വിദ്യാഭ്യാസരംഗത്തെ കാര്യങ്ങളും കാണാൻ തയ്യാറാകണം.

ശ്രീ.പി.ഭാസ്കരൻ: ഞാൻ ഈ ധനാഭ്യർത്ഥനയെ കൃതജ്ഞതാപൂർവ്വമാണ് അനുകൂലിക്കുന്നത്. കണ്ണൂരിൽ ഒരു എൻജിനീയറിംഗ് കോളേജ് ആവശ്യമാണെന്ന കാര്യം ഉയർന്നുവന്നിട്ട് വർഷങ്ങളായി. എന്നാൽ ഈ വർഷം കണ്ണൂരിൽ ഒരു എൻജിനീയറിംഗ് കോളേജ് അനുവദിച്ചുവെന്നുള്ളതിൽ ഞാൻ ബഹുമാന്യപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ അദ്ധ്യയനവർഷത്തിൽ തന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കണം. കണ്ണൂരിലെ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജ് ഒന്നാംഗ്രേഡ് കോളേജായിട്ട് ഉയർത്തിയിരിക്കുകയാണ്. അവിടെ എല്ലാപാഠ്യവിഷയങ്ങളും ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അവിടെ കോളേജിനു കെട്ടിടവും വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റലും നിർമ്മിക്കണം. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിൽ കണ്ണൂരിൽ ഒരു ബി.എഡ് ട്രെയിനിങ്ങ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. വളരെയധികം വിദ്യാർത്ഥിനികൾക്ക് ഈ സെന്റർ അനുഗ്രഹമാണ്. അതിനെ സർക്കാർ അംഗീകരിക്കണം. മലബാറിലെ അദ്ധ്യാപകരുടെ ഒരു മാനുഷിക പ്രശ്നമാണ് മൈസൂർ ടി. സി. എച്ച്. നിരവധി അദ്ധ്യാപകർ അനേഷണവിധേയമായി പുറത്താണ്. അതുകൊണ്ട് ഈ പ്രശ്നം പുനഃപരിശോധിക്കണം. അതുപോലെ സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസരംഗത്ത് വളരെയധികം സംഭാവന ചെയ്ത പ്രസ്ഥാനമാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. ഗ്രാന്റ് വർദ്ധിപ്പിച്ചും സാമ്പത്തിക സഹായം നൽകിയും കെട്ടിടം പണിതും ഗ്രന്ഥശാലകളെ സംരക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അടിയന്തിരമായി ഗ്രന്ഥശാലാ നിയമം നടപ്പിൽ വരുത്തി അതിന് ജനകീയ സ്വഭാവം കൈവരുത്തണം.

അവശകലാകാരൻമാരോട് സർക്കാർ സ്വീകരിക്കുന്ന സമീപനം തൃപ്തികരമല്ല. സാംസ്കാരിക രംഗത്ത് വളരെയധികം സംഭാവന ചെയ്ത പാവപ്പെട്ട കലാകാരൻമാർക്ക് സ്ഥിരമായ പെൻഷൻ സമ്പ്രദായം നടപ്പിൽ വരുത്തണം. എന്റെ നിയോജകമണ്ഡലത്തിൽ ഇളയാവൂർ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും പോലുമില്ല. ആ പഞ്ചായത്തിൽ അടിയന്തിരമായി ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ.ജെ.ജോർജ്: ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 40 ശതമാനത്തോളം പണം ചെലവുചെയ്യുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസ മേഖല. ആ മേഖലയിൽ, അദ്ധ്യയനവർഷം തുടങ്ങുമ്പോഴും തന്നെ ഗവൺമെന്റ് ബോധപൂർവ്വം ചില എടുത്തുചാട്ടങ്ങളും നടത്തുന്നതിന്റെ ഫലമായിട്ടാണ് സമരങ്ങളും ഉണ്ടാകുന്നത്. ഇന്ന് നടക്കുന്ന പ്രീഡിഗ്രി ബോർഡ് സമരവും ഇതുപോലെ വന്നുപെട്ടതാണ്. കഴിഞ്ഞകൊല്ലം നടന്ന പോളിടെക്നിക്ക് സമരവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുതന്നെ ഉണ്ടായകുറവുകൊണ്ടാണ് ഉണ്ടായത്. ഈ വർഷവും പ്രീഡിഗ്രി ബോർഡ് എന്ന ആശയവുമായി ഗവൺമെന്റ് ആരോടും ആലോചിക്കാതെ വന്നിരിക്കുകയാണ്. ഈ എടുത്തു ചാട്ടത്തിന്റെ ഫലമായി വിദ്യാഭ്യാസ മേഖല ആകെ സ്തംഭിച്ചിരിക്കുകയാണ്.

മറെറാരു കാര്യം ടെക്സ്റ്റുബുക്കുകൾ അച്ചടിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന അലംഭാവമാണ്. അതിന് ഉദാഹരണം ശ്രീ.ലോനപ്പൻ നമ്പാടൻ കഴിഞ്ഞദിവസം ഇവിടെ പറഞ്ഞു. പത്താം ക്ലാസിലെ സോഷ്യൽ സ്റ്റഡീസ് പുസ്തകത്തിൽ 'ഭാരതവും ലോകവും' എന്നുള്ള പാഠത്തിൽ ഇൻഡ്യയിലെ പ്രധാനമന്ത്രിമാരുടെ പേര് കൊടുത്തിട്ടുണ്ട്. 1977–79 കാലഘട്ടത്തിൽ ഇൻഡ്യയുടെ പ്രധാനമന്ത്രി ശ്രീ.മൊറാർജിദേശായി എന്ന് പേരുകൊടുക്കുകയും അദ്ദേഹത്തിന്റെ മാത്രം പടം കൊടുക്കാതിരിക്കുകയും ചെയ്തു. മറെറ് പ്രധാനമന്ത്രിമാരുടെ പേരും പടവും കൊടുക്കുകയും 28 മാസത്തോളം ഭരിച്ച ശ്രീ. മൊറാർജി ദേശായിയുടെ പടം കൊടുക്കാതിരിക്കുകയും ചെയ്തത് ഏത് ഗവൺമെന്റായാലും ഭൂഷണമല്ല. മുഖ്യമന്ത്രി ശ്രീ.കരുണാകരൻ കോൺഗ്രസ് പാർട്ടിയിലെ ആളാണെങ്കിലും അദ്ദേഹം മര്യാദയോടുകൂടി നേതൃത്വം കൊടുക്കുകയായിരുന്നുവെങ്കിൽ അത് ചെയ്യുമായിരുന്നില്ല. കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് മാന്തിക്കുന്ന സമ്പ്രദായത്തെപ്പററി ഞാൻ പറയുന്നില്ല. ശ്രീ.ജേക്കബിനെ ഞാൻ ഒന്നും പറയുന്നില്ല. ഇത് ഈ മന്ത്രിസഭയുടെ തെറുകൊണ്ടും കഴിവുകേടുകൊണ്ടും ഉണ്ടായതാണ്. നീതിയില്ലാത്ത ഭരണം ഇവിടെ കാഴ്ചവച്ചിരിക്കുകയാണ്. ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീ.മൊറാർജി ദേശായിയുടെ പടം അച്ചടിക്കാതെ.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): സർ, അദ്ദേഹം പറഞ്ഞു, ശ്രീ.മൊറാർജിദേശായിയുടെ പേര് കൊടുത്തിട്ടുണ്ടെങ്കിലും പടം കൊടുത്തിട്ടില്ല എന്ന്. അത് മനഃപൂർവ്വം ചെയ്തതല്ല. ടെക്സ്റ്റുബുക്കുകൾ സ്റ്റേറേറ് ഇൻസ്റ്റിറ്റ്യൂട്ടാണ് തയ്യാറാക്കുന്നത് അടുത്തവർഷം അടിക്കുന്ന പുസ്തകത്തിൽ ശ്രീ.മൊറാർജി ദേശായിയുടെ പടം ഉണ്ടായിരിക്കും.

ശ്രീ.കെ.ജെ.ജോർജ്: ഇത് നോക്കേണ്ട ചുമതലവിദ്യാഭ്യാസവകുപ്പുമന്ത്രിക്കുണ്ട്. അതാണ് ഇത് ഇവിടെ പറയുന്നത്.ഞാൻ കുറച്ചു ദിവസം മുൻപ് അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നപ്പോൾ വില പ്രിൻറ് ചെയ്യാനുള്ള ഒരു ഫയൽ അദ്ദേഹത്തിന്റെ മേശപ്പുറത്തിരിക്കുന്നത് കണ്ടു. ഇതിനൊക്കെ അംഗീകാരംകൊടുത്തുകൊണ്ടാണ് പുസ്തകങ്ങൾ അടിപ്പിക്കുന്നത്. ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കുറെപ്പെടുത്തുന്നില്ല; കാരണം മന്ത്രിസഭയാണ് അതിന് ഉത്തരവാദി. ഇവിടെയുള്ള മന്ത്രിമാർ മുഴുവൻ ഇതുപോലെ ജനദ്രോഹപരമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ ദിവസങ്ങളിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർത്തത്. വിശ്വാസവഞ്ചന ചെയ്യുന്ന, വാക്കുപാലിക്കാത്ത, നെറികേട് ചെയ്യുന്ന മന്ത്രിമാരാണ് ഇവിടെയിരിക്കുന്നത്. പത്താം ക്ലാസിലെ ടെക്സ്റ്റ് ബുക്കുകളിൽ ശ്രീ.മൊറാർജി ദേശായിയുടെ പടം അടിക്കുന്ന കാര്യം ഈ സഭയിൽ പറയിപ്പിക്കാതെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്യേണ്ടതായിരുന്നു. ഇതുവരെ വിൽപ്പന നടത്തിയ പുസ്തകങ്ങളും പിൻവലിക്കണം. പിന്നീട് പിൻവലിക്കാമെന്ന് പറയുന്നത് നല്ലതല്ല. ഇല്ലെങ്കിൽ ഇത് റെക്കാർഡ് ആയിട്ട് മാറും.

ശ്രീ.എസ്.രാമചന്ദ്രൻപിള്ള: സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലുവർഷങ്ങളായി വിദ്യാഭ്യാസ രംഗത്ത് വളരെയധികം നേട്ടങ്ങളും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പ്രഗൽഭനും ചെറുപ്പക്കാരനും ചുറുചുറുക്കുമുള്ള നമ്മുടെ വിദ്യാഭ്യാസ മന്ത്രി ഒരു തീരുമാനമെടുത്താൽ അത് നടപ്പിലാക്കാറുണ്ട്. അങ്ങനെ ഒരു തീരുമാനവുമായി മുന്നോട്ടുപോകുമ്പോൾ അതിനെ എതിർക്കുകയെന്നുള്ളത് അപ്പുറത്തിരിക്കുന്നവരുടെ കർത്തവ്യമാണ്. ആത്മാർത്ഥമായിട്ടാണോ ഇതിനെ എതിർക്കുന്നതെന്ന് നിങ്ങൾ ആലോചിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നേട്ടങ്ങളുണ്ടായിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ ജില്ലകളിലും മോഡൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുപോലെ തന്നെ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ വേണ്ടിയുള്ള പരിപാടി ആവിഷ്കരിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അപ്പുറത്തിരിക്കുന്നവർ ഭരിച്ചപ്പോഴൊന്നും ഈ ആനുകൂല്യങ്ങളും പാവപ്പെട്ട കുട്ടികൾക്ക് കിട്ടിയിരുന്നില്ല. അതുപോലെതന്നെ പാഠപുസ്തകങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തി. വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അനുവദിച്ചിരുന്ന വരുമാനപരിധി ഉയർത്തി. സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിച്ചു. അങ്ങനെ കലാപരമായും കായികമായും കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഇത്രയുമധികം പ്രോൽസാഹനങ്ങൾ മറ്റൊരു കാലത്തും കിട്ടിയിരുന്നില്ല. വിദ്യാർത്ഥികൾക്ക് പ്രോൽസാഹനങ്ങൾ നൽകി അവരെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ട കാര്യങ്ങൾ ചെയ്യുന്ന ഈ അവസരത്തിൽ പ്രീ-ഡിഗ്രി ബോർഡ് രൂപീകരിച്ചുവെന്ന് പറഞ്ഞ് രാഷ്ട്രീയമായി അതിനെ കണക്കാക്കി ഒരു സമരം ഉണ്ടാക്കിക്കൊണ്ട് വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും രക്ഷാകർത്താക്കളെയുമൊക്കെ വലിച്ചിറക്കാനുള്ള നിങ്ങളുടെ ഈ പ്രവണത അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുമെന്നുള്ള വിവരം നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ കഴിഞ്ഞ നിയമസഭയുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ അറിയിക്കുകയുണ്ടായി. അത് ആവിഷ്കരിച്ച് നടപ്പിലാക്കുകയും അതിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതിനുപകരം അത് ശ്രീ.ടി.എം.ജേക്കബാണ് കൊണ്ടുവന്നതെന്ന് പറഞ്ഞ് അതിനെ എതിർക്കുന്ന പ്രവണത നിങ്ങൾ അവസാനിപ്പിക്കണം. സർ, ഒരു പഴഞ്ചൊല്ലുണ്ട് ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്നു പറഞ്ഞതുപോലെ ശ്രീ.ടി.എം.ജേക്കബാണ് കൊണ്ടുവന്നതെന്നു പറഞ്ഞ് അതിനെ പരാജയപ്പെടുത്താനും അതിനെതിരെ സമരം സംഘടിപ്പിക്കാനും ശ്രമിക്കുന്നത് ശരിയല്ല. ഇതിനെ രാഷ്ട്രീയമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമരമായി നീട്ടിക്കൊണ്ടുപോകാതെ പ്രീഡിഗ്രി ബോർഡിനെക്കുറിച്ചുള്ള കാര്യങ്ങൾ വിശദമായി ചർച്ചചെയ്യണം. ഇതിന് വിദ്യാഭ്യാസരംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കും.

അതുപോലെതന്നെ വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസ്സുകൾ സ്കൂളുകളിൽ ഏർപ്പെടുത്തി. 76 സ്കൂളുകളിൽ ഇന്ന് വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസ്സുകൾ നടക്കുന്നുണ്ട്. അങ്ങനെ വളരെയേറെ സാങ്കേതികമായ നേട്ടങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള നല്ല കാര്യങ്ങളെല്ലാം തന്നെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. ആലപ്പുഴ ജില്ലയ്ക്ക് ഇന്ന് അവഗണനയാണ് കിട്ടുന്നത്. വിദ്യാഭ്യാസരംഗത്ത് ഒരൊറ്റ ഗവൺമെൻറ് കോളേജുപോലും ഇല്ലാത്ത ജില്ലയാണ് ആലപ്പുഴ. ചെങ്ങന്നൂർ ആസ്ഥാനമായി ഒരു ഗവൺമെൻറ് കോളേജ് ഉടൻതന്നെ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന മദ്ധ്യതിരുവിതാംകൂറിലെ പ്രദേശങ്ങളാണ് തിരുവല്ല, ചെങ്ങന്നൂർ, മാവേലിക്കര മുതലായ പ്രദേശങ്ങൾ. ചെങ്ങന്നൂരിൽ ഇന്ന് ഒരു ഡി.ഇ.ഒ. ഓഫീസില്ല. അവിടെ ഒരു ഡി. ഇ. ഒ. ആഫീസിൻറെ ആവശ്യം പരിഗണിച്ച് ഉടൻതന്നെ അതു തുടങ്ങുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ വിദ്യാഭ്യാസമന്ത്രിയിൽ നിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

Shri. Stephen Padua: I support the demand for grants under Education, Art and Culture moved by the Hon. Minister for Education. Even though the Pre-degree results of the Kerala University did not come upto the mark, thousands of parents are happy that the percentage of students who passed in the S.S.L.C. Examination of March 1986 has risen high to 46.73. It is all time high because it has risen from 27.1%. The Pre-degree result of Gandhiji University was also satisfactory. I would like to congratulate the Minister and Education Department on this achievement. In the Governor's Address it has been stated that considerable importance would be given to the improvement in the quality of Education. Sir, it requires a time bound action. We are to go miles and miles ahead in order to catch up with the all India Standard in the matter of quality of Education. Kerala stands first in literacy. We have more than 12,000 Schools and 168 Colleges. But it is in quality rather than in quantity that we have to concentrate. The other day our Chief Minister said that he was pained to see the results, the shocking results of the Kerala students in the U.P.S.C. Examination. Thirty years ago, in the qualifying list of candidates who appeared for IAS, IPS and IFS Examinations there were atleast 15 students from Kerala among the first 50 in the list. This gradually got redueed, when in 1983 there was not a single Keralite among the first 179 students. In 1984 it got still worse. So much so there was no Keralite in the first 100. In 1985, only two Keralites came out successful and those two had their education outside Kerala.

LIBRARY ARCHIVES Kerala Legislative Assembly

That means our quality of education is low and I should say our teachers are primarily resposible for this low standard. Our irresponsible teachers are responsible for this sorry state of affairs.

For the improvement of the quality in education I would propose that a new machinery and new norms may be introduced for the selection of teachers. As it is, we have to appoint well-qualified teachers to teach, teachers with an aptitude and will to teach. We have to appoint men and women of character and integrity. Then only we can improve our quality of education. More importance has to be given to the teaching of English because we have been neglecting this aspect of education. Formerly, Keralite people were welcomed in other States because they could speak and write good English. Now because they are unable to do so, they have to starve at home. We have banished English from the curriculam of our studies.

In the Governor's Address it is also stated that maximum encouragement will be given to the promotion of technical studies, Science and Technology. How can our students fare well in these subjects, in technical studies, Science and Technology unless they have got good grasp of English. I cannot understand why anybody especially the teachers should raise objection to the granting of English medium schools. They say that these English medium schools will create two classes of citizens. Certainly not. I should say these classes in society have been existing in India even before starting of English Education. The English education has only reduced the number of classes in our society. Hence I would propose that the Government may be pleased to grant more and more English medium schools so that our young men and women may be able to learn English and go out and eke out their livelihood in other States or abroad. We have to appreciate the importance of English. Rajaji once said that English language is the gift of godess Saraswathy to India, it is an international language. It is the language of Science and Technology. It is the commercial language of the world. It is the link language of our country spoken by the largest number of people. As such we have to give due importance to the teaching of English by granting as many English medium schools as possible. We are spending almost 48% of our revenue on Education. But when I see the hooting and howling products of the Universities in our State in jadhas in the streets and when I think of the irresponsible teachers who instigate them to go out to the streets, I wonder what will be the future of our State. Is all the huge amount that we spent on education going to be a colossal waste to bring up ill-disciplined and ill-taught citizens in the State?

During the last session, I have raised the issue of the implementation of the order of Government sanctioning scholarships to the poor Anglo-Indian students in the Upper Primary and High School classes. Because of the inordinate delay incurred in the offices of DEO's and

LIBRARY ARCHIVES Kerala Legislative Assembly

AEO's, this small sum of scholarship could not be disbursed last year. According to the figures given by the Government, only 17 Anglo Indian students have been granted this scholarship. The alloted sum simply lapsed. I would therefore appeal to the Government to give at least this year necessary instructions to the departmental officers to speed up their action in granting this scholarship.

The Board of Anglo-Indian Education, Ernakulam is running eleven schools. It was sanctioned during the period of earstwhile Government of Cochin in 1945 with English as the medium of instruction. But the Travancore-Cochin Government imposed Malayalam as medium in these schools. But that was before the introduction of the Constitution in our country. Subsequently the Goverment which came into power felt the need and allowed English medium classes, especially the UDF Government sanctioned English medium classes in a number of these schools. But there are still four schools which require conversion of the medium of Malayalam into English. I request the Govt. that they may be pleased to grant sanction to convert the medium of these schools into English without any financial commitment.

I once again support the demand.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ചരിത്രം പോലുമില്ലാത്ത ഏക രാഷ്ട്രീയ കക്ഷിയാണ് കേരളാകോൺഗ്രസ്. ആനയും കുതിരയുമല്ലത്ത, ആണും പെണ്ണും കെട്ട വിദ്യാഭ്യാസ നയമാണ് മന്ത്രി ജേക്കബിനേറത്. പാശ്ചാത്യ സംസ്കാരത്തെ അനാധമായി ആശ്ലേഷിച്ചുകൊണ്ട് ആർഷസംസ്കാരത്തേയും കേരള സംസ്ക്കാരത്തേയും കുഴിച്ചുമൂടാൻ ഈ സർക്കാർ കൂട്ടുനിൽക്കുകയാണ്. പൊതുമേഖലയെ നശിപ്പിച്ച് സ്വകാര്യമേഖലയെമാത്രം പ്രോൽസാഹിപ്പിക്കുന്ന തെറ്റായ വിദ്യാഭ്യാസ നയം അവസാനിപ്പിക്കണം. കേരളത്തിലെ വിദ്യാഭ്യാസം മദ്യവ്യവസായത്തെക്കാൾ ലാഭകരമായിത്തീർന്നിരിക്കുകയാണ്. പി.ജി.കോഴ്സും പോളിടെക്നിക്കുകളും പൊളിഞ്ഞപ്പോൾ മന്ത്രി പ്രീഡിഗ്രിബോർഡുമായി വന്നിരിക്കുകയാണ്. ഇതാരു ബ്ലാക്ക് ബോർഡാണ്. ആർക്കും വേണ്ടാത്ത ഈ ബോർഡിന്റെ പിന്നിലും അഴിമതിയുണ്ട്. നൂറാണ്ടുകൾക്കുമുമ്പ് ജർമ്മനിയിൽ നിന്നു കേരളത്തിൽവന്ന മലയാള, സംസ്കൃത ഭാഷകൾക്ക് മഹത്തായ സംഭാവനകൾ നൽകിയ മഹാനായ അർണ്ണോസ്പാതിരിയുടെ വേലൂരിലുള്ള ഔദ്യോഗിക വസതി ചരിത്രം നാളികേരവും സൂക്ഷിക്കുന്ന ഗോഡൗണായി ഇന്നു മാറിയിരിക്കുകയാണ്. ആ വസതി സർക്കാർ ഏറ്റെടുത്ത് ചരിത്രമ്യൂസിയമായി സൂക്ഷിക്കണം. നാരായണപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലടിയിൽ ഈ വർഷംതന്നെ സംസ്കൃതകലാശാല ആരംഭിക്കണം. തെറ്റുകൾ വന്ന പാഠപുസ്തകങ്ങൾക്കുള്ള തിരുത്തൽ പത്രിക അടിയന്തിരമായി വിദ്യാലയങ്ങൾക്ക് എത്തിച്ചുകൊടുക്കണം. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം. പ്രൈമറിസ്കൂളുകളിൽ ഉച്ചക്ഷേണത്തിന് പുറമേ പാലും കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.വി.ദിനകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ജാതിമതചിന്തകൾക്കതീതമായി ദേശീയ ബോധമുള്ള ഒരു തലമുറയെ വാർത്തെടുത്ത് 21–ാം നൂറാണ്ടിലേക്ക് ഇൻഡ്യൻ ജനസമൂഹത്തെ നയിക്കാൻ പര്യാപ്തമായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസനയം രൂപീകരിച്ച് മുന്നോട്ടു പോകുന്ന ഈ അവസരത്തിൽ അത് എത്രകണ്ട് പ്രാവർത്തികമാക്കാൻ നമുക്ക് സാധിക്കുമെന്നുള്ളത് വിശദമായി പരിശോധിക്കേണ്ടതാണ്. കേരളത്തിലെ വിദ്യാഭ്യാസരംഗം സമ്പത്തും സ്വാധീനവുമുള്ള ചില വിഭാഗങ്ങളുടെ പിടിയിലമർന്നു സങ്കീർണ്ണമായിരിക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം. സ്വാധീനശക്തി വർദ്ധിപ്പിക്കുവാനല്ലാതെ കുറയ്ക്കുവാൻ ഒരു ചെറുവിരൽ പോലും അനക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ തുല്ല്യപങ്കാളികളാണ്. ഈ മേഖലയെ സംബന്ധിച്ചിടത്തോളം വലിയൊരു വിഭാഗം ഇന്നു നിരാശ്രയരാണ്. അവരുടെ കുട്ടികളുടെ ഭാവി ഇരുളടഞ്ഞതുമാണ്. ഈ വഴിപിഴച്ച പോക്കിനു വിരാമമിടാനുള്ള ബാദ്ധ്യത കൂട്ടായി ഏറെടുക്കണം. ഇപ്പോഴും രണ്ടുതരം പൗരൻമാരാണുള്ളത്. സമ്പന്നർ അവരുടെ കുട്ടികളെ ഗീർഘവീക്ഷണത്തോടുകൂടി വളർത്തുമ്പോൾ ദരിദ്രരുടെ കുട്ടികളും ഇരുട്ടിൽ തപ്പിത്തടയുന്ന സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഈ നില മാറിയില്ലെങ്കിൽ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്നത് വെള്ളത്തിൽ വരച്ച വര പോലെയായിരിക്കും. രണ്ടുതരം പൗരൻമാരുണ്ടാകുന്നു എന്നുള്ളതിന്റെ അടുത്തകാലത്തെ ഉദാഹരണമാണ് ഗാന്ധിജി സർവ്വകലാശാലയിൽ 42 ശതമാനം റിസൽറ്റ് ഉണ്ടായപ്പോൾ പട്ടിണിപ്പാവങ്ങൾ പഠിക്കുന്ന കേരള സർവ്വകലാശാലയിൽ പ്രീഡിഗ്രിക്ക് 21 ശതമാനം ജയം ഉണ്ടായത്. വിദ്യാഭ്യാസമേഖലയിൽ പിന്നോക്കവിഭാഗങ്ങൾക്ക് അർഹമായ പരിഗണന കിട്ടുന്നില്ല. സംവരണതത്വം പാലിക്കുന്നില്ല. ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത് 50 ശതമാനം മാർക്കില്ലാത്ത വിദ്യാർത്ഥികൾക്ക് കോളേജുകളിൽ പ്രവേശനമില്ലെന്നാണ്. ഇത് ആരെയാണ് ബാധിക്കുന്നതെന്നത് വിലയിരുത്തേണ്ട കാര്യമാണ്. റ്റൊക്കേഷണൽ ഹയർ സെക്കൻറി കോഴ്സിന് പിന്നോക്ക വിഭാഗക്കാർക്ക് സംവരണമില്ല. ഹരിജനങ്ങൾക്ക് മാത്രമാണ് സംവരണമുള്ളത്. സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് സർവ്വെ നടത്തണം. സർവ്വകലാശാലകളിലെ വി.സി.മാരുടെ നിയമനങ്ങൾപോലും സാമുദായികാടിസ്ഥാനത്തിൽ പോകുന്നത് ലജ്ജാകരമാണ്. നേരത്തെ ശ്രീ.രാമചന്ദ്രൻ സൂചിപ്പിച്ചതുപോലെ ഒരു ഗവൺമെൻറ് കോളേജ് പോലുമില്ലാത്ത ആലപ്പുഴ ജില്ലയെ തീരെ അവഗണിച്ചിരിക്കുകയാണ്. സർവ്വകലാശാലാഭരണം കുത്തകവിഭാഗങ്ങളുടെ കയ്യിലാണ്. മേമ്പൊടിക്കുപോലും സർവ്വകലാശാലാഭരണത്തിൽ പിന്നോക്കവിഭാഗങ്ങൾക്ക് പരിഗണന കൊടുക്കുന്നില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംവരണം അട്ടിമറിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിടണം. അല്ലെങ്കിൽ പി. എസ്. സി. യുടെ തത്വമനുസരിച്ച് നിയമനം നടത്തണം. സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാതു സമുദായങ്ങളിൽപ്പെട്ടവർക്ക് മാത്രമാണ് കൊടുക്കുന്നത്. പ്രവേശനത്തിലും നിയമനത്തിലും കോഴ വാങ്ങുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അതവസാനിപ്പിക്കാതെ വിദ്യാഭ്യാസരംഗത്ത് ഏർപ്പെടുത്തുന്ന ഏതു പരിഷ്ക്കാരവും മധുരത്തിൽ പൊതിഞ്ഞ കാഞ്ഞിരക്കുരു പോലെ

LIBRARY ARCHIVES Kerala Legislative Assembly

യായിരിക്കും. ഒരു ഗവൺമെൻറ് കോളേജ് പോലുമില്ലെന്ന ഗതികേടാണ് ആലപ്പുഴ ജില്ലയ്ക്കുള്ളത്. ആലപ്പുഴയിൽ ഒരു ഗവൺമെൻറ് കോളേജ് സ്ഥാപിക്കണമെന്നു പറയുന്നതോടൊപ്പംതന്നെ അമ്പലപ്പുഴയിൽ ഒരു എൻജിനീയറിംഗ് കോളേജ് കൂടി സ്ഥാപിച്ചുകിട്ടണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കാനും അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ വ്യവസ്ഥകൾ പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

ശ്രീ.കോട്ടക്കുഴി സുകുമാരൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ മാറ്റാൻ കഴിയാത്ത നിയമങ്ങളൊന്നുമില്ല. കുമാരനാശാൻ 'മാറ്റുവിൻ ചട്ടങ്ങളെ' എന്നു പറഞ്ഞിട്ടുള്ളതുപോലെ ഇവിടെ മാറ്റാൻപറ്റാത്ത ചട്ടങ്ങളൊന്നുമില്ല. ഒരു ജനാധിപത്യരാജ്യത്തിലെ വരുംതലമുറയുടെ ഉദ്ദേശലക്ഷ്യങ്ങൾ മനസ്സിൽകണ്ടുകൊണ്ട് ഒരു ഗവൺമെൻറ് അല്ലെങ്കിൽ ഒരു വിദ്യാഭ്യാസമന്ത്രി പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് ഇവിടെ കാണുന്നത്. ജനങ്ങൾക്ക് ആവശ്യമായ ഏതെങ്കിലും ഒരു നിയമനിർമ്മാണം സോവിയറ്റ് റഷ്യയിൽ നടപ്പിലാക്കണമെന്ന് അവിടത്തെ ഗവൺമെൻറ് വിചാരിച്ചാൽ സമരങ്ങൾ മൂലം അതു മാറ്റിവയ്ക്കുന്ന പതിവ് അവിടെയില്ല. കമ്മ്യൂണിസ്റ്റ് ചൈനയിലും ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി നിയമനിർമ്മാണം നടത്തുമ്പോൾ സമരംമൂലം അതു മാറ്റിവച്ച സംഭവമില്ല. അവിടെ സമരമില്ല. മുസ്ലീംരാജ്യങ്ങളിലേയും സ്ഥിതി ഇതുതന്നെയാണ്. പുരോഗമനപരമായ കാര്യങ്ങൾ ചെയ്യണമെങ്കിലും ഇവിടെ സമരമാണ്. കേരളാ കോൺഗ്രസ്സിനെ, മുസ്ലീംലീഗിനെ, എൻ.ഡി.പി.യുടെ, എസ്.ആർ.പി.യുടെയെല്ലാം പിൻതുണയുള്ള ഗവൺമെൻറ് കൂട്ടുത്തരവാദിത്വത്തോടുകൂടിയാണ് ഇവിടെ പരിപാടികൾ നടപ്പിലാക്കുന്നത്. എല്ലാവിധ ആളുകളുടേയും പിൻതുണ ഇക്കാര്യത്തിൽ ഗവൺമെൻറിനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കണം. ഈ കോഴ്സ് പാസാകുന്ന കുട്ടികൾക്ക് ഉടൻതന്നെ ജോലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അവരുടെ ഭാവി അവതാളത്തിലാകുമെന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം പ്രീ-ഡിഗ്രി ബോർഡിൻറെ കീഴിൽ കൊണ്ടുവരണം. കഴിഞ്ഞ വർഷം അനുവദിക്കാതിരുന്ന പോളിടെക്നിക്കുകൾ ഈ വർഷം തന്നെ അനുവദിക്കണം. 1986–87–ൽ തന്നെ കുട്ടികൾക്ക് പോളിടെക്നിക്കുകളിൽ ചേർന്നു പഠിക്കുന്നതിനുള്ള അവസരം ഉണ്ടാകണം. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി.സി.ജോർജ്: സർ, ഈ ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ്. ഇന്നു രാവിലെ പ്രതിപക്ഷ നേതാവ് ശ്രീ.ഇ.കെ. നായനാരുടെ സംസാരവും, അതോടൊപ്പം പ്രതിപക്ഷ മെമ്പർമാർ ഈ സഭയിൽ നടത്തിയ ധർണ്ണയും കണ്ടപ്പോൾ അൽഭുതം തോന്നി. ബഹുമാനപ്പെട്ട ഗൗരിയമ്മ സംസാരിക്കുമ്പോഴെങ്കിലും, പ്രീ-ഡിഗ്രിബോർഡിനെപ്പറ്റി നിങ്ങൾക്കുള്ള നയമെന്താണെന്നു വിശദീകരിക്കുമെന്നു ഞാൻ കരുതുന്നു. ഈ സഭ തുടങ്ങിയ ദിവസം ഇവിടെ പ്രതിപക്ഷ നേതാവ് അടിയന്തിര പ്രമേയം അവതരിപ്പിച്ചു. ഈ പദ്ധതി വേണമോ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടയോ എന്നതിനെപ്പറ്റി ഒരഭിപ്രായം പറഞ്ഞിട്ടില്ല. ഇതു കുറെ ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമായതുകൊണ്ട് ചർച്ച ചെയ്യണമെന്ന് മാത്രമാണ് പ്രതിപക്ഷം പറയുന്നത്. പ്രീഡിഗ്രി ബോർഡിനെപ്പറ്റി പ്രതിപക്ഷനേതാവിന്റേയും പ്രതിപക്ഷപാർട്ടികളുടേയും അഭിപ്രായമെന്താണെന്ന് ഞങ്ങൾക്ക് അറിയണം. ആണുമല്ല പെണ്ണുമല്ല എന്ന രീതിയിൽ മുന്നോട്ടു പോകാൻ കഴിയില്ല. പ്രീഡിഗ്രിബോർഡ് എന്ന നയപരമായ ഒരു തീരുമാനം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്തുകൊണ്ട് മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുന്നു. ഗവൺമെന്റിന്റെ ആ നയത്തെ നിങ്ങൾ, എതിർക്കുന്നുണ്ടോ? ഞങ്ങൾക്ക് അറിയേണ്ടത്, അതാണ്. ഈ തീരുമാനം സാദ്ധ്യമല്ല എന്നോ, നയം മാറണമെന്നോ ആണ്; നിങ്ങളുടെ അഭിപ്രായമെങ്കിൽ അതു മനസ്സിലാക്കാൻ ഞങ്ങൾ തയ്യാറാണ്. എനിക്ക് വിദ്യാഭ്യാസവകുപ്പ് മന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. പ്രതിപക്ഷം പറയുന്നത് +2 എന്നാക്കണമെന്നാണ്. അങ്ങനെയാക്കണം. ഈ പദ്ധതിക്ക് പ്രീഡിഗ്രി ബോർഡ് എന്ന പേര് വന്നതാണ് സംസ്ഥാനത്തുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സഭയിലുള്ള ഏറ്റവും പ്രായവും പക്വതയുമുള്ള അംഗമെന്നനിലയിൽ ശ്രീമതി ഗൗരിയമ്മ പറയുന്ന പേര് സ്വീകരിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. ഏതായാലും വിദ്യാഭ്യാസമേഖല പരിവർത്തനത്തിന് വിധേയമാക്കേണ്ട ഒരു മേഖലയാണെന്നകാര്യത്തിൽ ആർക്കും തർക്കമില്ല. പിന്നെ എന്താണ് ഇവിടെ തർക്കം. നാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒരു ബദൽരേഖ കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാക്കി. "Alternative Policies for the Fourth Five year Plan" എന്നു പറഞ്ഞിട്ട്. അതിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച് എഴുതിയിരിക്കുന്നത് ശ്രീ. ജോസഫ് മുണ്ടശ്ശേരിയാണ്. 1964—ൽ ആരംഭിച്ച പ്രീഡിഗ്രി, യൂണിവേഴ്സിറ്റിയിൽ നിന്നും മാറണമെന്ന് വളരെ ശക്തമായ ഭാഷയിൽ അദ്ദേഹം പറഞ്ഞിരിക്കുകയാണ്. അത് നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ? സർ, അതിന്റെ പേജ് 349—ൽ അദ്ദേഹം എഴുതിയിരിക്കുന്നത്....The Pre-Degree Course is a misnomer in the present set up of education. It is almost a waste....ഇത് മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞതാണ് ഞങ്ങൾ പറഞ്ഞതല്ല. കമ്മ്യൂണിസ്റ്റുകാരൻ പറഞ്ഞതാണ്. പിന്നെയെന്തിനാണ് നിങ്ങൾ എതിർക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. എന്റെ നിയോജകമണ്ഡലം ഗ്രാമപ്രദേശങ്ങളുൾക്കൊള്ളുന്നതാണ്. അതുകൊണ്ട് എന്റെ കാഴ്ചപ്പാടിൽ, പ്രീഡിഗ്രി കോളേജുകളിൽനിന്നും മാറി ഗ്രാമപ്രദേശങ്ങളിലുള്ള സ്കൂളുകളിലേക്ക് കൊടുക്കുകയാണെങ്കിൽ ഞാൻ അതിനെ അനുകൂലിക്കും. ഈ സമ്പ്രദായം ഇവിടെ മാത്രമല്ല ബംഗാളിലും നടപ്പാക്കിയിട്ടുണ്ട്. ബംഗാളിൽ 162 കോളേജുകളിലും 1100 സ്കൂളുകളിലും 1975 മുതൽ ഇത് നടന്നുവരികയാണ്. ഇതിനെ പറ്റി പ്രതിപക്ഷങ്ങൾക്ക് തർക്കമില്ല. ശ്രീമതി ഗൗരിയമ്മയും കമ്മ്യൂണിസ്റ്റ് പാർട്ടിയും സമ്മതിക്കുമെങ്കിൽ ബംഗാളിൽ എങ്ങനെയാണോ ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത് ആ മാതൃക സ്വീകരിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കണമെന്ന് മാത്രമാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എം. ജിനദേവൻ: ഈ +2 ഗ്രാമപ്രദേശങ്ങളിലുള്ള സ്കൂളുകളിലാക്കുന്നതിന് അനുകൂലിക്കുന്നല്ലോ? ഗ്രാമപ്രദേശങ്ങളിലുള്ള സ്കൂളുകളും അധികവും സഹകാര്യമേഖലയിലാണെന്ന കാര്യം മെമ്പർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പി.സി.ജോർജ്: സ്വകാര്യമേഖലയിലെ സ്കൂളുകളുടെ കണക്കു പറയുകയാണല്ലേ? എത്ര സ്കൂളുകൾ ഈ സംസ്ഥാനത്തുണ്ട്. മൊത്തം 12215 സ്കൂളുകൾ ഈ സംസ്ഥാനത്തുണ്ട്. അതിൽ ഗവൺമെൻറ് മേഖലയിൽ 4498 എണ്ണം. സ്വകാര്യ മേഖലയിൽ 7717 എണ്ണം. അതിൽ എയിഡഡ് സ്കൂളുകൾ 7284 എണ്ണം. അൺഎയിഡഡ് 428 എണ്ണം. ഈ ഗവൺമെൻറ് അനുവദിച്ചത് മൊത്തം 742 എണ്ണം. അതിൽ 116 എണ്ണം ഗവൺമെൻറ് മേഖലയിലും, 626 എണ്ണം സ്വകാര്യ മേഖലയിലും. അതിൽ എയിഡഡ് 332 എണ്ണം. അൺഎയിഡഡ് 294 എണ്ണം. സർ, ഞാൻ ചോദിക്കട്ടെ, ശ്രീ.നായനാരുടെ കാലത്ത് പ്രാഥമിക നോട്ടിഫിക്കേഷൻ നടത്തിയത് 465 സ്കൂളുകൾക്കാണ്. എൺപതു ദിവസത്തെ ഇടക്കാല ഗവൺമെൻറ് അനുവദിച്ചത് 275 എണ്ണം. അങ്ങനെ മൊത്തം 740—ൽ 332 സ്കൂളുകൾ മാത്രമാണ് സ്വകാര്യ മേഖലയിൽ ഗവൺമെൻറ് കൊടുത്തത്. കേരളസംസ്ഥാനത്തിൻെറ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്കൂളുകൾ പ്രൈവറ്റ് മേഖലയിൽ കൊടുത്തുവെന്നുള്ള മാന്യത ശ്രീ.നായനാരുടെ ഗവൺമെൻറിനാണ്. എന്നിട്ടാണ് ശ്രീ.ജിനദേവൻ ഇങ്ങനെ സംസാരിക്കുന്നത്. ഇനി കോളേജുകളുടെ ചരിത്രം നോക്കാം. ശ്രീ.നായനാരുടെ 21 മാസക്കാലത്തെ ഭരണത്തിനിടയിൽ 29 കോളേജുകൾ അനുവദിച്ചതിൽ 18 എണ്ണവും സ്വകാര്യമേഖലയിലാണ്. 11 എണ്ണം ഗവൺമെൻറ് മേഖലയിലും. എന്നാൽ 4 കൊല്ലക്കാലം ഭരിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ആകെ അനുവദിച്ചിട്ടുള്ളത് 11 കോളേജുകളാണ്. അതിൽ 8 എണ്ണം പ്രൈവറ്റ് മേഖലയിലും 3 എണ്ണം ഗവൺമെൻറ് മേഖലയിലും. എന്നിട്ടാണ് പ്രതിപക്ഷം സ്വകാര്യമേഖലയെ കുറ്റം പറയുന്നത്. നിങ്ങൾ ചെയ്തത് നല്ലതെന്നാണ് എൻെറ അഭിപ്രായം. ഇക്കാര്യത്തിൽ പ്രതിപക്ഷ ഗവൺമെൻറല്ല, ഏത് ഗവൺമെൻറായാലും എനിക്കും എൻെറ പാർട്ടിക്കും അനുഭവമേയുള്ളൂ. ജിനദേവൻെറ മകൻ ഇപ്പോൾ എവിടെയാണ് പഠിക്കുന്നത്? ജിനദേവൻ പറഞ്ഞ അപകടം എനിക്കറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു പ്രമേയം പാസ്സാക്കിയിരിക്കയാണ്. അവരുടെ നേതാക്കൻമാരുടെ മക്കൾ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കാൻ പാടില്ലെന്നാണ് അവർ പാസ്സാക്കിയിരിക്കുന്ന പ്രമേയം. പ്രമേയം പാസ്സാക്കിയതിൽ വലിയ കുഴപ്പമൊന്നുമില്ല. ജിനദേവൻെറ മകൻ, നല്ലവണ്ണം പഠിക്കുന്ന മിടുക്കനായ ഒരു കുട്ടിയാണ്. ആ കുട്ടിയെ തൊടുപുഴയുള്ള സ്കൂളിൽനിന്നും പെരുമ്പാവൂരിൽ കൊണ്ടുപന്ന് പി.കെ.വി.മാനേജരായിട്ടുള്ള, മലയാളം പള്ളിക്കൂടത്തിൽ ചേർത്ത് ഹോസ്റ്റലിൽ വിട്ടിരിക്കുകയാണ്. പക്ഷേ, ജിനദേവൻ മനസ്സിലാക്കണം, മാർക്സിസ്റ്റ് പാർട്ടി നിങ്ങളെയൊക്കെ കുപ്പിയിലിറക്കുകയാണ്. നമ്മുടെ ഇ.എം.എസ്സിൻെറ മക്കൾ എവിടെയാണ് പഠിച്ചത്? ശ്രീ.ഇ.എം.എസ്സിൻെറ മക്കൾ പഠിച്ച് പാസായി ഒരാൾ ഡോക്ടറായി, രണ്ടുപേർ സി.എ.ക്കാരായി. എന്നാൽ ജിനദേവൻെറ മകൻ എവിടെപ്പോയി? ശ്രീ.ബാലാനന്ദൻെറ മകൻ കാപ്പിറേഷൻ ഫീസ് കൊടുത്ത് കോതമംഗലത്ത് ഒരു എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുകയാണ്. അതുപോലെ നമ്മുടെ ലോറൻസിൻെറ മകൾ എവിടെയാണ് പഠിച്ചത്? ലോറൻസിൻെറ മകൾ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കഴിഞ്ഞു. ജിനദേവനറിയാമോ? ശ്രീ.വർക്കല രാധാകൃഷ്ണൻെറ മക്കൾ എവിടെയാണ് പഠിച്ചത്? കഴിഞ്ഞകൊല്ലംവരെ അവരും ഇംഗ്ലീഷ്മീഡിയം സ്കൂളിലാണ് പഠിച്ചത്. നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമോ? കോലിയക്കോട് കൃഷ്ണൻ നായരുടെ

LIBRARY ARCHIVES Kerala Legislative Assembly

മക്കളെ ക്രൈസ്റ്റ് നഗർ ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിക്കുന്നത്. എന്റെ അഭിപ്രായം അവിടെ പഠിപ്പിക്കണമെന്നാണ്. 117 കുട്ടികളെ പരീക്ഷ എഴുതിയതിൽ 117 എണ്ണവും ഫസ്റ്റ് ക്ലാസ്സിൽ പാസ്സായിട്ടുള്ള പാരമ്പര്യമാണവിടെയുള്ളത്. അതുകൊണ്ട് നിങ്ങളെ മനസ്സിലാക്കണം. ഈ രാഘവനോട് ചെയ്തതിലും വലിയ കടുംകൈയാണ് ജിനദേവനോട് പാർട്ടി ചെയ്തത്. അവരുടെ നേതാക്കൻമാരുടെ മക്കളെല്ലാം പഠിച്ച് നല്ല നിലയിലായി. ഇനിയുള്ള നേതാക്കൻമാർക്ക് വിദ്യാഭ്യാസമുള്ള മക്കളുണ്ടാകരുതെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി തീരുമാനിച്ചിരിക്കുകയാണ്. സത്യം അതല്ലേ? പിന്നെ ഒരു മാതിരി വിദ്യാഭ്യാസവും വിവരവുമുള്ളവരാരും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയില്ല. അതുകൊണ്ട് കേരള സംസ്ഥാനത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസമുണ്ടാകരുതെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് നിങ്ങൾ ഈ നിലപാടുമായി മുൻപോട്ടു പോകുന്നത്. നിങ്ങൾ ഈ നയം മാറണം എന്നു തന്നെയാണ് എനിക്ക് പറയാനുള്ളത്.

സർ, കോത്താരി കമ്മീഷൻ റിപ്പോർട്ടാണ് ദേശീയ വിദ്യാഭ്യാസ രേഖയായിട്ട് അംഗീകരിച്ചിരിക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നത് 10+2+3 ആയിരിക്കണമെന്നാണ്. 10 കഴിഞ്ഞുള്ള +2 സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായിരിക്കണമെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം അദ്ദേഹം പറഞ്ഞിരിക്കുകയാണ്. എം.പി.മേനോൻ കമ്മീഷൻ റിപ്പോർട്ടുണ്ട്. ഇവിടെ അതിനെപ്പറ്റി പ്രസംഗിക്കാത്തവർ നിങ്ങളിൽ ആരുണ്ട്? അതൊക്കെ മന്ത്രി പറഞ്ഞാൽ മതി. ഞാൻ ദീർഘിപ്പിക്കുന്നില്ല. കഴിഞ്ഞ ബജറ്റ് ചർച്ചയിലും ഇതിനുമുൻപുള്ള ചർച്ചകളിലും പ്രതിപക്ഷത്തുനിന്ന് സംസാരിച്ച മുഴുവൻ ആളുകളും വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു പ്രീഡിഗ്രി ബോർഡ് വേണമെന്നും എം.പി.മേനോൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നും. എം. പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്. ചർച്ചവേണമെന്ന് നിങ്ങൾ പറഞ്ഞതുകൊണ്ടാണ് പറയുന്നത്. എം. പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിൽ വിദ്യാർത്ഥിനേതാക്കളെയും അദ്ധ്യാപകനേതാക്കളേയും ഇതുപോലെയുള്ള ആളുകളേയും ചർച്ച ചെയ്യുന്നതിനുവേണ്ടി എറണാകുളത്ത് ഒരു കോൺഫറൻസിൽ വിളിച്ചിട്ട് ഒരൊറ്റ ആളുകളും അങ്ങോട്ട് കയറിയിട്ടില്ലെന്ന് അദ്ദേഹം എഴുതിവച്ചിട്ടുണ്ട്. എന്നിട്ടാണ് ഇപ്പോൾ ചർച്ച വേണമെന്ന് പറയുന്നത്.

സർ, ഇപ്പോൾ യൂണിവേഴ്സിറ്റിയിൽ സമരം നടക്കുകയാണ്. എനിക്ക് അറിയേണ്ടത് അവിടത്തെ സ്റ്റാഫിനോ അല്ലെങ്കിൽ പത്തോ, അയ്യായിരമോ വരുന്ന അദ്ധ്യാപകർക്കോ വേണ്ടിയാണോ ഗവൺമെന്റ് ഈ നയം സ്വീകരിച്ചിരിക്കുന്നത്? അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നിയമപരമായ പരിഗണനകൊടുത്തുകൊണ്ട് അവരെ രക്ഷിക്കാൻ തയ്യാറാണെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുന്ന സമയമായപ്പോൾ, പരീക്ഷ സെക്ഷനിൽ വയ്ക്കേണ്ട മാർക്ക് ലിസ്റ്റ് വേസ്റ്റ് കൂനയിൽ ഇട്ടിരുന്ന ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാൻ പോകുന്നുവെന്ന് എനിക്കറിഞ്ഞാൽ കൊള്ളാം. അതുപോലെ സിൻഡിക്കേറ്റ് മെമ്പറുടെ മേശക്കകത്ത് പല കോളേജുകളിലേയും മാർക്ക് ലിസ്റ്റ് ഒളിച്ചുവച്ചിരുന്നു. ആ സിൻഡിക്കേറ്റ് മെമ്പറുടെ പേരിൽ എന്തു നടപടി ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നുവെന്നറിയാൻ ആഗ്രഹമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വക കാര്യങ്ങളിൽ ചർച്ചയല്ല എന്തു നടപടി ഉണ്ടായാലും വിട്ടുവീഴ്ച യുണ്ടാകുന്ന നയം ഗവൺമെൻറ് സ്വീകരിക്കരുത് എന്ന് പ്രത്യേകം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ.ടി.പി.പീതാംബരൻ മാസ്റ്റർ: സർ, നമ്മുടെ വിദ്യാഭ്യാസരംഗമാകെ സ്തംഭിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഇത്തരമൊരു ധനാഭ്യർത്ഥനയുമായി വന്നിരിക്കുന്ന ബഹുമാന്യനായ മന്ത്രിയുടെ ധനാഭ്യർത്ഥനയെ എതിർക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. ഇവിടെ പ്രീ ഡിഗ്രിബോർഡ് എന്ന വളരെ പരിപാവനമായ ഒരു ബോർഡ് ഉണ്ടാക്കാൻ നമ്മുടെ സർക്കാർ തീരുമാനിച്ചുപോയി. അതൊരു നയപരമായ തീരുമാനമായതുകൊണ്ട് അതിനെപ്പറ്റി പുനഃപരിശോധനയില്ല, ചർച്ചയില്ല. ഇങ്ങനെയൊരു ദുർവാശി പിടിച്ചുകൊണ്ട്, രണ്ടു മാസമായി നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ രംഗമാകെ സ്തംഭിപ്പിച്ചിരിക്കുന്നതിന്റെ ഉത്തരവാദിത്വം ഈ സർക്കാർ ഏറ്റെടുക്കണം.

സർ, സമയത്ത് പരീക്ഷകളും നടത്താൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് റിസൾട്ട് പുറത്താക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മറ്റു യൂണിവേഴ്സിറ്റികളിൽ പോയി പഠിക്കാനുള്ള കുട്ടികൾക്ക് അപേക്ഷിക്കാൻ നിവൃത്തിയില്ല; മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കും പ്രൊഫഷണൽ ഡിഗ്രീസിനുംവേണ്ടി അപേക്ഷിക്കുന്നതിന് കുട്ടികൾക്ക് സന്ദർഭം കിട്ടിയിട്ടില്ല. ഇത്തരത്തിൽ വിദ്യാർത്ഥികളുടെ ഭാവി നശിപ്പിക്കുന്ന ഒരു കടുത്ത പരീക്ഷണം ഈ സർക്കാർ ഈ സന്ദർഭത്തിൽ നടത്തിയത് വളരെ ക്രൂരമായിപ്പോയിയെന്ന് ഞാൻ പറയുകയാണ്. 10+2+3 എന്ന ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായിട്ടാണ് മാറ്റം വരുത്തുന്നതെന്ന് പറയുന്നു. ദേശീയവിദ്യാഭ്യാസനയമാണ് 10+2+3 എന്നു പറഞ്ഞാൽ ഈ പ്രീഡിഗ്രിബോർഡിന്റെ സർവ്വ ദോഷങ്ങളും അതോടുകൂടി തീരുമെന്നാണ് ഇതിനുവേണ്ടി വാദിക്കുന്നവർ ധരിച്ചുവച്ചിരിക്കുന്നത്. ഇവിടെ സംസാരിച്ചകൂട്ടത്തിൽ പലരും പറഞ്ഞു, നമ്മുടെ വിദ്യാഭ്യാസത്തിന്റെ നിലവാരം വളരെ താഴ്ന്നുപോയിരിക്കുന്നുവെന്ന്. അതിന് പരിഹാരമാണോ പ്ലസ് ടു; ഈ പ്ലസ് ടു പ്രീഡിഗ്രിബോർഡിന്റെ കീഴിലാക്കിയാൽ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ കഴിയുമോ? ഇപ്പോഴുള്ള വിദ്യാഭ്യാസ സംവിധാനങ്ങളും നിലവാരവും യൂണിവേഴ്സിറ്റിയിൽനിന്ന് മാറി ഒരു ബോർഡിന്റെ കീഴിൽ അതിന്റെ മാനേജ്മെൻറ് കൊണ്ടുവന്നാൽ എന്തു മാറ്റമാണ് വരുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തണമെങ്കിൽ അതിനാവശ്യമായ നടപടികളും വേണ്ട വേണം. അതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ. പ്രീഡിഗ്രിബോർഡിന്റെ കീഴിൽ ഇപ്പോഴും പറയുന്ന പ്ലസ് ടു തന്നെയാണ് പ്രീഡിഗ്രിയെന്നു പറയുന്നത്. 10+2+3 എന്നു പറയുന്ന നാഷണൽ പാറ്റേൺ ഓഫ് എഡ്യൂക്കേഷൻ പ്രഖ്യാപിക്കപ്പെട്ടിട്ട് പ്രഖ്യാപിക്കപ്പെട്ടിട്ട് കൊല്ലങ്ങളായി. ഈ പത്തുപന്ത്രണ്ട് കൊല്ലങ്ങൾക്കിടയ്ക്ക് പ്ലസ് ടു എന്നു പറയുന്നതെന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. പത്താംക്ലാസ് കഴിഞ്ഞ കുട്ടികളും മുഴുവൻ പേരും നേരെ അക്കാഡമിക് പഠനം നടത്തി ഡിഗ്രിയെടുത്ത് പിന്നീട് പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രിക്ക് പോകുന്നു. ഇങ്ങനെ നേരെ അക്കാഡമിക് ഡിഗ്രിയെടുത്ത് പോകുന്ന പ്രവണത, അതുമൂലമുണ്ടാകുന്ന തൊഴിലില്ലായ്മയും സാമൂഹ്യപ്രശ്നങ്ങളും ഈ രാജ്യത്ത് പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് ഒരു പാറ്റേണാണ് 10+2+3. അത് ഡിഗ്രി ക്ലാസു

LIBRARY ARCHIVES Kerala Legislative Assembly

കളിലേക്ക് ചെല്ലുന്ന കുട്ടികളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനുവേണ്ടി ഉണ്ടാക്കിയതാണ്. പത്താംക്ലാസ് വിദ്യാഭ്യാസം കഴിഞ്ഞു വരുന്ന അക്കാഡമിക് വിദ്യാഭ്യാസത്തിന് താൽപര്യമുള്ളവരും, ടെക്നിക്കൽ വിദ്യാഭ്യാസത്തിന് താൽപര്യമുള്ളവരും ഏതെങ്കിലും ട്രേഡിൽ താൽപര്യമുള്ളവരുമായ കുട്ടികളെയെല്ലാം അവരുടെ വാസനയനുസരിച്ച് പരിശീലനം നൽകി, പരീക്ഷനടത്തി അക്കാഡമിക് യോഗ്യതയുള്ളവർക്ക് വേണമെങ്കിൽ ഡിഗ്രിക്ക് പോകാനും അല്ലാത്തവർക്ക് സാങ്കേതികവിദ്യാലയങ്ങളിലേക്കോ മറ്റ് ട്രേഡുകളിൽ പരിശീലനത്തിനോ പോകാനുമുള്ള അവസരമുണ്ടാക്കാൻ ഒരു വഴിതിരിയുന്ന സ്ഥലമായിട്ടാണ് പ്ലസ്ടു നിശ്ചയിച്ചത്. അതാണോ ഈ മന്ത്രി ഉദ്ദേശിക്കുന്നത്? അതാണോ നാളെ ഇവിടെ നടപ്പാക്കാൻ പോകുന്നത്? ഇതിന് മറുപടി പറയുമ്പോൾ ഈ ഡൈവേഴ്സിഫിക്കേഷന് സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതറിയാനെനിക്ക് താൽപര്യമുണ്ട്.

സർ, ഇവിടെ പ്ലസ്ടു എന്താണ് പഠിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്? എവിടെയാണ് പഠിപ്പിക്കാനെന്ന് തീരുമാനിച്ചിട്ടുണ്ടോ? സ്കൂളിലാകാം, കോളേജിലാകാം, രണ്ടിടത്തുമല്ലാതെയുമാകാം. ഒരു ബോർഡുവേണമെന്നല്ലാതെ എവിടെയാണ്, ആരാണ് പഠിപ്പിക്കാനെന്ന് തീരുമാനിച്ചിട്ടുണ്ടോ? നിങ്ങളിത് പ്ലസ്ടു ആണെന്നു പറയുന്നു, എന്നാൽ ഞാൻ പറയുന്നു ഇത് പ്ലസ്ടു അല്ലെന്ന്. പ്ലസ്ടു ആണെങ്കിൽ അതിന് ഒട്ടനവധി സജ്ജീകരണങ്ങൾ വേണം, അതിനാവശ്യമായ സ്ഥലസൗകര്യം വേണം; കെട്ടിടസൗകര്യം വേണം, യന്ത്രസാമഗ്രികൾ വേണം, വിവിധ ട്രേഡിൽ പരിശീലനം കൊടുക്കാനുള്ള സാങ്കേതികവിദഗ്ധൻമാർ വേണം. അതിനെക്കുറിച്ചെല്ലാം ഈ സർക്കാർ ആലോചിച്ചിട്ടുണ്ടോ? ഈ സംവിധാനങ്ങൾ ഉണ്ടാകണമെങ്കിൽ എത്ര കോടി രൂപ അധികമായി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ? ഒരു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് വേണ്ടത്ര പരിശോധിച്ച് അവഗാഢമായി ആലോചിച്ച് അതിന്റെ സാമ്പത്തിക ബാദ്ധ്യത എന്തെന്ന് നിശ്ചയിക്കണം. അത് താങ്ങാൻ ഈ സർക്കാരിന് ഇന്നത്തെ സാഹചര്യത്തിൽ കഴിയുമോ? ഇത്തരമൊരു തീരുമാനമെടുക്കാൻ എന്തൗചിത്യമാണുള്ളത്? അഞ്ചെട്ട് മാസങ്ങൾ കഴിയുമ്പോൾ ഇറങ്ങിപ്പോകാനുള്ള സർക്കാർ ഇക്കൊല്ലം ഇത് നടപ്പിലാക്കുന്നില്ലെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ഇക്കൊല്ലം നടപ്പിലാക്കുന്നില്ലെങ്കിൽ, അടുത്ത കൊല്ലമാണ് നടപ്പിലാക്കാൻ പോകുന്നതെങ്കിൽ അപ്പോൾ വരുന്ന സർക്കാർ നടത്തേണ്ട കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനിക്കാൻ അവർക്ക് വിടുകയല്ലേ ഉചിതം? വരാൻ പോകുന്ന സർക്കാരിന്റെ മേൽ ഇത്തരമൊരു ഏർപ്പാട് കെട്ടി ഏൽപ്പിച്ചാൽ അതിന് എന്താണ് അർത്ഥം?

ശ്രീ. പി. സീതിഹാജി: വരാൻപോകുന്ന സർക്കാരും ഞങ്ങളുടേതുതന്നെയായിരിക്കും. അതിന് സംശയമൊന്നുംവേണ്ട.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: വരാൻ പോകുന്ന സർക്കാരിൽ ശ്രീ.പി.സീതിഹാജി മുഖ്യമന്ത്രിയായിരുന്നാൽ പോലും അദ്ദേഹത്തിന് വിദ്യാഭ്യാസത്തിലുള്ള അഭിപ്രായങ്ങൾ രൂപീകരിക്കാനുള്ള അവസരം വേണ്ടേ? ശ്രീ.ടി.എം. ജേക്കബിന്റെ അഭിപ്രായങ്ങൾ ശ്രീ.സീതിഹാജി ചുമക്കണം, അല്ലെങ്കിൽ വരാൻ പോകുന്ന സർക്കാർ ചുമന്നുകൊള്ളണം എന്നൊക്കെ പറയുന്നത് മര്യാദയാണോ? ഇതിൽ ആത്മാർത്ഥതയുണ്ടോ? ഇതെല്ലാം ആലോചിച്ച് വേണ്ട സംവിധാന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളൊക്കെ ഉണ്ടാക്കിയിട്ടുവേണം പരിഷ്കാരമുണ്ടാക്കാൻ. സാധാരണ വണ്ടി കുതിരയുടെ പുറകിലാണ് കെട്ടുക. ഇവിടെ വണ്ടി കുതിരയുടെ മുമ്പിലാണ് കെട്ടിയിരിക്കുന്നത്. നയപരമായ തീരുമാനമെടുത്ത്, ആ തീരുമാനത്തിൽ ഇനി എന്തെല്ലാം മാറ്റങ്ങൾവേണം, ആര് പഠിപ്പിക്കണം, എവിടെ പഠിപ്പിക്കണം, എന്ത് സജ്ജീകരണങ്ങൾ വേണം എന്നൊക്കെ പരിശോധിക്കാൻ ഇനിയാണ് ആളുകളെ വയ്ക്കുന്നത്. സാധാരണ ആളുകൾ ചിന്തിക്കുന്നതിൽനിന്ന് തലതിരിഞ്ഞാണ് ഇവിടെ ചിന്തിക്കുന്നത്. ഇവിടെ ഒരു ചെരിപ്പുണ്ടാക്കിയിരിക്കുന്നു. ഇനി നമ്മുടെ കാൽ ചെരിപ്പിന്റെ അളവിൽ മുറിക്കണം. 'പ്രീഡിഗ്രി' എന്ന വാക്കിന് കുഴപ്പം വരാൻ പാടില്ല, അത് പരിപാവനമാണ്, നയപരമാണ്, ദേശീയമാണ്. അതുകൊണ്ട് ആ തീരുമാനത്തിന് കോട്ടം വരാത്തനിലയിൽ എന്തുവേണമെങ്കിലും ചർച്ചചെയ്യാമെന്നാണ് പറയുന്നത്. ചെരിപ്പുണ്ടാക്കിപ്പോയി, ആ ചെരിപ്പിനെ മാറാൻ പറ്റില്ല, ചെരിപ്പിന് പറ്റിയ കാലുണ്ടാക്കണമെന്ന് വാശി പിടിക്കുന്ന ഈ ഔദ്ധത്യം ആരെ രക്ഷിക്കാൻ വേണ്ടിയാണ്? ഈ സ്ഥിതിയാകുമ്പോൾ, ഇങ്ങനെ ദീർഘവീക്ഷണമില്ലായ്മയാകുമ്പോൾ ഇതിനകത്തെന്തോ കള്ളക്കളിയുണ്ടെന്ന് ആളുകൾ പറയുന്നത് ശരിയാണ്. ആരെയോ തൃപ്തിപ്പെടുത്താൻ, ശ്രീ.ടി.എം.ജേക്കബ് ചില കാര്യങ്ങൾക്ക് കരാർ കൊടുത്തുപോയിയെന്നു തോന്നുന്നു. അതുകൊണ്ട് ഇറങ്ങിപ്പോകുന്നതിനുമുമ്പ് ഇത്തരത്തിൽ ജനങ്ങളുടെമേൽ ഒരു തീരുമാനം അടിച്ചേൽപ്പിക്കരുത്.

തുഗ്ലക്കിന്റെ പരിഷ്കാരംപോലെ തോന്നിയപോലെ ആവേശം കൊണ്ട് ഒരു തീരുമാനമെടുക്കുകയും നടപ്പിലാക്കാൻ കഴിയാത്തതിന്റെ ഫലമായി വീണ്ടും ഒന്നുരണ്ടു വർഷങ്ങൾ കഴിയുമ്പോൾ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയുംചെയ്യുന്നതുപോലെ തുഗ്ലക്കിന്റെ പരീക്ഷണങ്ങൾ പരീക്ഷിക്കുന്ന വേദിയായി ഈ രാജ്യത്തെ ഭാവിതലമുറയെ നശിപ്പിക്കരുത്, ആ ദ്രോഹത്തിൽ നിന്നും പിൻവാങ്ങണമെന്ന് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഞാനീ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ഫ്യൂഡലിസത്തിന്റെ കാലഘട്ടത്തിൽ ഈ രാജ്യത്ത് വിദ്യ അഭ്യസിപ്പിക്കാനുള്ള അവകാശം ബ്രാഹ്മണർക്കും നമ്പൂതിരിമാർക്കുമായിരുന്നു. അന്ന് അധഃസ്ഥിതരായ ഞങ്ങൾക്ക് വിദ്യയഭ്യസിക്കാനുള്ള തുടക്കം കുറിച്ചത് കത്തോലിക്കസഭയാണ്. അവർ ഞങ്ങളെ വിദ്യയഭ്യസിപ്പിച്ചു. നമ്മുടെ വരുമാനത്തിന്റെ പണം ചെലവഴിക്കുന്നതിൽ നാൽപ്പതുശതമാനം ഒരു പ്രത്യേക വിഭാഗത്തിനു പോകുന്നുവെന്നതാണ് സത്യം. അതിന് എന്തു പരിഹാരമെന്ന് ഉറക്കെ ചിന്തിച്ച്, പരിഹാരമുണ്ടാക്കുന്നതിനുപകരം അതേരീതിയിൽ ആപത്തുതുടങ്ങിവച്ച് അപകടമുണ്ടാക്കുന്ന മറ്റൊരു പ്രവണതയാണ് മറുഭാഗത്തു കാണുന്നത്. നമ്മുടെ നാട്ടിൽ രണ്ട് പ്രബലജനവിഭാഗങ്ങൾ അധഃസ്ഥിതരെ മോചിപ്പിക്കാൻവേണ്ടി ഫ്യൂഡലിസത്തിന്റെ അടിയേറ്റ് ഉയർന്നുവന്നു. അതിലൊരു വിഭാഗമാണ് കത്തോലിക്കസഭ, മറ്റൊരു വിഭാഗമാണ് മുസൽമാൻമാർ. ഈ മുസൽമാൻമാരും കത്തോലിക്കരും അധഃസ്ഥിതരും ബ്രാഹ്മണരുമെല്ലാം മാർഗ്ഗംകൂടിയതിൽ ഉണ്ടായിരുന്നു. കത്തോലിക്കരും മുസൽമാൻമാരും മറ്റൊരിടത്തുനിന്നും വന്നവരല്ല. ഇന്നത്തെ ഈ പ്രവണത കാണുമ്പോൾ അതിലെ അധഃസ്ഥിതരുടെ സ്ഥിതിയെന്താണെന്ന് പരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ വിദ്യാഭ്യാസരംഗത്ത് വട്ടപൂജ്യമാണ്. ഭരണം കിട്ടണമെന്നുള്ളതിനപ്പുറത്തേയ്ക്ക് അവർക്കാശങ്ങളെക്കുറിച്ച് ചോദിക്കാൻ സാധിക്കാതെ ഒരു പ്രത്യേകജനവിഭാഗത്തിന്റെ കുത്തകയാക്കി ഈ രാജ്യത്തെ വിദ്യാഭ്യാസം മുഴുവൻ നിലനിൽക്കുന്നു. ആ പ്രവണതയാണ് തുടരുന്നതെങ്കിൽ അതിന്റെ അന്ത്യം എവിടെയാണ്? അധഃസ്ഥിതർക്ക് മോചനം തരാൻ സാധിക്കാത്ത ഒരു ശക്തിയാണ് ഇവിടെ വളർന്നുവരുന്നതെങ്കിൽ, സാധാരണ രീതിയിലുള്ള റിസർവ്വേഷൻ മാറ്റുകയാണെങ്കിൽ ആദിശേഷയ്യ എന്ന ബ്രാഹ്മണൻ, അൻപതു ശതമാനം മാർക്കുവേണം ഞങ്ങൾക്ക് തുടർന്ന് പാടിക്കാനെന്ന് പറയുന്ന സ്ഥിതിവിശേഷമാണുണ്ടാകുന്നതെങ്കിൽ ആ അൻപതുശതമാനത്തിലേക്ക് ഞങ്ങൾ തിളച്ചുവരും. ഇതിന് നമ്മുടെ മുഖ്യമന്ത്രി പരിഹാരമുണ്ടാക്കുമെന്ന് വിശ്വസിക്കുന്നു. അതല്ല, തിരിച്ച് ഞങ്ങളോട് പൊന്നാനിക്കും റോമിലേക്കും പോകാനാണ് പറയുന്നതെങ്കിൽ ആ സ്ഥിതി ഈ രാജ്യത്ത് അപകടമുണ്ടാക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് ധീരനായ നമ്മുടെ ജേക്കബ് അവതരിപ്പിച്ച അസ്ഥാനത്ത് സമരം നടത്തി ഈ രാജ്യത്തെ ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ, റിസർവ്വേഷൻ ഇല്ലാതാക്കാൻ നടത്തുന്ന നമ്പൂതിരിമേധാവിത്വത്തിന്റെ സമര പ്രഹസനത്തെ തോൽപ്പിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്.

ശ്രീ. പി. സീതിഹാജി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഡിമാൻഡിനെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിൽ കുത്തഴിഞ്ഞ് കിടന്നിരുന്ന വിദ്യാഭ്യാസവകുപ്പ് എന്റെ അഭിവന്ദ്യ നേതാവ് ശ്രീ.സി.എച്ച്.മുഹമ്മദ്കോയ സാഹിബ് നീണ്ട പത്തുകൊല്ലക്കാലം കൈകാര്യം ചെയ്ത് അടുക്കും ചിട്ടയുമുള്ള ഒരു വകുപ്പാക്കിക്കൊണ്ടുവന്നു. പ്രതിപക്ഷത്ത് ഇരിക്കുന്ന കക്ഷികളുടെ കൂടെയും ഇന്ന് ഭരണപക്ഷത്ത് ഇരിക്കുന്ന കക്ഷികളുടെകൂടെയും അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നിട്ടുണ്ട്. അക്കാലത്താണ് ഈ രാജ്യത്തെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾക്ക് മാറ്റം വരുത്തിയത്. ഈ രാജ്യത്ത് 12 കൊല്ലം ഒരു അദ്ധ്യാപകൻ ജോലി ചെയ്താൽ ഒരു ഗ്രേഡ് കൊടുക്കുന്ന സമ്പ്രദായം വിദ്യാഭ്യാസ വകുപ്പിൽ കൊണ്ടുവന്നത് ശ്രീ.സി.എച്ച്.മുഹമ്മദ്കോയ ആയിരുന്നു. അതിനുശേഷം ബഹുമാനപ്പെട്ട ബേബിജോൺ 21 മാസക്കാലം ഇവിടെ വിദ്യാഭ്യാസ മന്ത്രിയായിരുന്നു. അദ്ദേഹം പലതും ഈ രാജ്യത്ത് ചെയ്തിട്ടുണ്ട്. പീതാംബരൻ മാസ്റ്റർക്കൊക്കെ അരോചകമായി തോന്നുന്ന പല കാര്യങ്ങളും ഈ രാജ്യത്ത് ചെയ്തിട്ടുണ്ട്. പ്രൈവറ്റ് മേഖലയിലെ വിദ്യാഭ്യാസത്തെ പുച്ഛിച്ച് തള്ളുന്നവരോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഒരു ഉറുമ്പ് കടിച്ചാൽ എല്ലാ ഉറുമ്പിനേയും തിരുമ്മിക്കൊല്ലരുത്. ഏതെങ്കിലും ഒരു മാനേജ്മെന്റ് വല്ല വൃത്തികേടും ചെയ്യുന്നുവെന്ന് വച്ച് എല്ലാ പ്രൈവറ്റ് മാനേജ്മെന്റുകളും വൃത്തികേട് ചെയ്യുന്നവരാണെന്ന് അധിക്ഷേപിക്കരുത്. സർ, എന്താണ് ഈ രംഗത്തെ ഇന്നത്തെ സ്ഥിതി? 397 കോടി ഉറുപ്പിക ഒരു കൊല്ലത്തിൽ വിദ്യാഭ്യാസ വകുപ്പിനു ചെലവാക്കുമ്പോഴും നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലെ പെൺകുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻപോലും സൗകര്യമില്ലാത്ത ഒരു സാഹചര്യമാണുള്ളത്. വിദ്യാഭ്യാസത്തിനുവേണ്ടി ദാഹിക്കുന്ന മലബാർ ഭാഗത്തെ സ്ഥിതിയെന്താണ്? ഇനിയും അവിടെ സ്കൂളുകൾ വേണം. അത് സ്വകാര്യമേഖലയിലായാലും വേണ്ടില്ല പൊതുമേഖലയിലായാലും വേണ്ടില്ല. കാരണം ഇന്ന് ആറേഴു കിലോമീറ്റർ നടന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ കുട്ടികൾക്ക് ഒരു വിദ്യാലയം കാണാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള പ്രദേശങ്ങളിൽ സ്കൂളുകൾ കൊടുക്കണം. തിരുവനന്തപുരത്ത് അത്തരത്തിലുള്ള ബുദ്ധിമുട്ട് കാണുകയില്ല.

ഇപ്പോൾ സാങ്കേതിക രംഗം വളർത്തണമെന്നൊക്കെ പറയുന്നു, എന്നാൽ ഗവൺമെൻറ് 15 പോളിടെക്നിക്ക് കൊടുക്കാമെന്ന് പറഞ്ഞപ്പോൾ സമരം. എന്താണ് ഫലം? ഗവൺമെൻറ് പറയുന്നു ചെലവിൻെറ 75% മാനേജ്മെൻറ് എടുക്കണമെന്നും 25% മാത്രമേ ഗവൺമെൻറ് കൊടുക്കുകയുള്ളൂ എന്നാണ്. അതിന് മുന്നോട്ട് വന്ന വ്യക്തികൾക്ക് കൊടുക്കാൻ സമരം കാരണം സാധിക്കുന്നില്ല. അതുകാരണം ആ തീരുമാനം നിർത്തിവച്ചു. ഈ രാജ്യത്തിൻെറ വികസനത്തിന് തടസ്സം നിൽക്കുന്ന ഈ മുരടിച്ച നയം പ്രതിപക്ഷം ഉപേക്ഷിക്കണം. ഇപ്പോൾ പ്രീഡിഗ്രി ബോർഡിൻെറ സ്ഥിതിയെന്താണ്? ഞാൻ ബഹുമാനപ്പെട്ട ചന്ദ്രശേഖരനെ കുറ്റം പറയുകയല്ല. അദ്ദേഹത്തിന് മക്കളില്ല, ഗൗരിയമ്മക്കും മക്കളില്ല. അതുകൊണ്ട് അവർക്ക് അതിൻെറ വേദന അറിയില്ല. ഞങ്ങളൊക്കെ മക്കളുള്ളവരാണ്. ഞങ്ങളുടെ മക്കൾ കോളേജിൽ പോയി രണ്ട് കൊല്ലം പഠിച്ചിട്ട് നിൽക്കുകയാണ്. അവരുടെ റിസൽട്ട് അറിയാത്തതിൽ ഞങ്ങൾക്ക് ഉൽക്കണ്ഠയുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: എനിക്ക് കുട്ടികളില്ലെങ്കിലും എൻെറ സഹോദരിയുടെ രണ്ടു കുട്ടികളെ പഠിപ്പിച്ച് കൊണ്ടുവന്നിട്ടുള്ള ആളാണ് ഞാൻ.

ശ്രീ. പി. സീതിഹാജി: എങ്കിലും സ്വന്തം മക്കളോടുള്ളതു പോലുള്ള വാൽസല്യം മറ്റുള്ളവരുടെ കുട്ടികളോട് കാണുകയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: അത് തോന്നലാണ്.

ശ്രീ. പി. സീതിഹാജി: എനിക്ക് എന്തായാലും അനുഭവമില്ലല്ലോ. അങ്ങനെ കുട്ടികൾ രണ്ടുകൊല്ലം പഠിച്ച് അവർ പരീക്ഷക്കിരുന്നു. രണ്ടു കൊല്ലത്തെ ശമ്പളം മുഴുവനും അദ്ധ്യാപകൻമാർ വാങ്ങി ആ പരീക്ഷപേപ്പർ നോക്കുന്ന ഉദ്യോഗസ്ഥൻമാർ അത് അലമാരയിൽവച്ച് പൂട്ടി താക്കോലുമായി പോയിട്ട് പല അവകാശങ്ങളും പറയുകയാണ്. ബഹുമാനപ്പെട്ട ബേബിജോൺ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് തിരുവനന്തപുരത്ത് ചെയ്ത ഒരു പ്രസംഗം എൻെറ ഓർമ്മയിൽ വരികയാണ്. അവകാശങ്ങൾ നേടാൻ കടമകൾ മറന്നതിന് വഴങ്ങി കൊടുക്കുകയില്ല. ഈ രാജ്യത്ത് വിമാനറാഞ്ചികളുണ്ട്. വിമാനറാഞ്ചികൾ വിമാനം തട്ടിക്കൊണ്ടുപോയിട്ട് ഇത്ര ഡോളർ തരണമെന്ന് പറയുന്നതുപോലെയാണ് ഈ ഉദ്യോഗസ്ഥൻമാർ വിദ്യാർത്ഥികളോട് കാണിച്ചത്. ഇപ്പോൾ റിസൽട്ട് വന്നതിനെപ്പറ്റി പ്രതിപക്ഷം ആക്ഷേപിക്കുന്നു. തങ്ങളുടെ മക്കൾ രണ്ടുകൊല്ലം പഠിച്ചിട്ട് ജയിച്ചോ, തോറ്റോ എന്നറിയാൻ വേണ്ടി രക്ഷിതാക്കൾ വേഴാമ്പലിനെപ്പോലെ കാത്തിരിക്കുമ്പോൾ ഇൻകിലാബ് ഇൻകിലാബ് എന്ന് വിളിക്കുകയാണ് പ്രതിപക്ഷം. അതും ഈ പരിപാവനമായ സഭയിൽ. ഈ വയസ്സുകാലത്ത് ബേബിജോൺ അങ്ങനെ ചെയ്തല്ലോ! എന്തിനാണ് ഈ സമരം നടത്തിയത്? ഈ സഭയുടെ ഒന്നര മണിക്കൂർ സമയം നഷ്ടപ്പെടുത്തി. ഒരു മണിക്കൂർ പ്രവർത്തനത്തിന് അയ്യായിരം രൂപ ചെലവ് വരുന്ന ഈ സഭയിൽ ഒന്നര മണിക്കൂറിന് 7500 രൂപ പലിശയോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി പ്രതിപക്ഷത്തിന്റെ കൈയിൽനിന്ന് വാങ്ങണം. ഈ കാര്യങ്ങളൊക്കെ ഇവിടെ ചർച്ച ചെയ്തതാണല്ലോ. പ്രതിപക്ഷ നേതാക്കൻമാർ ഒത്തുതീർപ്പിന് വന്നു. ചർച്ചകൾ നടത്തി. എഗ്രിമെന്റ് എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് ഇവിടെ ഈ ബഹളം നടന്നത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഈ സഭയിൽ തടി കച്ചവടമല്ല നടക്കുന്നതെന്ന് അറിയാമല്ലോ? അപ്പോൾ പലിശയുടെ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല.

ശ്രീ. പി. സീതിഹാജി: ജനാധിപത്യത്തിൽ ഇത്രയും നാണംകെട്ട ഏർപ്പാട് ഈ പ്രതിപക്ഷം ചെയ്ത മാതിരി ആരും ചെയ്തിട്ടില്ല. ഈ പ്രതിപക്ഷനേതാക്കൻമാർ വിദ്യാഭ്യാസമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇതേപ്പറ്റി ചർച്ച ചെയ്യുകയും ഒത്തുതീർപ്പിലെത്തുകയും ചെയ്ത ശേഷം ഒരു പ്രഹസനമല്ലേ ഇവിടെ നടന്നത്? ഇന്നലെ എന്തുകൊണ്ട് ചെയ്തില്ല. മിനിഞ്ഞാന്ന് എന്തുകൊണ്ട് ചെയ്തില്ല. സമരം ഇന്നും ഇന്നലെയും തുടങ്ങിയതാണോ? ഇന്നു രാവിലെ ഇവിടെ വന്നിട്ട് ഒരു പ്രകടനം നടത്തി. ഇത് കണ്ടോ സംഗതിയൊക്കെ ഞങ്ങളുടേതാണ് എന്ന് പറയാൻ വേണ്ടിയാണ്. വേറെ വല്ലതുമാണോ? ഇവർക്ക് ഉത്തരവാദിത്വമുണ്ടോ? ബേബിജോണിന് മക്കളില്ലേ? അവിടെ ഇരിക്കുന്ന മറ്റുള്ളവർക്ക് മക്കളില്ലേ? അവരുടെ പരീക്ഷാഫലങ്ങൾ അറിയണ്ടേ? ഇതിനെപ്പറ്റി ഒന്നും ഒരക്ഷരവും ഉരിയാടാതെ ഇവിടെ വന്ന് ബഹളം വയ്ക്കുകയാണ്. വളരെ വ്യക്തമായി വിദ്യാഭ്യാസമന്ത്രിയും, മുഖ്യമന്ത്രിയും പറഞ്ഞു. കോളേജിലെ അദ്ധ്യാപകൻമാർക്ക് ഇതുകൊണ്ടൊന്നും പറ്റുകയില്ല. ഇത് ബംഗാളിൽ നടപ്പാക്കിയതല്ലേ? എല്ലാ കാര്യത്തിനും ബംഗാളിനെ വെല്ലുവിളിക്കുന്ന മാർക്സിസ്റ്റുകാരോട് ചോദിക്കുന്നു ബംഗാളിൽ ഇതു നടപ്പാക്കിയില്ലേ? കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ചില നേതാക്കൻമാർ എന്നെ വന്ന് കണ്ടു. എന്താണ് ഇതിലെ ബുദ്ധിമുട്ടെന്ന് ഞാൻ ചോദിച്ചു. ഞങ്ങളുടെ കുടുംബ പ്രശ്നമാണ്. എന്റെ മകളെ ഞാൻ കല്ല്യാണം കഴിച്ചുകൊടുത്തത് ലെക്ചറർക്കാണ്. ഇത് ഇവിടെ വന്നാൽ എന്റെ മരുമകൻ വാദ്ധ്യാരാകും. അതുകൊണ്ട് കുടുംബ പ്രശ്നമുണ്ടാകും എന്നാണ്. അപ്പോൾ ഞാൻ അയാളോട് പറഞ്ഞത് ഇപ്രകാരമാണ്. അവരെ വി.സി.മാരായി വച്ചോളാം. എന്നാലും ഈ സമരം ഒന്ന് പിൻവലിക്ക്. ലെക്ചറർമാരാകണ്ടാ വി.സി.മാരായി കൊള്ളുക. ഇത്ര നാണംകെട്ട ഏർപ്പാടിനല്ലേ പോയത്. ഈ രാജ്യത്ത് എന്തെല്ലാം അക്രമങ്ങളുണ്ടാക്കി. ഈ വിദ്യാഭ്യാസ വകുപ്പ് ഇത്രയും നന്നായികൊണ്ടുപോകുന്ന ഈ രാജ്യത്ത് എന്തൊക്കെയുണ്ടായി? കണ്ണൂരിലെ എം.എൽ.എ.മാർ ഇത് മനസ്സിലാക്കണം. ഒരു എഞ്ചിനീയറിംഗ് കോളേജ് ഈ ഗവൺമെന്റ് കണ്ണൂരിന് കൊടുത്തു. പ്രൈവറ്റ് മേഖലയിലാണ് കൊടുത്തത്. കണ്ണൂരിലെ എം.എൽ.എ.മാർ ചിന്തിക്കണം. പിന്നോക്ക പ്രദേശമായ, വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സാങ്കേതിക വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കണ്ണൂർ ജില്ലയിൽ ഈ സർക്കാർ ഈ സാമ്പത്തിക പ്രതിസന്ധിയെല്ലാമുണ്ടായിട്ടും ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങി. 26 കൊല്ലത്തിനുശേഷം ആദ്യമായിട്ടാണ് കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയത്. അത് ഈ ഗവൺമെന്റിന്റെ നേട്ടമല്ലേ സർ? ഇതുപോലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കണമെന്ന് പറഞ്ഞു. അതിനുള്ള നടപടി ആരംഭിച്ചപ്പോൾ സമരം. ഇത് പണ്ട്.....സി.എച്ച്.മുഹമ്മദ്കോയ പറഞ്ഞ മാതിരി വട്ടക്കോലും വേലക്കാരനും പറഞ്ഞതുപോലെയാണ്. ഞാൻ തിന്നത് ഞാൻ പറയും. അവൻ തിന്നത് അവൻ പറയും. നിങ്ങളുടെ സ്വഭാവമൊക്കെ ഇവിടെ പറഞ്ഞു നടക്കുന്നു. അല്ലാതെ വേറെ വല്ലതുമുണ്ടോ? ഈ രാജ്യത്ത് ഇപ്പോൾ സമാധാനമായ ഒരു അന്തരീക്ഷമുണ്ട്. ഈ സർക്കാറിന് അഭിമാനമുണ്ട്. ഈ നാലുകൊല്ലക്കാലം ഇത്രയും അദ്ധ്യയന ദിവസങ്ങൾ നടന്ന ഒരു കാലഘട്ടമുണ്ടായിട്ടില്ല. പല ജാതി സമരങ്ങൾ നിങ്ങൾ അഴിച്ചു വിട്ടു. ആ സമരങ്ങൾ ഒന്നും ജനങ്ങൾ ചെവിക്കൊണ്ടില്ല. ഈ രാജ്യത്ത് അച്ചടക്കത്തോടുകൂടി വിദ്യാഭ്യാസം നടത്താൻ കഴിഞ്ഞു. പ്രതിപക്ഷമാണെങ്കിലും നിങ്ങൾക്ക് അവരോട് ഒന്നു ചോദിച്ചുകൂടേ, എന്തിനാണ് സമരം ചെയ്യുന്നതെന്ന്? പീതാംബരൻ മാസ്റ്റർ പറഞ്ഞു + 2 എന്ന്. കേട്ടാൽ തോന്നും ആദ്യമായിട്ട് ആകാശത്ത് നിന്ന് കൊണ്ടുവന്ന്, ഈ രാജ്യത്തെ ക്രിസ്ത്യൻ മേഖലക്ക് മാത്രമായി കൊടുക്കാൻ പോവുകയാണെന്ന്. കേരളത്തെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവന്നതിൽ ഈ രാജ്യത്തെ ക്രിസ്ത്യൻ സമുദായത്തിന് പ്രധാന പങ്കുണ്ട്. ഞാൻ ചോദിക്കട്ടെ ബേബിജോൺ സ്കൂൾ കൊടുത്തപ്പോൾ അവർക്കല്ലേ കൊടുത്തത്? കാരണം വിദ്യാഭ്യാസ രംഗത്ത് ആ ഏജൻസിയാണ് മുന്നോട്ടു വരുന്നത്. കോളേജുകൾ കൊടുത്തപ്പോൾ അവരാണ് വന്നത്. ആർ.ശങ്കറിന്റെ കാലത്ത് കോളേജ് കൊടുത്തിട്ടുണ്ട്. പട്ടം താണുപിള്ളയുടെ കാലത്ത് കോളേജുകളും, സ്കൂളുകളും കൊടുത്തിട്ടുണ്ട്. മുണ്ടശ്ശേരി മാസ്റ്റർ കൊടുത്തിട്ടുണ്ട്. അന്നെല്ലാം കൊടുത്ത കണക്കെടുത്താൽ ക്രിസ്തീയ സമുദായത്തിനാണ് കൂടുതൽ കിട്ടിയിട്ടുള്ളത്. ആ രംഗത്ത് ആ മേഖലയിൽ കൂടുതലും അവരാണ് പ്രവർത്തിക്കുന്നത്. മറ്റുള്ളവരൊക്കെ ഇപ്പോൾ മാത്രമേ കണ്ണ് തുറന്നിട്ടുള്ളൂ. സ്കൂൾ വേണോ യെന്ന് ചോദിച്ച് നടന്നപ്പോൾ അന്ന് ആരും ഞങ്ങളുടെ മേഖലയിൽ എടുക്കാനുണ്ടായില്ല. അമ്മി കൊത്താനുണ്ടോ, അമ്മി കൊത്താനുണ്ടോ എന്ന് ചോദിച്ച് നടക്കുന്നതുപോലെ സ്കൂൾ വേണോ, കോളേജ് വേണോ എന്ന് ചോദിച്ചു നടന്നപ്പോൾ ആരും എടുക്കാനുണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാവർക്കും സ്കൂളും കോളേജും വേണം. നോക്കുമ്പോൾ ഇപ്പോൾ ഗവൺമെന്റിന്റെ കൈയിൽ പണമില്ല. ലാഭമൊന്നുമില്ല. നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടാലും പറയും ജാതി നോക്കിയല്ലേ കൊടുത്തത് എന്ന്? നിങ്ങൾ ഈ കോൺഗ്രസ്സല്ലും കോൺഗ്രസ്സും കൊണ്ട് നോക്കി നടക്കുന്നതല്ലാതെ നല്ല കണ്ണ് കൊണ്ട് നിങ്ങൾ നോക്കുന്നുണ്ടോ? ഈ ഗവൺമെന്റ് നാലുകൊല്ലക്കാലം എല്ലാ മേഖലയിലും ചെയ്ത നേട്ടങ്ങളെ എതിർത്തു പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് പുളിച്ചു നാറിയ കുവൈറ്റും, പ്രീഡിഗ്രി ബോർഡും, ഇലക്ട്രിസിറ്റി ബോർഡും ഒക്കെ പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ആ താക്കോലുമായി പോയ ഉദ്യോഗസ്ഥൻമാർക്ക് എന്ത് ഒത്തുതീർപ്പുണ്ടെങ്കിലും അവരുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് തികച്ചും സംഘർഷപൂർണ്ണമായ ഒരു അന്തരീക്ഷമാണ് ഇന്ന് നിലനിൽക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.ടി.എം.ജേക്കബ് വിദ്യാഭ്യാസമന്ത്രിയായതിനുശേഷം അദ്ദേഹം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളുടെ ഫലമായി ഏത് വിഭാഗത്തിനാണ് അസംതൃപ്തി ഇല്ലാത്തതെന്ന് അദ്ദേഹം തന്നെ വിശദീകരിച്ചാൽ എനിക്ക് മനസ്സിലാക്കാൻ കഴിയും. ഈ സംസ്ഥാനത്തെ വിദ്യാർത്ഥികളും അദ്ധ്യാപകരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാഭ്യാസ രംഗത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ആളുകളും അസംതൃപ്തരാണ്. ഈ നയങ്ങൾക്കെതിരായിട്ട് ഇവർ ശബ്ദമുയർത്താൻ തുടങ്ങിയിട്ട് നാളുകൾ കുറെയായി. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ആട് തീറ്റിതിന്നുന്നതുപോലെയാണ്. ഏത് പച്ചില കണ്ടാലും അതിൻമേൽ കടിച്ചു കടിച്ച് പോവുകയല്ലാതെ സമഗ്രമായ പരിഷ്കാരത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഭരണ നടപടികളുമായി മുന്നോട്ടുപോകാൻ ശ്രീ.ജേക്കബിന് കഴിഞ്ഞിട്ടില്ല. ഇവിടെ പ്രീഡിഗ്രി ബോർഡും, പ്രീഡിഗ്രിബോർഡ് സമ്പ്രദായം നടപ്പിലാക്കുന്നതിനെതുടർന്നുള്ള വിവാദങ്ങളുമാണ് ഇന്ന് ഈ സഭയിൽ വളരെ കൂടുതൽ ചർച്ച ചെയ്തത്. ഇവിടെ പറയുന്നത് കേട്ടാൽ പ്രതിപക്ഷത്തുള്ള ആളുകളെല്ലാം പ്ലസ് 2-ന് എതിരാണെന്ന് തോന്നും. ഞങ്ങളാരും പ്ലസ് 2-ന് എതിരല്ല. ഈ പ്ലസ് 2 സമ്പ്രദായം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടത് കേരളത്തിലെ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനങ്ങളെല്ലാം തന്നെയാണ്. എന്നാൽ പ്ലസ് 2 സമ്പ്രദായം എന്തിനുവേണ്ടി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടോ ആ പ്ലസ് 2 സമ്പ്രദായവും ശ്രീ.ടി.എം.ജേക്കബ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്ലസ് 2 സമ്പ്രദായവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നുള്ളതാണ് കാര്യം. കോത്താരി കമ്മീഷൻ റിപ്പോർട്ടിലും 1967-ൽ നമ്മുടെ പാർലമെന്റ് മെമ്പറൻമാർ സമർപ്പിച്ച ദേശീയ വിദ്യാഭ്യാസനയത്തെക്കുറിച്ചുള്ള റിപ്പോർട്ടിലും അതിനുശേഷമുള്ള വിവിധ നയങ്ങളിലും പ്ലസ് 2 സമ്പ്രദായത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇവിടെ ശ്രീ.ജേക്കബ് കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് മറുപടിയായി പറയുകയുണ്ടായി കോളേജുകളിലെ തിരക്ക് കുറയ്ക്കുന്നതിനും വിദ്യാർത്ഥികളുടെ പരീക്ഷാ റിസൾട്ട് വേഗം കൊണ്ടുവരുന്നതിനും അതൊന്ന് ക്രമീകരിക്കുന്നതിനും വേണ്ടി പ്രത്യേക ബോർഡുണ്ടാക്കണമെന്ന്. അതിനാണോ പ്ലസ് 2? ഇത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമാണെന്നദ്ദേഹം പറയുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായ പ്ലസ് 2-നെക്കുറിച്ചുള്ള സങ്കൽപ്പം. എന്താണ്? പാർലമെന്റ് മേയ് മാസത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ച ദേശീയ വിദ്യാഭ്യാസനയം എന്റെ കയ്യിലില്ല. ഒരുപക്ഷേ മന്ത്രിയുടെ കൈവശമുണ്ടാകും. എന്റെ കൈവശമുള്ളത് ചലഞ്ച് ഓഫ് എഡ്യൂക്കേഷനാണ്. വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച ഈ ചലഞ്ച് ഓഫ് എഡ്യൂക്കേഷൻ എന്ന പുസ്തകത്തിൽ പറയുന്നു ഈ പ്ലസ് 2 സമ്പ്രദായം നടപ്പിലാക്കുക വഴി അക്കാഡമിക് സ്ട്രീമിലേക്കുള്ള തള്ളൽ കുറയ്ക്കണം. അക്കാഡമിക് സ്ട്രീമിലേക്കുള്ള തള്ളൽ കുറയ്ക്കണമെന്നുണ്ടെങ്കിൽ തുല്യ പ്രാധാന്യത്തോടുകൂടി വൊക്കേഷണലൈസേഷൻ നടപ്പിലാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. വൊക്കേഷണലൈസേഷൻ നടപ്പിലാക്കണമെന്നു പറയുന്നത് ശ്രീ.രാജീവ്ഗാന്ധിയുടെ ഗവൺമെന്റ് കൊണ്ടുവന്ന ചലഞ്ച് ഓഫ് എഡ്യൂക്കേഷൻ അല്ല. മുഖ്യശ്രീമതി മാസ്സറും. 1967-ൽ പാർലമെന്റ് മെമ്പറൻമാരുടെ സബ് കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശങ്ങളിലും പറഞ്ഞിട്ടുണ്ട് പ്ലസ് 2 സമ്പ്രദായം തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായിരിക്കണമെന്ന്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്നു പറഞ്ഞുകൊണ്ട് വർക്ക് എക്സ്പീരിയൻസ്, ക്ലാസുകളിൽ ആദ്യമായി തുടങ്ങിയത് മുണ്ടശ്ശേരിമാസ്റ്ററുടെ കാലത്താണ്. അങ്ങനെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ആളുകളും വൊക്കേഷണലൈസേഷൻ വേണമെന്നു പറഞ്ഞ് പ്ലസ് 2 സമ്പ്രദായത്തിനുവേണ്ടി നിൽക്കുമ്പോൾ ഇന്ന് കോളേജുകളിലുള്ള തള്ള് കുറയ്ക്കുന്നതിനുവേണ്ടി വേറൊരു ബോർഡുണ്ടാക്കാം എന്നു പറഞ്ഞതു കൊണ്ട് എങ്ങനെയാണ് അതിന് പരിഹാരമുണ്ടാകുന്നത്? ഇവിടെ ബഹുമാനപ്പെട്ട ഒരു മെമ്പർ സൂചിപ്പിച്ചു പ്രീഡിഗ്രിബോർഡുണ്ടാക്കണമെന്ന് മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞിട്ടുണ്ടെന്ന്. മരിച്ചുപോയ ആളുകളെക്കുറിച്ച് അപവാദം പറയുന്നത് ശരിയല്ല. ഞാൻ ആ പുസ്തകമെല്ലാം വായിച്ചുനോക്കി. അതിൽ പ്രീഡിഗ്രി ബോർഡ് എന്ന ഒന്ന് അദ്ദേഹം പറഞ്ഞിട്ടേയില്ല. ഈ കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ നമ്മൾ പറയുമ്പോൾ വൊക്കേഷണലൈസേഷൻ സമ്പ്രദായം പ്രോൽസാഹിപ്പിക്കുവാനും അതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഈ സംസ്ഥാന ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ? ആകെയുള്ള വിദ്യാർത്ഥികളിൽ മൂന്നിൽ രണ്ടു മുതൽ നാലിൽ മൂന്നു വരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായവുമായി പോകണമെന്ന് ആദ്യമേ വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ സൂചിപ്പിച്ചു. ബാക്കി മൂന്നിലൊന്നോ നാലിലൊന്നോ വിദ്യാർത്ഥികൾ അക്കാഡമിക് സ്ട്രീമിലേക്ക് പോകണമെന്നു പറഞ്ഞു. എന്നാൽ ഇപ്പോൾ പുതുതായികൊണ്ടുവന്ന വിദ്യാഭ്യാസനയത്തിൽ 50 ശതമാനം തുല്യപ്രാധാന്യം കൊടുക്കണമെന്ന് പറയുന്നു. പകുതി വിദ്യാർത്ഥികളെ പ്ലസ് 2 സമ്പ്രദായം വഴി വൊക്കേഷണലൈസേഷനു വിടുമ്പോൾ ബാക്കിയുള്ളവരെ അക്കാഡമിക് സ്ട്രീമിലേക്ക് തിരിച്ചുവിടണം. ഈ പ്രീഡിഗ്രി വേറൊരു ബോർഡുണ്ടാക്കി മാറ്റിവച്ചതുകൊണ്ട് ഈ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമോ? ദേശീയവിദ്യാഭ്യാസനയം അംഗീകരിക്കുന്നതിനു മുമ്പുതന്നെ നമ്മുടെ നാട്ടിൽ പ്ലസ് 2 സമ്പ്രദായം അംഗീകരിച്ചു. പ്രീഡിഗ്രി പ്ലസ് 2 ആണ് എന്നു പറഞ്ഞ് ആദ്യ കാലഘട്ടത്തിൽ നമ്മൾ ചില നടപടികൾ സ്വീകരിച്ചു. ആ പ്രീഡിഗ്രി ഇന്ന് മാറ്റിനിറുത്തിയതുകൊണ്ട് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ അംഗസംഖ്യ പരിമിതപ്പെടുത്തുന്നതിനോ ഗവേഷണ പ്രധാനമായ യൂണിവേഴ്സിറ്റികളാക്കി മാറ്റുന്നതിനോ കഴിയുകയില്ല എന്നുള്ള കാര്യം വളരെ വ്യക്തമാണ്. അതുകൊണ്ട് തുല്യപ്രാധാന്യത്തോടുകൂടി ഈ വൊക്കേഷണലൈസേഷൻ സമ്പ്രദായം നടപ്പിലാക്കണം. അതു നടപ്പിലാക്കിക്കൊണ്ടല്ലാതെ മറ്റേതെങ്കിലും കാര്യത്തെക്കുറിച്ച് ആലോചിക്കുമെങ്കിൽ നമ്മുടെ വിദ്യാഭ്യാസനയത്തെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ ഫലങ്ങളുളവാക്കും. വിദ്യാഭ്യാസകാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ദേശ ചുട്ടെടുക്കുന്നതുപോലെ വളരെ വേഗം ആ കാര്യത്തെക്കുറിച്ച് ചെയ്യാൻ കഴിയുമോ? ക്യാബിനറ് ഒരു നയം അംഗീകരിച്ചു എന്നു പറയുന്നു. എന്നാണ് ഇത് ചർച്ച ചെയ്തത്? പ്രതിപക്ഷരായക്കിടയിലാണ്. ബ്ലാക്ക്ബോർഡ് വേണമെന്നു പറഞ്ഞാലും മുഖ്യമന്ത്രി സമ്മതിക്കുന്ന സമയമാണ് അപ്പോൾ. ആ സമയത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കാര്യം പറഞ്ഞു. ക്യാബിനറ് ബ്രീഫിംഗ്സ് എല്ലാം ഞാൻ വായിച്ചുനോക്കി. മുഖ്യമന്ത്രി ഒരിടത്തും ഇങ്ങനെയൊരു ചർച്ച നടത്തിയതായി, അംഗീകരിച്ചതായി പത്രസമ്മേളനത്തിൽ പറഞ്ഞിട്ടില്ല. എങ്ങനെയോ ഒരുദിവസം പത്രത്തിൽ വന്നു. ഒരുപക്ഷേ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

തായിരിക്കാം; അല്ലായിരിക്കാം. ദീപികപത്രത്തിലാണ് വന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ അദ്ധേഹത്തിന്റെ സൗകര്യത്തിനുവേണ്ടി കൊടുത്തതായിരിക്കാം. അതിനുശേഷം ഇവിടെ ഈ സമരം തുടങ്ങി. ഈ സമരം തുടങ്ങിവച്ചതാരാണ്? ഈ സമരം ക്ഷണിച്ചുവരുത്തിയത് ഇതുപോലെയുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം ഗൗരവത്തോടുകൂടി കാണാത്ത തികഞ്ഞ ലാഘവബുദ്ധിയോടുകൂടി കാണുന്ന നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റുമാണ് എന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും തെരുവിലിറക്കിയിട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാമെന്നു വിശ്വസിക്കുന്നുണ്ടോ? ഒരു കാര്യം കൂടി ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ. ന്യൂ എഡ്യൂക്കേഷൻ പോളിസിയുമായി പൂർണ്ണമായി യോജിക്കുന്നവരല്ല ഞങ്ങളും. എങ്കിലും, ആ വിദ്യാഭ്യാസനയം കരുപ്പിടിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഒരു വർഷക്കാലമായി ഇന്ത്യാരാജ്യത്ത് ചർച്ച നടക്കുകയാണ്. മേയ് മാസത്തിൽ പാർലമെന്റിൽ ഒരു രേഖ അവതരിപ്പിച്ചു. മേയ്മാസത്തിൽ രേഖ അവതരിപ്പിച്ചതിനുശേഷം 21 വർക്കിംഗ് ഗ്രൂപ്പുകളായി ഇന്നു നമ്മുടെ രാജ്യത്ത് അത് എങ്ങനെ നടപ്പിലാക്കണമെന്നതിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് മിനിസ്റ്റർ പാർലമെന്റിൽ പറഞ്ഞതനുസരിച്ച് എങ്ങനെ ഈ സിസ്റ്റം വർക്ക് ചെയ്യാമെന്നതിനെക്കുറിച്ചുകൂടി ആലോചിച്ചു കൊണ്ടിരിക്കുന്നതേയുള്ളു. അങ്ങനെ ഈ സിസ്റ്റം എങ്ങനെ വർക്ക് ചെയ്യണമെന്നുള്ളതിനെക്കുറിച്ച്, 21 ടാസ്ക്ഫോഴ്സുകളെ നിശ്ചയിച്ച്. ആ ടാസ്ക്ഫോഴ്സുകളെ അതിന്റെ പദ്ധതി തയ്യാറാക്കി ഈ വർഷകാലസമ്മേളനത്തിൽ പാർലമെന്റിന് നൽകാമെന്നു പറഞ്ഞു. ആ പാർലമെന്റിനോട് ഒരു നീതി കാണിച്ചുവെങ്കിൽ ഇവിടെ ഈ നിയമസഭ കൂടുന്നതിന് ഏതാനും ദിവസം മുമ്പ് ഒരു നയം ഗവൺമെന്റ് പ്രഖ്യാപിക്കുമോ? പ്രഖ്യാപിച്ചുകഴിഞ്ഞതിനുശേഷം അതിനെക്കുറിച്ച് അവ്യക്തത ഉണ്ടാവുകയും ചെയ്തു. ആ അവ്യക്തതയുടെ നിഴലിൽ നിന്നാണ് ഇവിടെ പ്രക്ഷോഭവും സമരവും വന്നത്. ആ പ്രക്ഷോഭത്തോടും സമരത്തോടും എന്തു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മുഖ്യമന്ത്രി പറയണം ഇവിടെ സമരം ഉണ്ടോ ഇല്ലയോ എന്ന്. അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ജീവനക്കാരുടെ സംഘടനകളേയും നേതാക്കൻമാരേയും തെരുവിലിട്ടു തല്ലിത്തകർത്തുകൊണ്ട് ഇവിടെ ഈ വിദ്യാഭ്യാസനയം നടപ്പിലാക്കാമെന്നാണ് ശ്രീ.ജേക്കബ് ആഗ്രഹിക്കുന്നതെങ്കിൽ ഈ കേരളത്തിന്റെ മണ്ണിൽ അതിന് അനുവദിക്കുകയില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ഡിമാൻറിനെ ഞാൻ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ.എ.സി.ജോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഈ സഭയുടെ ടൈംടേബിളനുസരിച്ച് നാളെയാണ് വ്യവസായത്തിനുള്ള ധനാഭ്യർത്ഥനകൾക്കുവേണ്ടിയുള്ള ചർച്ച നടക്കുന്നത്. എന്നാൽ കേരളത്തിലെ ഏറ്റവും പ്രഥമവും പ്രധാനവും ബൃഹത്തുമായ ഒരു വ്യവസായത്തെക്കുറിച്ചാണ്, കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ചാണ് ഇന്നു നാം ചർച്ച ചെയ്യുന്നത് കേരളത്തിന്റെ ആത്മാവിനെക്കുറിച്ചാണ് ഇന്നു നാം ചർച്ച ചെയ്യുന്നത്. വികസനത്തിനുവേണ്ടി നാം 1,21,925 ലക്ഷം രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. അതിന്റെ 74 ശതമാനം, 468 കോടി രൂപ ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കുന്ന വിഷയത്തെക്കുറിച്ചുള്ള ഇന്നത്തെ ചർച്ച കേട്ടപ്പോഴാ സങ്കടം തോന്നി. പ്രീഡിഗ്രി ബോർഡ് എന്നു പറയുന്ന മഹാസംഭവത്തിൽമാത്രം ഇന്ന് ഈ സഭയിലെ ചർച്ച ഒതുങ്ങിപ്പോയി എന്നുള്ളത് ഖേദകരമാണ്. ഇന്ത്യാഗവൺമെന്റ് 461 കോടി രൂപയാണ് ഈ വർഷം വിദ്യാഭ്യാസത്തിനുവേണ്ടി വച്ചിട്ടുള്ളതെങ്കിൽ നാം മാറ്റി വച്ചിട്ടുള്ളത് 468 കോടി രൂപയാണ്. അതിന്റെയർത്ഥം കേന്ദ്രം ഇന്ത്യാരാജ്യത്തു മുഴുവൻ ചെലവാക്കുന്ന പണത്തിനേക്കാൾ ഏറെ തുക നാം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്നു എന്നാണ്. അതിൽത്തന്നെ 103 ലക്ഷം രൂപയാണ്, കായികരംഗത്തിനുവേണ്ടി ചെലവഴിക്കുന്നത്.

സർ, മറ്റെന്തിനേക്കാളും ഉപരി കേരളത്തിന്റെ പേര് പശ്ചിമ ഘട്ടത്തെയും കടത്തി മുന്നോട്ടുകൊണ്ടുപോകുന്നത് കേരളത്തിലെ കായികതാരങ്ങളാണ്. പ്രത്യേകിച്ചും കേരളത്തിലെ മിടുക്കികളായ പെൺകുട്ടികളാണ്. മുടക്കുന്ന പണത്തേക്കാൾ ഉപരി പണം കിട്ടുന്ന ഏതെങ്കിലും മേഖല കേരളത്തിലുണ്ടെങ്കിൽ അത് കേരളത്തിലെ കായിക രംഗം മാത്രമാണ്. സംശയാതീതമായി ഞാൻ ഈ കാര്യം ഇവിടെ പറയുകയാണ്. 4 ശതമാനത്തോളം വരുന്ന കേരളത്തിലെ ജനസംഖ്യ കണക്കാക്കുമ്പോൾ ഇൻഡ്യയിൽ 10 ശതമാനത്തോളം സ്വർണ്ണമെഡലുകൾ നേടിക്കൊണ്ടുവരുന്നത് കേരളത്തിലെ ചുണക്കുട്ടികളാണ്. വളം വയ്ക്കാതെ മണ്ണിന്റെ ഫലപുഷ്ടികൊണ്ടുമാത്രം മുളയിട്ട് തളിരിട്ട് വളരുന്ന ഒരു രംഗമാണ് കേരളത്തിലെ കായികരംഗം. പക്ഷേ ഈ നിലയിൽ കൂടുതൽ മുന്നോട്ടു പോകാൻ അനുവദിച്ചാൽ പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ടു മുന്നോട്ടു പോകാൻ നമ്മുടെ കുട്ടികൾക്ക് കഴിയാതെ അവർ തളർന്നുവീഴുമെന്ന് ഞാൻ ഈ സഭയെ ഓർമ്മിപ്പിക്കുകയാണ്. സ്പോർട്സിനു നാം ചെലവാക്കുന്ന പണം തീർത്തും അപര്യാപ്തമാണ്. വേണ്ടത്ര പണവും അതിലേറെ ശ്രദ്ധയും ഈ രംഗത്ത് ഉണ്ടായാൽമാത്രമേ ഇത് തുടർന്നുകൊണ്ടുപോകുവാനും കൂടുതൽ ഫലപ്രദമാക്കാനും കഴിയുകയുള്ളൂ എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വിത്തെടുത്ത് ഇന്ന് കഞ്ഞികുടിക്കുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ് എന്ന് ചിലപ്പോഴെല്ലാം സ്പോർട്സിന്റെ നേതൃത്വം വഹിക്കുന്ന ഒരാൾ എന്ന നിലയ്ക്ക് എനിക്കുതന്നെ തോന്നിയിട്ടുണ്ട്. നമ്മുടെ സ്പോർട്സ് അസോസിയേഷനുകളെ നിയന്ത്രിക്കുന്നതിന് പലപ്പോഴും നമുക്ക് കഴിയുന്നില്ല. അവ പലതും ഗ്രൂപ്പ് വഴക്കുകളുടെ അടിമകളായിത്തീരുന്നു എന്നത് ഖേദകരമാണ്. ആ ഗ്രൂപ്പുവഴക്കുകൾ അവസാനിപ്പിക്കാനും അസോസിയേഷനുകളെ നിയന്ത്രിക്കാനും ഉതകുന്ന രീതിയിൽ കായികരംഗത്ത് സമഗ്രമായ പരിഷ്കാരം വരുത്തുന്ന ഒരു നിയമം ഈ രംഗത്ത് കൊണ്ടുവരണം എന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

സർ, മറ്റൊരു കാര്യം കായിക വിദ്യാഭ്യാസം നമ്മുടെ കരിക്കുലത്തിൽപ്പെടുത്തണം. ഒരു കാലത്ത് പ്രൈമറി സ്കൂളുകളിലും ലോവർ പ്രൈമറി സ്കൂളുകളിലും ഡ്രിൽ പീരിയഡ് ഉണ്ടായിരുന്നു. വളർന്നുവളർന്ന് ആ ഡ്രിൽ പീരിയഡുകൾ ഇന്ന് ഇല്ലാതായിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ.പി.സി.തോമസ് കടുത്തുരുത്തി അദ്ധ്യേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, കായിക വിദ്യാഭ്യാസം വൊക്കേഷണൽ ട്രെയിനിംഗ് ആയിട്ട് എടുത്താൽ തൊഴിലില്ലായ്മ ഉണ്ടാകുമെന്ന്. അതുകൊണ്ടുതന്നെ ഞാൻ പറയുന്നു നമ്മുടെ എല്ലാ സ്കൂളുകളിലും ഫിസിക്കൽ ട്രെയിനിംഗ് ടീച്ചേഴ്സിനെ നിയമി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന രീതിയിൽ മാറ്റം വരുത്തുകയും അതോടൊപ്പം കായിക വിദ്യാഭ്യാസം നമ്മുടെ കരിക്കുലത്തിലെ ഒരു ഐറ്റമായി അംഗീകരിക്കുകയും ചെയ്യണമെന്നാണ്. സർ, കായികരംഗത്ത് ഇന്ന് പണമില്ലാതെ ബുദ്ധിമുട്ടുകയാണ്. സർക്കാരിന് പണമില്ലെന്നായിരിക്കാം വാദം. പക്ഷേ ഒരു കാര്യം എനിക്ക് പറയാനുള്ളത് മറ്റ് എല്ലാ സംസ്ഥാനങ്ങളിലും കായികരംഗത്തിന്റെ വളർച്ചയ്ക്കുവേണ്ടി ലോട്ടറി നടത്താൻ അനുവദിക്കുന്നുണ്ട്. കേരളത്തിലും അതുപോലെ തന്നെ കായികരംഗത്തിനുവേണ്ടി ഒരു ലോട്ടറി നടത്താൻ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ജില്ലകൾതോറും നമുക്ക് നമ്മുടെ കുട്ടികൾക്ക് കളിക്കുന്നതിനും പഠിക്കുന്നതിനും വേണ്ടി ഒരു സ്റ്റേഡിയം ഉണ്ടാക്കണം. അതിന് ആവശ്യമായ പണവും നമുക്ക് ഉണ്ടാക്കണം. ഇന്നു നടന്ന ചർച്ചയിൽ പങ്കെടുത്ത ഒരൊറ്റ അംഗംപോലും കായികരംഗത്തെക്കുറിച്ച് സംസാരിക്കാത്തതിൽ ലേശം ഖേദവും ഞാൻ പ്രകടിപ്പിക്കുകയാണ്. കേരളത്തിന്റെ സൽപേരിനെ നിലനിർത്തുന്ന ആ കായികരംഗത്തെ കുറിച്ച് ഈ സഭയിൽ വേണ്ട രീതിയിൽ ചർച്ച ചെയ്തില്ലയെന്നത് ഖേദത്തോടുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്തേക്ക് ആവശ്യമായ ശ്രദ്ധയും പണവും തരുന്നതിന് ഈ സഭ തയ്യാറാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ ആരും മിണ്ടിയില്ല.

ശ്രീ. ടി. എസ്. ജോൺ: സർ, സ്വകാര്യ മേഖല യാതൊരു സംഭാവനയും വിദ്യാഭ്യാസരംഗത്ത് ചെയ്തിട്ടില്ല എന്ന് പ്രതിപക്ഷത്തെ ചില ആളുകളും, കോൺഗ്രസ് പാർട്ടിയിലെ ചില ആളുകളും പ്രസംഗിച്ചു നടക്കാറുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. എ. സി. ജോസ്: സ്പോർട്സിന്റെ കാര്യങ്ങളൊക്കെ ഞാനാണിവിടെ പറഞ്ഞത്. അതുകൊണ്ട് എനിക്ക് കൂടുതൽ സമയം തരണം. സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് എന്നനിലയ്ക്ക് അതിനെക്കുറിച്ച് പറയാൻ എനിക്ക് 5 മിനിട്ടുകൂടി തരണം. ഇവിടെ ശ്രീ.ടി.എസ്.ജോൺ പറഞ്ഞത് നമ്മുടെ കോൺഗ്രസ് എന്നാണ്. നമ്മുടെ കോൺഗ്രസ് എന്ന് എല്ലാവരോടും പറയുന്നത് നല്ലതാണ്. പക്ഷേ ചോദിച്ച ചോദ്യം പ്രസക്തമാണ്. ഇവിടെ സ്വകാര്യമേഖലയെ ഒഴിവാക്കിക്കൊണ്ട് വിദ്യാഭ്യാസം നടക്കുകയില്ല. അതിന് ആരും തെറ്റിദ്ധരിച്ചിട്ട് കാര്യമില്ല. ഇവിടെ ഞാൻ ചോദിക്കട്ടെ, പറഞ്ഞത് നന്നായി, കോൺഗ്രസ്സുകാരാരും സ്വകാര്യമേഖലയെ തള്ളിപ്പറഞ്ഞിട്ടില്ല. സ്വകാര്യ മേഖലക്കും മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകളോട് ഞാൻ ചോദിക്കട്ടെ, നിങ്ങളെ നാളെ ഇവിടെ മന്ത്രിയാക്കാം. സ്വകാര്യമേഖലയെ മുഴുവൻ ദേശസാൽക്കരിക്കാമോ? അതിന്റെ ചരിത്രപരമായ പശ്ചാത്തലം കണക്കിലെടുക്കാതെ ഈ കാര്യത്തെക്കുറിച്ചൊന്നും പറഞ്ഞിട്ട് കാര്യമില്ല. സ്വകാര്യ മേഖലയ്ക്ക് ശ്രീ.ബേബിജോൺ എത്ര സ്കൂൾ കൊടുത്തു. വിദ്യാഭ്യാസമേഖലയെ ഒഴിവാക്കാൻ ഞാൻ വെല്ലുവിളിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ നാളെ ഇവിടെ തെരഞ്ഞെടുപ്പുനടത്തിയാൽ, നിങ്ങൾ മാനിഫെസ്റ്റോയിൽ എഴുതിവയ്ക്കുമോ, സ്വകാര്യ കോളേജുകൾ ഞങ്ങൾ ദേശസാൽക്കരിക്കുമെന്ന്; സ്വകാര്യ വിദ്യാഭ്യാസ മേഖല ഞങ്ങൾ ദേശസാൽക്കരിക്കുമെന്ന്. അതല്ലാതെ പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് ആവുന്നത്ര സ്വകാര്യമേഖലയിൽ ഗുണനിലവാരം ഉണ്ടാക്കാൻ കഴിയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.ടി.പി.പീതാംബരൻ മാസ്റ്റർ: സർ, ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം ആരായാൻ ശ്രമിക്കുകയാണ്. ദേശസാൽക്കരണമില്ലെങ്കിൽ പോകട്ടെ ഈ സഹകാര്യമേഖലയിൽ നടക്കുന്ന നിയമനങ്ങളിൽ സാമുദായികപ്രാതിനിധ്യമൊക്കെ അംഗീകരിച്ച് പി.എസ്.സി.ക്ക് വിട്ട് അത് നടത്തുന്നതുകൊണ്ട് വല്ല അപാകതയുമുണ്ടോ?

ശ്രീ. എ. സി. ജോസ്: സർ, അതും ചോദിച്ചത് നന്നായി. പീതാംബരൻ മാസ്റ്ററും ഞാനും, ഞങ്ങളെല്ലാവരും 1972-ൽ ശ്രീ. അച്യുതമേനോന്റെ ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് ഫീസ് ഏകീകരണ സമരം നടത്തി ബലിയാടായവരാണ്. ശ്രീ.പീതാംബരൻ മാസ്റ്റർക്ക് അറിയാമോ ശ്രീമതി കെ.ആർ.ഗൗരിയുടെ പാർട്ടിയടക്കമുള്ള മാർക്സിസ്റ്റ് പാർട്ടി അന്ന് ആ സമരത്തെ സഹകാര്യമാനേജ്മെന്റിന്, ഒറ്റുകൊടുത്തവരാണ്. അന്ന് നാം സമരം ചെയ്തപ്പോൾ മര്യാദയ്ക്ക് അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് നമ്മളെ സഹായിക്കാൻ തയ്യാറെടുത്തിരുന്നെങ്കിൽ ഇന്ന് കാണുന്ന ഈ അഴിമതിയും അനാവശ്യവും വളരെയേറെ പരിഹരിക്കാൻ കഴിയുമായിരുന്നു. സാധിച്ചില്ല. അന്ന് ഇവിടെ നിൽക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ തീ തുപ്പുന്ന വിപ്ലവകാരികളാരും അതിനെ അനുകൂലിച്ചുകൊണ്ട് മുന്നോട്ടു വരാൻ തയ്യാറായില്ല. ആ കാര്യം വിസ്മരിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ആരും സ്പോർട്സിനെക്കുറിച്ച് പറഞ്ഞില്ല. അതുകൊണ്ട് 5 മിനിട്ട് സമയം തരണം സ്പോർട്സിനെക്കുറിച്ച് പറയാൻ.

സർ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം നാം പൂരിതരാണ്. നമുക്ക് ആവശ്യത്തിനുള്ള സ്കൂളുകളും ആയിരിക്കുന്നു. നമ്മുടെ വ്യാപകമായ ജനകീയ അടിത്തറ ഇന്ന് ശരിയായിരിക്കുകയാണ്. അതാണ് നമ്മുടെ ഏറ്റവും വലിയ വ്യവസായമെന്ന് ഞാൻ പറയുവാൻ കാരണം. ഒരു രാജ്യത്തിന്റെ വ്യവസായം അതിന്റെ കയറ്റുമതിയെ ആശ്രയിച്ചാണ് നിൽക്കുന്നതെങ്കിൽ, നാം നമ്മുടെ വിദ്യാഭ്യാസമുള്ള കുട്ടികളെ പുറത്തുവിട്ട് 400 കോടി രൂപയാണ് നമ്മുടെ നാട്ടിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. അവരെ കൂടുതൽ സജ്ജമാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസത്തിന്റെ സർവ്വകലാശാലാതലത്തിലുള്ള ഗുണനിലവാരം വർദ്ധിപ്പിക്കണം. നമ്മുടെ വിദ്യാഭ്യാസം എന്ന ഒരു വടി വളർന്നു വന്നിരിക്കുകയാണ്. ഇനി അതിന് വളം ഇട്ട് അതിനെ പുഷ്ടിപ്പെടുത്തി നല്ല പൂക്കളും ഉണ്ടാകത്തക്കരീതിയിൽ നമ്മുടെ സർവ്വകലാശാലാതല, ശുദ്ധീയാക്കി അതിനെ ശുദ്ധീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരുകാര്യം ഉള്ളതു പറഞ്ഞാൽ ഇവിടെ പ്രീ-ഡിഗ്രിയില്ലാതെ സംസാരിക്കാൻ ആർക്കും കഴിയുകയില്ല? ആരും പറയാത്ത ഒരു കാര്യം ഞാൻ പറയുകയാണ്. ഈ പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് നമ്മളാരുമല്ല ആദ്യം പറഞ്ഞത്. പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് 1782-ൽ 204 വർഷം മുൻപ് ബ്രിട്ടീഷ് ഭരണകർത്താക്കളുടെ ഒരു കമ്മീഷനുണ്ടായിരുന്നു. ആ കമ്മീഷൻ പറഞ്ഞു ഇൻറർമീഡിയറ്റ് വിദ്യാഭ്യാസത്തെ ഒരു കാരണവശാലും കോളേജുമായി ബന്ധപ്പെടുത്തരുതെന്ന്. അതുകഴിഞ്ഞിട്ട് ആധുനിക ഇൻഡ്യയുടെ വിദ്യാഭ്യാസത്തിന്റെ ഒബൈബിൾ എന്നു പറയുന്ന കോത്താരി കമ്മീഷനെ 1964 മുതൽ 1966 വരെയുള്ള കാലഘട്ടത്തിൽ നിയമിച്ചു. അവർ അഭിപ്രായമെന്ന് എന്തിനാണ് അങ്ങോട്ട് പറയുന്നത്. നമ്മുടെ ബഹുമാന്യനായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ.ശങ്കർ 1962–ൽ ജൂനിയർ കോളേജുകളെന്നു പറഞ്ഞ് ഇൻഡ്യയിൽ ആദ്യമായി ഉണ്ടാക്കിയത് കേരളത്തിലാണ്. ഇതൊക്കെ ഉണ്ടാക്കാൻ കാരണം ഈ +2 എന്നുപറയുന്നത് കോളേജിന്റെ ഒരു പ്രത്യേക വിഭാഗമാക്കണം എന്ന് കരുതിയിട്ട് തന്നെയാണ്. ആ ജൂനിയർ കോളേജുകളെ മുഴുവൻ വെള്ളം ചേർത്ത് സീനിയർ കോളേജുകളാക്കിയത് 1967–ലെ മാർക്സിസ്റ്റ് ഭരണകൂടവും അതിനെതുടർന്നുവന്ന ഭരണകൂടങ്ങളുമെല്ലാം തന്നെയാണ്. 1962–ൽ ദീർഘദൃഷ്ടിയോടുകൂടി ബഹുമാന്യനായ ശ്രീ. ആർ. ശങ്കർ ചെയ്ത കാര്യങ്ങൾ നാം നടത്തിക്കൊണ്ടിരുന്നെങ്കിൽ ഇന്ന് ഈ അപകടത്തിൽപ്പെടുമായിരുന്നില്ല. അത് കഴിഞ്ഞ് കോത്താരി കമ്മീഷൻ വന്നു, അതുകഴിഞ്ഞതിനുശേഷം ചലഞ്ച് ഫോർ എഡ്യൂക്കേഷൻ എന്നുപറയുന്ന കമ്മീഷൻ വന്നു; അതിനുശേഷം ജസ്റ്റിസ് എം.പി.മേനോൻ കമ്മിഷൻ വന്നു. സർ, എം.പി. മേനോൻ കമ്മീഷൻ വിലപിക്കുകയാണ്, അതിൽ അദ്ദേഹം പറയുന്നത് ഇവിടെ ധാരാളം അദ്ധ്യാപകസംഘടനകളുണ്ട് പക്ഷെ അവരാരും എന്റെ മുമ്പിൽ തെളിവുതരാൻ വന്നില്ലയെന്നാണ്. ഞാൻ കുറ്റപ്പെടുത്തിപറയുകയല്ല അന്ന് പോയി കാര്യങ്ങൾ വിശദമായി പറയാൻ തയ്യാറെടുക്കേണ്ടിയിരുന്നു. അങ്ങനെ നോക്കിയാൽ കേരളത്തിൽ ഇതിനൊന്നിനും ഒരു പ്രവർത്തനവുമുണ്ടായിട്ടില്ല. +2 കോളേജുകളിൽ നിന്ന് മാറാൻ സാധിക്കണം. മാറിയിട്ട് പുതിയ വിഷയങ്ങൾ തുടങ്ങണം. ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള പഠനം, മ്യൂസിയോളജി, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സയൻസ്, ബയോ–ടെക്നോളജി, എൻവയോൺമെൻറൽ സ്റ്റഡീസ്, ഓഷ്യൻ ടെക്നോളജി, മറൈൻ ടെക്നോളജി, ടൂറിസം, റബ്ബർ ടെക്നോളജി, കാസ്യൂട്രാ ടെക്നോളജി ഇതെല്ലാം നമ്മുടെ സർവ്വകലാശാലകളിൽ നാം ആരംഭിക്കേണ്ടതാണ്. ഒരൊറ്റ അദ്ധ്യാപകരെപ്പോലും ജോലിയില്ലാതെ മാറാൻ ഇടവരാത്ത രീതിയിൽ തന്നെ കോഴ്സുകൾ ആരംഭിച്ചുകൊണ്ട് പഴയ ബി.എ.യും ബി.എസ്സിയും മാറിവച്ച് കൊണ്ട് നമുക്ക് പോകാൻ കഴിയും.

ഒരു കാര്യം എനിക്ക് വിനീതമായിട്ടഭ്യർത്ഥിക്കുവാനുള്ളത് ഇവിടെ നടക്കുന്ന സമരത്തെപ്പറ്റിയാണ്. ഇവിടെ നടക്കുന്ന സമരത്തിൽ വ്യത്യസ്തമായ ,ഒരു കാഴ്ചപ്പാടാണെനിക്കുള്ളത്. ഇവിടെ ആരംഭിച്ചിരിക്കുന്ന സമരത്തെ അടിച്ചമർത്തരുതെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ സമരത്തെ മറ്റാരു രീതിയിൽ കാണാൻ നാം തയ്യാറാകണം. 10 പ്ലസ് 2, ഇതിൽ അവർക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ 2 പ്ലസ് 3 ആക്കണം. കോത്താരി കമ്മീഷൻ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. സ്കൂളുകളും കോളേജുകളും ഒന്നിച്ചുനടത്താൻ. അതായത് സ്ഥലസൗകര്യംപോലെ ചെയ്യുന്നതിൽ ഒരു വിരോധവുമില്ലെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. കേരളത്തിന്റെ പശ്ചാത്തലം പറഞ്ഞിട്ട് വലിയകാര്യമൊന്നുമില്ല. നമ്മുടെ കോളേജുകളിലെ അദ്ധ്യാപകൻമാരെ വിളിച്ചുകൂട്ടി സംസാരിക്കാൻ നാം തയ്യാറാകണം. അവരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുകളുണ്ട്. 6,000 അദ്ധ്യാപകൻമാർക്കും കുറെ യൂണിവേഴ്സിറ്റി ജോലിക്കാർക്കും അതുപോലെതന്നെ മറ്റാളുകൾക്കും ബുദ്ധിമുട്ടുണ്ട്. അവരെ വിളിച്ചുവരുത്തി ഈ കാര്യത്തെ സംബന്ധിച്ച് സംസാരിക്കണം. ഏറ്റവും അവസാനമായി മാർച്ച് 25–ാം തീയതി ഹിന്ദുപത്രത്തിൽവന്ന ഒരുകാര്യം ഞാൻ പറയാം. ശ്രീ.സുബ്രഹ്മണ്യം ചെയർമാനായി ഒരു കമ്മീഷനെ എഡ്യൂക്കേഷനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതായി ആ പത്രത്തിൽ പറയുന്നു. ഇന്ത്യയിലെ അറിയപ്പെടുന്ന പത്തിരുപത് വിദ്യാഭ്യാസ വിചക്ഷണൻമാർ ആണ് അതിലെ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളും. അവരും പറയുന്നു പ്രീ-ഡിഗ്രി വിദ്യാഭ്യാസം കോളേജു വിദ്യാഭ്യാസത്തിൽ നിന്ന് മാറണമെന്ന്. ബോർഡ് എന്നപേർ നമുക്ക് വേണമെങ്കിൽ മാറ്റാം. എന്തുപേരുവേണമെങ്കിലും കൊടുക്കാം. കേരളത്തിലെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താനാണെങ്കിൽ അത്യധികമായി വളർന്നുകൊണ്ടിരിക്കുന്ന, വളരെ വലുതായി മാറിയിരിക്കുന്ന ഈ കോളേജ് വിദ്യാഭ്യാസത്തെ ചുരുക്കുവാൻ നമുക്ക് സാധിക്കണം. കോളേജുവിദ്യാഭ്യാസത്തെ സ്പെഷ്യലൈസ് ചെയ്യുന്ന മറ്റ് വിഷയങ്ങളിലേക്ക് മാറ്റിക്കൊണ്ട്, സ്പെഷ്യലൈസ് ചെയ്യുന്ന കാര്യങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ട് നമ്മുടെ വിദ്യ സജ്ജമാകുന്നതിനാവശ്യമായിട്ടുള്ള മാർഗ്ഗങ്ങളുണ്ടാക്കാനുള്ള ശ്രമം നമ്മുടെ ഭാഗത്തു നിന്നുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിലെ ഏറ്റവും വലിയൊരു പ്രവർത്തനത്തിന്റെ സജീവമായൊരു മണ്ഡലത്തിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീമതി റ്റി. ആർ. ഗൗരി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. മൂന്നുമാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടിൽ ഏതാണ്ട് 158 കോടി രൂപ ഉണ്ട്. ഇപ്പോൾ 316 കോടി രൂപ ഉണ്ട്. അങ്ങനെ ഏതാണ്ട് 480-ഓളം കോടി രൂപ ചെലവാക്കുന്ന ഒരു വകുപ്പിനെപ്പറ്റിയുള്ള ചർച്ചയാണിവിടെ നടക്കുന്നത്. ഈ ചർച്ചയിൽ പലതും പറഞ്ഞു. ഈ ചർച്ചയിൽ ഇപ്പോൾ ജോസ് ആഗ്രഹിച്ചതുപോലെ സ്പോർട്ട്സിനെപ്പറ്റി പറയാൻ കാണും, സംസ്കാരത്തെപ്പറ്റി പറയാൻ കാണും. സംസ്കാരത്തിന്റെ കമ്മിറ്റിയെപ്പറ്റി പറയാൻ കാണും. വിദ്യാഭ്യാസത്തിൽ ഇതര രംഗത്ത് ഇന്നു നടക്കുന്ന അഴിമതികളെസംബന്ധിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചുമൊക്കെ പറയാൻ കാണും. ഇന്നത്തെ സ്ഥിതിയിൽ സംഘർഷമായിട്ടുള്ള ഈ സമരസമയത്ത് വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതുകൊണ്ടാണ് പ്രീ-ഡിഗ്രി ബോർഡും ഗവൺമെന്റ് എടുക്കുന്ന നിലപാടും പ്ലസ് 2-വും ഗവൺമെന്റിന്റെ ദേശീയവിദ്യാഭ്യാസനയവും എല്ലാം ചർച്ചാവിഷയമായിട്ടുവരുന്നത്. 1968-ൽ പാർലമെന്റ് പാസാക്കിയതിനെ സംബന്ധിച്ചും മുഖ്യശ്രീമാസ്റ്റർ പറഞ്ഞതിനെ സംബന്ധിച്ചും പ്രീ-ഡിഗ്രിബോർഡിനെപ്പറ്റിയുള്ള സമരത്തെ സംബന്ധിച്ചുമെല്ലാം പലരും പലതും അവിടെനിന്നു പറഞ്ഞു. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് സമരം ചെയ്യുകയേ നിവൃത്തിയുള്ളൂ എന്നവിധത്തിലാണ് സംസാരിച്ചത്. അങ്ങനെയൊരു സ്ഥിതിവിശേഷമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തിലുള്ളത്. 1986-87-ലെ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ പ്രീ-ഡിഗ്രിബോർഡിന്റെ കാര്യം ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു. യൂണിവേഴ്സിറ്റി രംഗത്ത് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ജീവനക്കാരോടോ കോളേജിൽ പഠിപ്പിക്കുന്ന അദ്ധ്യാപകൻമാരോടോ ഈ പ്രീ-ഡിഗ്രിബോർഡ് നടപ്പിലാക്കാൻ പോകുന്ന നടപടികളെ സംബന്ധിച്ചോ ഇതിന്റെ ഉദ്ദേശമെന്താണെന്നുള്ളതിനെ സംബന്ധിച്ചോ പ്ലസ് 2 വിഭാവിക്കുന്നതിൽ സമഗ്രമായി നമ്മുടെ വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചോ എലിമെന്ററി വിദ്യാഭ്യാസം കമ്പൽസറി ആക്കുന്നതിന്റെ നടപടികളെ സംബന്ധിച്ചോ ഒന്നും പറയുകയുണ്ടായില്ല. പ്രൈമറി വിദ്യാഭ്യാസം കമ്പൽസറിയാക്കുന്ന നടപടികളെടുക്കണം. അതെടുത്തിട്ടില്ല. പ്ലസ് 2 നടപ്പിലാക്കുന്നത് വൊക്കേഷണൽ ഓറിയന്റേഷൻ ആയിട്ടാണോ അതോ ഇന്നത്തെപോലെ പ്രീ-ഡിഗ്രി കോളേജിൽ നടക്കേണ്ടതിനുപകരം

LIBRARY ARCHIVES Kerala Legislative Assembly

ഹൈസ്കൂളിലേക്ക് മാറുക മാത്രമാണോ? പ്ലസ് 2 സമ്പ്രദായം ഞങ്ങളും കണക്കാക്കുന്നത് ടെർമിനൽ കോഴ്സ് ആയിട്ടാണ്. സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഇവിടെവച്ച് ഒരു ടെർമിനൽ കോഴ്സ് എന്നുള്ള നിലയിൽ വൊക്കേഷണൽ ട്രെയിനിംഗ് കഴിഞ്ഞ് പുറത്തേക്കുവരുമ്പോൾ അവരുടെ ജോലി ശരിയാകത്തക്കവിധത്തിൽ മാറുന്നതിനുവേണ്ടിയുള്ള എന്തെങ്കിലുമൊരു നടപടി, സാമ്പത്തികരംഗത്തുവരുത്തുന്ന മാറ്റത്തെ സംബന്ധിച്ച് ചില നയങ്ങൾകൂടി പറയണ്ടേ; എന്തെങ്കിലുമൊരു വാക്ക് അതിനെപ്പറ്റി പറയണ്ടേ? ഇന്നുതന്നെ എന്താണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ സ്ഥിതി? ഇന്ന് ആളുകൾ പറയുന്നത് ഒരു പള്ളിക്കൂടമുണ്ടെങ്കിൽ കുശാലായിട്ട് ജീവിക്കാം എന്നാണ്. ഒരു അമ്പലമോ ഒരു പള്ളിയോ ഉണ്ടെങ്കിൽ കുശാലായിട്ട് ജീവിക്കാമെന്നാണ് പറയുന്നത്. ഒരദ്ധ്വാനവും കൂടാതെതന്നെ ജീവിക്കാം. അങ്ങനെയൊരു സ്ഥിതിയാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്. ശ്രീ.ടി.എം.ജേക്കബിനെപ്പോലൊരു വിദ്യാഭ്യാസ വിചക്ഷണൻ ലോകത്തുണ്ടായിട്ടില്ലെന്നവിധത്തിലാണ് അദ്ദേഹത്തിന്റെ പാർട്ടിയിലെ മെമ്പറൻമാർ ഇവിടെ സംസാരിച്ചത്. ഇതുപോലൊരു വിദ്യാഭ്യാസ വിചക്ഷണൻ കേരളത്തിലുണ്ടായിട്ടില്ല, ലോകത്തുണ്ടായിട്ടില്ല, ഇന്ത്യയിലുണ്ടായിട്ടില്ല എന്നൊക്കെയാണ് ഇവിടെ സംസാരിച്ചത്. ഞാൻ അദ്ദേഹത്തെ അപമാനിച്ചൊന്നും പറയുന്നില്ല. എന്താണിന്നത്തെ നമ്മുടെ വിദ്യാഭ്യാസ നയം?

നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണെങ്കിൽ ചൈനയിലൊക്കെ പ്പോയ ആളാണല്ലോ? ചൈനയിൽപ്പോയിട്ടുവന്ന് അവിടത്തെ കാര്യങ്ങളെപ്പറ്റിയെല്ലാം പറയുകയുണ്ടായി. ചൈനയിലാണെങ്കിൽ ഇന്ന് 5 പ്ലസ് 4 കമ്പൽസറിയാക്കിയിരിക്കുകയാണ്. അവിടെ 9–ാം ക്ലാസുവരെ വിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം വൊക്കേഷണൽ ട്രെയിനിംഗാണ്. അതുകഴിഞ്ഞ് മറ്റ് വൊക്കേഷണൽ കോഴ്സുകളും കഴിഞ്ഞുവരുമ്പോൾ മുഴുവൻ ആളുകൾക്കും തൊഴിലാണ്. കാർഷികരംഗത്തായാലും വിദ്യാഭ്യാസ രംഗത്തായാലും കമേഴ്സ്യൽ രംഗത്തായാലും മറ്റേതു രംഗത്തായാലും ശരി എല്ലാപേർക്കും തൊഴിൽ കിട്ടുന്ന സ്ഥിതി വിശേഷമാണ് അവിടെയുള്ളത്. 105 കോടി ജനതയുള്ള ആ നാട്ടിൽ തൊഴിലില്ലാത്ത ഒരൊറ്റ ആളുപോലുമില്ല. തൊഴിലില്ലാത്ത ഒരൊറ്റ കുഞ്ഞിനെപ്പോലും നമുക്കവിടെ കാണാൻ കഴിയുകയില്ല. അതാണ് അവിടത്തെ വിശേഷം. അവരിന്ന് അവരുടെ വിദ്യാഭ്യാസനയത്തിൽ അവരുടേതായിട്ടുള്ള ചില മാറ്റങ്ങൾ വരുത്തുന്നുണ്ട്. എന്തിനാണെന്നോ? സയൻസ്, ടെക്നോളജി, കംപ്യൂട്ടർ എന്നീ രംഗങ്ങളിൽ ഇക്കണോമിക് സ്ട്രക്ച്ചറിൽ വരുത്തുന്ന മാറ്റത്തിനനുസരിച്ച് സോഷ്യലിസ്റ്റ് മൊഡേണൈസേഷനു വേണ്ടി വിദ്യാഭ്യാസ മേഖലയിൽ വരുത്തുന്ന പരിവർത്തനമാണിത്. ഇദ്ദേഹം പ്രീഡിഗ്രി ബോർഡ് എന്നുള്ള വിധത്തിൽ ഒരു പ്രഖ്യാപനമിറക്കി. അതിനുമുമ്പ് ആദിശേഷയ്യായുടെ രണ്ടു റിപ്പോർട്ടിലും പ്രീഡിഗ്രി ബോർഡ് എന്ന ആശയം വന്നിട്ടുണ്ടെന്നു പറഞ്ഞു. എനിക്ക് അതേപ്പറ്റി അറിഞ്ഞുകൂടാ. ശ്രീ. ആദിശേഷയ്യയും പിന്നെ രണ്ടുമൂന്ന് കമ്മിറ്റിക്കാരുംകൂടി കേരള, കാലിക്കട്ട് യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള കോളേജുകളുടെ സ്ഥിതിഗതികളെ സംബന്ധിച്ച് ഒരു റിപ്പോർട്ടുതന്നു. ഗവൺമെൻറ് കോളേജുകളേക്കാളും എല്ലാംകൊണ്ടും മെച്ചം പ്രൈവറ്റ് കോളേജുകളാണെന്നാണ് റിപ്പോർട്ട്. അദ്ദേഹം ഡിയർ മിനിസ്റ്റർ എന്നു പറഞ്ഞ് എഴുതിയ കത്തിൽ എപ്പോഴും വേണമെങ്കിലും വന്നുകണ്ടു

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കാമെന്നും പറഞ്ഞിരിക്കുന്നു. ആ റിപ്പോർട്ടിനെപ്പറ്റി ദേശീയ വിദ്യാഭ്യാസ നയം പാർലമെന്റിൽ അംഗീകരിച്ച പ്രമേയത്തിൽ പാർലമെന്റിൽ മെമ്പർമാർ അനുകൂലിക്കുകയും എതിർക്കുകയും അതിൽ ചില ഭേഗതികം അവതരിപ്പിക്കുകയുമൊക്കെ ചെയ്തതു വായിച്ചതല്ലാതെ എനിക്കൊന്നുമറിയില്ല. ഏതായാലും ഇന്നത്തെ നിലയിൽ പ്രീഡിഗ്രി ബോർഡ് ഇവിടെ ഉണ്ടാക്കാൻ പോകുന്നുവെന്നു വന്നത് നമ്മുടെ സംസ്ഥാനത്ത് ഞാൻ മുമ്പു പറഞ്ഞ രണ്ടു മേഖലകം, യൂണിവേഴ്സിറ്റി ജൂനിയർ കോളേജുകളിൽ പണിയെടുക്കുന്നവർക്കു മാത്രമല്ല, പ്രതിപക്ഷ കക്ഷികളിൽപ്പെടുന്ന ഞങ്ങൾക്കു മാത്രമല്ല, ആ മേഖലയിൽ ജോലിചെയ്യുന്ന മുഴുവൻ ജീവനക്കാരുടെ ഇടയിലും ആശങ്കയുണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങം അദ്ധ്വാനിച്ച് ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അല്ലാതെ കട്ടു ജീവിക്കണമെന്നല്ല. അദ്ധ്വാനമെന്നു പറയുന്നത് മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ സ്വത്തുൽപ്പാദനമാണ്. ഇവിടെ സ്വത്തുൽപ്പാദനമല്ല നടക്കുന്നത്. അദ്ധ്വാനം ഫയൽ എഴുത്തും പഠിപ്പിക്കലും ഒക്കെയാകട്ടെ. ഏതായാലും അദ്ധ്വാനിച്ച് ജീവിക്കണമെന്ന് ആഗ്രഹമുള്ള നമ്മുടെ വിഭാവനം ചെയ്യുന്ന ഒരു വിദ്യാഭ്യാസമല്ല പ്രീഡിഗ്രി ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഉള്ള ജോലി നഷ്ടപ്പെടും എന്ന് ആശങ്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുടെ യൂണിയൻ മാത്രമല്ല, ശ്രീ.ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരളായൂണിവേഴ്സിറ്റി സ്റ്റാഫ് യൂണിയൻ, കാലിക്കട്ട് യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷൻ, കെ.സി.ജോസഫ് നേതൃത്വം നൽകുന്ന ഗാന്ധിജി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ, ബാബുവർഗ്ഗീസ് നേതൃത്വം നൽകുന്ന കേരളായൂണിവേഴ്സിറ്റി ടെപ്പിസ്റ്റ്സ് ആൻഡ് സ്റ്റെനോഗ്രാഫേഴ്സ് അസോസിയേഷൻ, എന്നീ സംഘടനകം ഉംപ്പെടെ മുഴുവൻ യൂണിവേഴ്സിറ്റി ജീവനക്കാരും, കോളേജ് അദ്ധ്യാപക സംഘടനകളും ഇപ്പോം സമരത്തിലാണ്. ഗവൺമെന്റ് പ്രഖ്യാപിച്ച പ്രീഡിഗ്രി ബോർഡിനെതിരായി ഈ വിഭാഗത്തിലുള്ള മുഴുവൻ ജീവനക്കാരും ആശങ്കാകുലരാണ്. സംഘടനാ പ്രതിനിധികം മേയ് ആറാംതീയതി ഓപ്പൺ യൂണിവേഴ്സിറ്റി ഓർഡിനൻസിനെക്കുറിച്ച് ചർച്ചചെയ്യുവാൻ അറിയിപ്പു കിട്ടിയെങ്കിലും, അന്ന് അവർ ഇതുസംബന്ധിച്ചുള്ള നടപടികളിലേക്ക് നീങ്ങുന്നതിന് എതിരായി നിരാഹാരം തുടങ്ങി. അതിനുശേഷം ചർച്ച വന്നപ്പോം, മന്ത്രിയുടെ ഭാഗത്തുനിന്നും അയവില്ലാത്ത നീക്കമാണ് ഉണ്ടായിട്ടുള്ളത്. ഞാൻ മനസ്സിലാക്കിയത് ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ പ്ലസ് ടൂ എവിടെ എങ്ങനെ നടപ്പിലാക്കണം കോളേജിൽ തന്നെ വേണമോ എന്നുള്ളതിനെക്കുറിച്ചെല്ലാം ഉണ്ടെന്നാണ്. ശ്രീ. കാനം രാജേന്ദ്രൻ, പ്രൊഫ.ജോസഫ് മുണ്ടശ്ശേരിയെക്കുറിച്ച് ഇവിടെ സംസാരിച്ചതുകൊണ്ട് ഞാൻ അധികം സംസാരിക്കുന്നില്ല. അതിൽ പ്രീഡിഗ്രി ബോർഡ് എന്നൊന്നുമല്ല പറഞ്ഞിരിക്കുന്നത്. അതിന്റെ പേര് Transformation of Pre-degree Course into Higher Secondary Course making it a terminal one. അതാണ്. അതിന്റെ പ്രാധാന്യം. ആ വിധത്തിലാണ് അതിനു ഹെഡ്ഡിംഗ് കൊടുത്തിരിക്കുന്നത്. അതിന് ചില അർത്ഥമുണ്ട്. അതുകൊണ്ട് അതിനുമുമ്പുള്ള ഭാഗംകൂടി വായിക്കണം. മുണ്ടശ്ശേരി മന്ത്രിയായിരുന്ന അന്നു കൊടുത്ത ആക്ടറിനോറ്റ് പ്ലാനിൽ അദ്ദേഹം ഓരോ രംഗത്തേയുംപറ്റി വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. എലിമെന്ററി

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഓരോ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. ബേസിക് വാല്യൂസ് എന്തായിരിക്കണമെന്നതിനെപ്പറ്റിയും Making education work oriented ആകുന്നത് എങ്ങനെയെന്നുമൊക്കെ പറഞ്ഞിട്ടുണ്ട്. Crash programme, Primary Education എന്നിവയെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. പെരുതായിട്ടുള്ള കാര്യമൊന്നുമല്ല പറഞ്ഞിട്ടുള്ളത്. അതൊക്കെ ഇന്നു നടപ്പിലാക്കുന്നുണ്ടോ? പ്രൈമറി വിദ്യാഭ്യാസം കമ്പൽസറിയാക്കിയോ— ഇല്ല. മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞകാലത്ത് കോളേജുകൾ ഇത്ര കൂടുതൽ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ടോ? ഇത് ഒരു ചെറിയ കാര്യമല്ല. ഇതെല്ലാം കൂടി കൂട്ടിച്ചേർത്ത് വിദ്യാഭ്യാസമേഖല ശരിയാക്കണമെങ്കിൽ രാമേശ്വരത്തെ ക്ഷൗരംപോലെ പ്രീഡിഗ്രി ബോർഡ് എന്ന സ്ഥാപനം കൊണ്ടുമാത്രം ശരിയാവുകയില്ല. രാമേശ്വരത്തെ ക്ഷൗരംപോലെ വിദ്യാഭ്യാസമേഖലയെ ശരിയാക്കിക്കളയാമെന്നുള്ള വ്യാമോഹം ശരിയല്ല. വിദ്യാഭ്യാസത്തിൽ അടിസ്ഥാനപരമായി വരുത്തേണ്ട മാറ്റങ്ങൾ ചിന്തിച്ച്, സാമൂഹ്യമായി ചുറ്റുപാടുമായി ബന്ധപ്പെടുത്തി തീരുമാനിക്കണം. ഇതു സംബന്ധിച്ച പ്രക്ഷോഭണത്തിൽ വിദ്യാർത്ഥികൾ ചേർന്നു, രക്ഷകർത്താക്കൾ ചേർന്നു, നാട്ടുകാർ ചേർന്നു. ഇന്ന് കേരളത്തിലെ ഏറ്റവും വലിയ പ്രശ്നമെന്താണെന്നുവച്ചാൽ പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച പ്രക്ഷോഭണവും അതോടനുബന്ധിച്ച സംഘർഷാത്മക സ്ഥിതി വിശേഷവുമാണ്. ഈ സംഘർഷാവസ്ഥ തിരുവനന്തപുരത്തുമാത്രമല്ല. കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിച്ചുകഴിഞ്ഞു. എൻ. ജി. ഒ. മാരും അദ്ധ്യാപകരുമൊക്കെ ഇവരുടെ പ്രക്ഷോഭണത്തിന് സഹായത്തിനെത്തിക്കൊണ്ട് ഗവൺമെൻറ് ഇതിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുകയാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ടി. എം. ജേക്കബ്ബിനോട് ഒരു ചോദ്യം ചോദിച്ചു, പ്ലസ് 2 റ്റീസ്സയിലും ബീഹാറിലും നടപ്പിലാക്കുന്നതുപോലെതന്നെയാണോ നമ്മുടെ നാട്ടിലും നടപ്പാക്കേണ്ടത്? മന്ത്രി മറുപടി പറഞ്ഞില്ല. ഞാൻ ഒന്നു ചോദിച്ചോട്ടെ, നിങ്ങളും നിയമിച്ച, എ. കെ. എൻ. നമ്പ്യാരുടെ റിപ്പോർട്ടിൽ എന്താണു പറയുന്നത്? ഞാൻ മനസ്സിലാക്കിയത് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പ്ലസ് ടു യൂണിവേഴ്സിറ്റിയിൽനിന്ന് എടുക്കേണ്ട കരിക്കുലമോ, ടെസ്റ്റോ, എക്സാമിനേഷനോ നടത്തുന്നതിനു വേണ്ടിയുള്ള നടപടികളെടുക്കുക എന്നാണ്. അല്ലാതെ ഇത് കോളേജിൽനിന്ന് തൽക്കാലം മാറണമെന്നു പറഞ്ഞിട്ടില്ല. നിങ്ങളുടെ പ്രീഡിഗ്രി ബോർഡ്, വിദ്യാഭ്യാസത്തിന് യാതൊരു മാറ്റവുമില്ലാതെ അതുപോലെ തുടരുക. ഒരു ബോർഡ് ഉണ്ടാക്കി അതിന്റെ കീഴിൽ സ്കൂളുകളിലേയ്ക്ക് മാറ്റിക്കൊണ്ടുവരികയല്ലാതെ വിദ്യാഭ്യാസത്തിൽ ഇപ്പോൾ എന്താണു മാറ്റം? നിങ്ങളും പറയുമായിരിക്കും വളരെക്കാലമായിട്ട് കരിക്കുലവും സിലബസുമൊന്നും മാറ്റിയിട്ടില്ല, അതുകൊണ്ട് അതുമാറ്റാൻ പോകുകയാണ്, അതുപോലെ ഇന്നത്തെ സയൻറിഫിക് ഡവലപ്പ്മെൻറിന്റെ അടിസ്ഥാനത്തിൽ ഒരേ പരീക്ഷാസമ്പ്രദായവും പരീക്ഷയുമല്ല, അത് ഒന്നാക്കാൻ പോകുകയാണ് എന്ന്. കാർഷിക രംഗത്തും വ്യാവസായികരംഗത്തും മറ്റെല്ലാ രംഗങ്ങളിലും വരുത്തേണ്ടതായിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് ആധുനികമായിട്ടുള്ള രീതിയിൽ ടെക്നോളജി വളർത്തുന്നതിനുവേണ്ടിയുള്ള സംവിധാനമായിട്ടോ, സയൻസിന്റെ വളർച്ചയ്ക്ക് അനുസരിച്ചുള്ള മാറ്റമായിട്ടോ ഒന്നും നിങ്ങളും ഈ പ്രീഡിഗ്രി ബോർഡ് എന്നു പറഞ്ഞിരിക്കുന്ന സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെയാണെങ്കിൽ ഡിഗ്രി കോഴ്സിന്, റിസർച്ചിന് മറ്റു സൗകര്യങ്ങളും അതിന് ഉണ്ടാകത്തക്കവിധത്തിലുള്ള നീക്കങ്ങളെക്കുറിച്ചും വ്യത്യാസങ്ങളെക്കുറിച്ചുമെല്ലാം നിങ്ങളുടെ പ്രസംഗത്തിൽ വരേണ്ടേ? അതിനുള്ള ചെലവു വേണ്ടേ ബഡ്ജറ്റിൽ തുക കാണുന്നില്ല—വിദ്യാഭ്യാസ നയത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് ബഡ്ജറ്റിൽ തുക കാണണമല്ലോ. അതൊന്നുമില്ല. ആധുനിക ടെക്നോളജി ഉപയോഗിച്ചുകൊണ്ട് നമ്മുടെ രാജ്യത്തേയും നവീകരിക്കത്തക്ക വിധത്തിൽ നമ്മുടെ വിദ്യാർത്ഥികളേയും വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. പുറത്ത് അതുപോലുള്ള ചുറ്റുപാടുകളുണ്ടോ? അതുകൊണ്ട് അത് ടേക്കപ്പ് ചെയ്യേണ്ടതായിട്ടുള്ള ഒരു സ്ഥിതി വിശേഷത്തിലേയ്ക്ക് ഇവരെ വളർത്തിയെടുക്കുന്നതിനുള്ള നടപടി യെടുക്കുന്നതിനോടൊപ്പം നമ്മുടെ സാമ്പത്തിക നയത്തിൽ പരിവർത്തനം വരത്തക്കവിധത്തിലുള്ള ഐഡിയോളജിക്കൽ കൺച്ചറൽ എഡ്യൂക്കേഷനും ആവശ്യമാണ്. ഇതിനുള്ള തീരുമാനമുണ്ടോ? ഇതിന് ഒരു ബോർഡ് മതിയോ? എ. കെ. എൻ. നമ്പ്യാർ നിങ്ങൾക്കു സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് ഇന്നത്തെപ്പോലെ പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജിൽതന്നെ നിലനിർത്തിക്കോട്ടെയെന്നും അവിടത്തെ ജീവനക്കാരേയും അദ്ധ്യാപകരേയും യൂണിവേഴ്സിറ്റിയിൽതന്നെ നിലനിർത്തിക്കൊണ്ട് അവരുടെ പ്രൊമോഷൻ, മറ്റു വ്യവസ്ഥകൾ എന്നിവ ഇന്നത്തെപ്പോലെ കോളേജിലും, യൂണിവേഴ്സിറ്റികളിലും നടന്നോട്ടെയെന്നും തൽക്കാലം വിദ്യാഭ്യാസം കോളേജിൽതന്നെ നടക്കട്ടെയെന്നും ഇന്നത്തെ കോളേജ് അദ്ധ്യാപകർതന്നെ പഠിപ്പിച്ചോട്ടെയെന്നും പരീക്ഷാനടത്തിപ്പ്, കരിക്കുലം, ടെക്സ്റ്റ്ബുക്ക് ഇതിന്റെ കൺട്രോൾ മാത്രം ഈ ബോർഡിനു കൊടുത്താൽ മതിയെന്നും ആണ്. ഇന്നത്തെ താങ്ങാനാവാത്ത വിദ്യാഭ്യാസ ചെലവ് പ്ലസ് ടു നടപ്പിലാക്കിയാലും പിടിച്ചുനിർത്താൻ കഴിയുമെന്നല്ലെ നിങ്ങൾ നിയമിച്ച എ. കെ. എൻ. നമ്പ്യാർ റിപ്പോർട്ട് തന്നത്. നിങ്ങൾക്ക് ആ റിപ്പോർട്ട് അനുസരിച്ചു നിങ്ങളുടെ മനസ്സിലിരിപ്പു നടത്തുവാൻ പ്രയോജനപ്പെടുകയില്ല എന്ന ബോദ്ധ്യത്തിൽ ചീഫ് സെക്രട്ടറി, എഡ്യൂക്കേഷൻ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി എന്നിവരെ വിളിച്ച് ഡിസ്കസ് ചെയ്തു. അവരും എ. കെ. എൻ. നമ്പ്യാരുടെ റിപ്പോർട്ട് ആണ് നല്ലതെന്ന് തീരുമാനിച്ചു. പക്ഷേ നിങ്ങളത് അംഗീകരിച്ചില്ല. നിങ്ങളുടെ മനസ്സിലിരിപ്പ് എഴുതിത്തരുവാനാണ് വൈസ് ചാൻസലർമാരുടെ കമ്മിറ്റി രണ്ടാമത് അന്വേഷിക്കുന്നത്. നിങ്ങളവരുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു പ്രൈവറ്റ്കാർക്കു കൊടുക്കാൻ നിങ്ങൾ അച്ചാരം കൊടുത്തുകഴിഞ്ഞു. ഞങ്ങൾക്ക് ഇത്രയേ പറയാനുള്ളു. നിലവിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരേയും അദ്ധ്യാപകരേയും പിരിച്ചുവിട്ട് പുതിയ വിഭാഗക്കാരെ നിയമിച്ച് വിദ്യാഭ്യാസ മേഖലയിൽ അഴിമതിയുടെ കള വർദ്ധിപ്പിക്കാൻ ഈ ജനാധിപത്യ കാലത്ത് എളുപ്പമാർഗ്ഗമാണെന്നു ധരിക്കരുത്. ചൈനയിൽ പോയി എന്നു പറഞ്ഞു. എന്തിനാണു പോയത്? അവിടെ വിദ്യാഭ്യാസത്തിൽ വരുത്തുന്ന മാറ്റം ആദ്യം ആ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും അദ്ധ്യാപകർക്കും ജീവിതസൗകര്യങ്ങളും വർദ്ധിപ്പിച്ചു. അവരെ ബഹുമാനിക്കേണ്ട സംവിധാനം ഉണ്ടാക്കിയും, വിദ്യാഭ്യാസ നയം ആദ്യം ഈ വിഭാഗക്കാരുമായി ചർച്ച ചെയ്തു, കഴിഞ്ഞതിനു ശേഷമേ നടപ്പിലാക്കുകയുള്ളൂ. അവരെ സഹായിക്കാനും, തീരുമാനത്തിനു വേഗത വർദ്ധിപ്പിക്കാനും, കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാർ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുന്നു. സി. പി. സി. യുടെ പ്രമേയത്തിലതാണ് കാണുന്നത്. നയം നടപ്പിലാക്കുന്നതിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ശരിയാക്കിയതിനുശേഷം പുതിയ നയം വിദ്യാഭ്യാസരംഗത്തു നടപ്പിലാക്കുകയാണു ചെയ്തത്. ഇവിടെ അതിനുള്ള അന്തരീക്ഷം കലുഷമാക്കി നടപ്പിലാക്കുന്നു. ചൈനയിൽ പോയിട്ട് ഏതെങ്കിലും അച്ചൻമാർക്കു പള്ളിക്കൂടം കൊടുക്കുന്നുണ്ടോയെന്നു നോക്കി വന്നാൽ മാത്രം മതിയോ? എങ്ങനെ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നു എന്നു പഠിച്ചിട്ടു വരണ്ടേ? വിദ്യാഭ്യാസത്തിൽ എർപ്പെട്ടിരിക്കുന്ന വിഭാഗക്കാരുമായി ചർച്ച നടത്താനും അവരെ ബോദ്ധ്യപ്പെടുത്തി തീരുമാനമെടുക്കാനും ഗവൺമെൻറ് ശ്രമിക്കുന്നതിനുപകരം അവരെ ശത്രുക്കളായി പ്രഖ്യാപിച്ച് അവരോട് നിങ്ങളും യുദ്ധം നടത്തുകയാണ്. വിദ്യാഭ്യാസരംഗത്ത് ഇന്നു നിലവിലിരിക്കുന്ന സംഘർഷാവസ്ഥ മാറാനും കുട്ടികളുടെ വിദ്യാഭ്യാസം അടഞ്ഗുരം തുടർന്നുപോകാനുമാണ് ഞങ്ങളും ആവശ്യപ്പെടുന്നത്. നിങ്ങളും ജീവനക്കാരുമായി കൂടിയാലോചിക്കണം. അവരുമായിട്ട് കൂടിയാലോചിച്ചുകൊണ്ട് ഈ പ്രശ്നം തീർക്കണം. ഈ പ്രശ്നം വന്നുകഴിഞ്ഞശേഷം എന്തൊക്കെയാണുണ്ടായത്?

സർ, ഇവിടെ നടന്നത് എന്താണെന്നു അറിയാമോ? പോലീസ് മുൻപാകെ എഴുതിക്കൊടുക്കണം ഞാൻ ജോലി ചെയ്യാൻ പോകുകയാണ്, ജോലി ചെയ്തുകൊള്ളാമെന്ന്. വിസമ്മതിച്ച സ്ത്രീ ജീവനക്കാരെ പോലീസ് അറസ്റ്റു ചെയ്തു. അവരെ ആഫീസിൽ കയറാനിയില്ല. ഇവിടെ മുഖ്യമന്ത്രി പറഞ്ഞു, സ്ത്രീകളോട് ആരെങ്കിലും അനീതി കാണിച്ചാൽ അവരെ ശിക്ഷിക്കുമെന്ന്. യൂണിവേഴ്സിറ്റിയിലെ സ്ത്രീ ജീവനക്കാരോട് അപമര്യാദ കാണിച്ച പോലീസുകാരെ ശിക്ഷിച്ചോ—ഇല്ല. സ്ത്രീ ജീവനക്കാരുടെ പേരിലാണ് കേസെടുത്തത്. നിങ്ങളും ജോലിചെയ്യാൻ പോകുകയാണെന്ന് പോലീസുകാർക്കെഴുതിക്കൊടുത്തിട്ട് പോകാൻ ഗവൺമെൻറ് പറയുന്നു. പോലീസുകാർക്കു വിദ്യാഭ്യാസത്തെക്കുറിച്ച് വല്ലതും അറിയാമോ? ജനങ്ങളെ അടിയ്ക്കുക, നിപോടാ, ഇരിയെടാ, പോടാ, വാടാ എന്നൊക്കെ പറയാനല്ലാതെ വേറെ വല്ലതും അറിയാമോ, ട്രെയിനിംഗ് കൊടുക്കുന്നുണ്ടോ? അങ്ങനെയുള്ള പോലീസുകാരുടെ കയ്യിൽ എഴുതിക്കൊടുക്കണമെന്ന് പറഞ്ഞപ്പോഴും സ്ത്രീ ജീവനക്കാർ പ്രതിഷേധിച്ചു. പോലീസുകാർ ഇവരെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി. ആയിരത്തിലധികം ജീവനക്കാരെ കേരള യൂണിവേഴ്സിറ്റിയിൽ മാത്രം അറസ്റ്റു ചെയ്തു. 763—ഓളം പേരെ അവിടെ സസ്പെൻറ് ചെയ്തു. കോളേജുകളിലും യൂണിവേഴ്സിറ്റിയിലും കൂട്ട അറസ്റ്റ് നടന്നു. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ 700—ഓളം പേരെ സസ്പെൻഡ് ചെയ്തു. ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ആ സമരത്തിൻെറ ഭാഗമായിട്ട് അൻപത്തോളം പേരെ സസ്പെൻഡ് ചെയ്തു. യൂണിവേഴ്സിറ്റിയിൽ പ്രവർത്തനമൊന്നും നടക്കുന്നില്ല. ആ വഴിക്കുള്ള നടപടികളിലേക്കു നീങ്ങുകയാണ് നല്ലത്. ഞാൻ പ്രതീക്ഷിക്കുന്നത് ഗ്രാൻറിൻെറ ഈ ചർച്ച കഴിഞ്ഞ് ശ്രീ. ജേക്കബ് പോയി, ഈ പ്രശ്നം മാന്യമായിട്ടുള്ള നിലയിൽ കൂടിയാലോചിച്ച് നമ്മുടെ നാട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസം നടക്കാനുള്ള അന്തരീക്ഷമുണ്ടാക്കി വിദ്യാർത്ഥികളെ രക്ഷിക്കുമെന്നാണ്. ഞാൻ പ്രസവിച്ചുമില്ല, എനിക്ക് കുട്ടികളുമില്ല. അതായിരുന്നു അപ്പുറത്തുള്ളവരുടെ മുഴുവൻ പരാതി. കുട്ടികളെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരിൽ ഒരാളാണ് ഞാൻ. മനു

LIBRARY ARCHIVES Kerala Legislative Assembly

ഷ്യനെ സ്നേഹിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാരം. അല്ലാത്തവർക്ക് കമ്മ്യൂണിസ്റ്റാകാൻ പറ്റുകയില്ല. കമ്മ്യൂണിസ്റ്റാകണമെങ്കിൽ ഈ രണ്ടുഗുണങ്ങളും വേണം. കുട്ടികളെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റാകാൻ പറ്റുകയില്ല. നമ്മുടെ നാട്ടിൽ കുട്ടികൾക്കു പഠിക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാകണം. മറ്റു സംസ്ഥാനങ്ങളിൽ സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ തുടങ്ങിക്കഴിഞ്ഞു. ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് തെറ്റാണ്. പരീക്ഷനടക്കുന്നതിന്റെ ഇടയ്ക്കുവച്ച് പ്രീ-ഡിഗ്രിക്ക് ഒരു ബോർഡ് കൊണ്ടുവന്നിരിക്കുന്നു. ഫിനാൻസ് സെക്രട്ടറി, ചീഫ്സെക്രട്ടറി, എഡ്യൂക്കേഷൻ സെക്രട്ടറി, ശ്രീ. നമ്പ്യാർ ഇവരും ഇതുമായി ബന്ധപ്പെട്ട ഈ മന്ത്രിയും കൂടി ചർച്ച ചെയ്ത് എടുത്ത തീരുമാനമെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇൻറർയൂണിവേഴ്സിറ്റി ബോർഡ് ഉണ്ടാക്കി ജീവനക്കാർക്കു ബുദ്ധിമുട്ടില്ലാതെ, അധികച്ചെലവ് കുറയ്ക്കത്തക്ക വിധത്തിൽ ഇന്നത്തെ സംവിധാനം ഉപയോഗിക്കാൻ തീരുമാനിച്ചു. അതു മറികടക്കാനാണ് വൈസ് ചാൻസലർമാരെ നിയോഗിച്ചുവെന്ന് കേട്ടത്. അങ്ങനെയാണ് ഞാൻ മനസ്സിലാക്കിയത്. അത് ശരിയാണോ, തെറ്റാണോ എന്ന് മന്ത്രി പറയണം, എനിക്കറിയില്ല. അതിനെപ്പറ്റി ഞങ്ങളും കൂടി അറിഞ്ഞാൽ വലിയ തകരാറൊന്നുമില്ല.

സർ, കോടിക്കണക്കിനു പണം മുടക്കാനുള്ള പദ്ധതികൊണ്ടുവന്നാൽ ഗവൺമെൻറിന് താങ്ങാൻ പറ്റുമോ, പൊതുപണം ഉപയോഗിക്കുന്നതിന് അനുഷ്ഠിക്കേണ്ട മാനദണ്ഡം നിങ്ങൾ പാലിക്കുന്നുണ്ടോ? നമ്മുടെ സാമ്പത്തിക നില വച്ചുകൊണ്ട് ബോർഡ് വേണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി ഓരോരുത്തരും അവരവരുടേതായ അഭിപ്രായങ്ങൾ ഇവിടെ പറഞ്ഞു. യൂണിവേഴ്സിറ്റിക്കും സ്കൂളുകൾക്കും പ്രാതിനിധ്യം കൊടുക്കത്തക്ക വിധത്തിൽ ഒരു സംവിധാനത്തിന്റെ കീഴിൽ പ്രീ-ഡിഗ്രി ഏകീകരണം കൊണ്ടുവരണമെന്നാണ് പ്ലാനിംഗ് ബോർഡ് പറഞ്ഞത്. 'കുരുടൻ ആനയെ കണ്ടതുപോലെ'യാണ് പ്ലാനിംഗ് ബോർഡ് പ്രീ-ഡിഗ്രിക്കുള്ള ആ സംവിധാനത്തെ കണ്ടത്. ഇവിടെ പ്രീഡിഗ്രി പരീക്ഷ നടത്തിയതിലും പരിശോധനയിലും മാർക്കുകളിലും കുഴപ്പം ഉണ്ടായതുകൊണ്ടാണ് ഒരു ബോർഡ് ഉണ്ടാക്കാൻ തീരുമാനിക്കുന്നതെന്നാണ് അവരുടെ റിപ്പോർട്ട്. പരീക്ഷകൾ നടത്തി, പരീക്ഷാ കടലാസ് നോക്കലും നടന്നു. വളരെ അഴിമതി നടന്നു. യൂണിവേഴ്സിറ്റികളിൽ നടന്നിട്ടുള്ള, ഈ കൊള്ളരുതായ്മ പരിഹരിക്കാൻ ഒരു പ്രീ-ഡിഗ്രി ബോർഡിനെ ഏൽപ്പിക്കണം എന്നായിരുന്നു പ്ലാനിംഗ് ബോർഡിന്റെ നിഗമനം. ഏകീകരിച്ച പരീക്ഷ നടത്തുന്നത് ചീത്തയാണ്. പക്ഷേ ബോർഡ് നിയമനംകൊണ്ട് ഇത് പരിഹരിക്കാൻ കഴിയുമോ? സംവിധാനം ചീത്തയാക്കാൻ ഇടയുണ്ട്. സാഹചര്യം അതാണ്. സാഹചര്യം മാറ്റുക അതാണ് വേണ്ടത്. ഒറ്റമൂലി കൊണ്ട് പരീക്ഷ നടത്തിപ്പിന്റെ അഴിമതി മാറ്റാൻ കഴിയുകയില്ല.

അതുപോലെതന്നെ മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞിരിക്കുന്നത്, വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിവർത്തനം ഉണ്ടാകണമെന്നാണ്. പ്രൈമറി വിദ്യാഭ്യാസം മുതൽ ഇത് തുടങ്ങുകയും വേണം. കോളേജിലേക്ക് എത്തുമ്പോൾ ഡിഗ്രികോഴ്സ് എങ്ങനെ വരണമെന്നുള്ളതും അതിലുണ്ട്. പ്ലസ് ടു മുണ്ടശ്ശേരി വിഭാവന ചെയ്തത് റെമിനൽ

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സായിട്ടാണ്. അതിൽ ചെന്നെത്താൻ ആവശ്യമായ രീതിയിലുള്ള മാറ്റം വരുത്തി ടെക്നിക്കൽ വിദ്യാഭ്യാസത്തിലെത്തിക്കാനും മറ്റുമുള്ള പ്ലസ് ടു ആണ് മുണ്ടശ്ശേരിയുടെ റിപ്പോർട്ട്. ഡിഗ്രി കോഴ്സിൽ ഇടയ്ക്കുള്ള ടെർമിനൽ കോഴ്സ് വൊക്കേഷണൽ കോഴ്സായിരിക്കുമെന്നാണ്. അവർക്ക് തൊഴിൽ കൊടുത്തശേഷം ഡിഗ്രിയും അതിന്റെ ഭാഗമായ റിസർച്ചും നന്നാക്കുന്നതിനും ബലപ്പെടുത്തുന്നതിനും വേണ്ടി അടിമുതൽ മുടി വരെ വിദ്യാഭ്യാസത്തിൽ മാറ്റം വരുത്തണമെന്നാണ് മുണ്ടശ്ശേരിയുടെ റിപ്പോർട്ട്. ആ റിപ്പോർട്ടിന്റെ ഒരുഭാഗത്ത് പ്ലസ് ടു എന്നു പറഞ്ഞു, അതിന് പ്രീ-ഡിഗ്രി ബോർഡ് ആണെന്ന് ഭരണകക്ഷിക്കാർ വിചാരിക്കുന്നു. ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടിലും പറയുന്നുണ്ട്; കുട്ടികളുടെ തള്ളിച്ചകൊണ്ട് പ്രീ-ഡിഗ്രി കോഴ്സിന് പ്രത്യേക സംവിധാനം ഉണ്ടാക്കണമെന്ന്. കുട്ടികളുടെ തള്ളിച്ച ഇതുകൊണ്ട് തീരുമോ? ''എലിജിബിലിറ്റി ഫോർ കോളേജ് അഡ്മിഷൻ'' എന്ന് ജയിച്ച കുട്ടികൾക്ക് എഴുതി സർട്ടിഫിക്കറ്റ് കൊടുക്കുന്ന സമ്പ്രദായം നിർത്തണം. ഇത്രമാർക്കിനു മുകളിലുള്ളവർക്ക് മാത്രം കോളേജ് അഡ്മിഷൻ കൊടുക്കണം. ആദിശേഷയ്യായുടെ ശുപാർശയാണ്. വളരെ സില്ലിയായിട്ടുള്ള ശുപാർശ. 'എലിജിബിലിറ്റി ഫോർ കൊളീജിയറ്റ് എഡ്യൂക്കേഷൻ' എന്നുള്ളത് കളഞ്ഞാൽ മാത്രം കോളേജ് എഡ്യൂക്കേഷനുള്ള തള്ളിച്ച നിൽക്കുമോ? നമ്മുടെ രാജ്യത്ത് ഇത്രവലിയ കലാപം ഉണ്ടായ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. അതാണ് പ്രീ-ഡിഗ്രി ബോർഡിന്റെ പ്രത്യേകത.

ഞാൻ വിദ്യാഭ്യാസരംഗത്തെ മറ്റ് പ്രശ്നങ്ങളെ സംബന്ധിച്ച് പറയുന്നില്ല. സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച് പറയാനുണ്ട്. എത്രയോ സ്കൂളുകൾ അനുവദിച്ചു, എത്ര അൺ എയിഡഡ് സ്കൂളുകൾ അനുവദിച്ചു. എത്ര എയിഡഡ് സ്കൂളുകളും ഗവൺമെന്റ് സ്കൂളുകളും അനുവദിച്ചു, എത്ര ടീച്ചേഴ്സിന് പ്രൊട്ടക്ഷൻ കൊടുത്തു. ഇനിയും എത്ര പേർക്ക് പ്രൊട്ടക്ഷൻ കൊടുക്കേണ്ടിവരും. വിദ്യാഭ്യാസമന്ത്രി വിഭാവന ചെയ്യുന്ന പ്രീ-ഡിഗ്രി ബോർഡ് വന്നാൽ, ഇനിയും എത്ര അദ്ധ്യാപകർ പ്രൊട്ടക്ടഡ് ആകും എന്ന് ശ്രീ. ജേക്കബ് പറയണം. ശ്രീ. ജേക്കബ് വിചാരിച്ചത് തന്റെ മന്ത്രിസ്ഥാനം 7 മാസം കഴിയുമ്പോൾ പോകും, പിന്നെ വരുന്ന മന്ത്രിസഭ കിടന്നു തുലയട്ടെ എന്നാണ്. ആയിരമോ രണ്ടായിരമോ കോടി രൂപ ചെലവുവരുന്ന ഒരു വകുപ്പായി ഈ വകുപ്പിനെ മാറ്റിക്കഴിഞ്ഞാൽ ''ഞാൻ കഴിഞ്ഞാൽ പ്രളയം'' എന്ന നിഗമനത്തിലാണ് ശ്രീ. ജേക്കബ് നിൽക്കുന്നത്. ഇപ്പോഴത്തെ പോക്ക് ഈ ലക്ഷ്യത്തിലേയ്ക്കാണ്. 7 മാസം കഴിയുമ്പോൾ അദ്ദേഹം ഗവൺമെന്റിൽനിന്ന് പോകും. ഭരണകാലത്തു എന്തൊക്കെ നേടാം, അതൊക്കെ നേടുക, പിന്നെ പ്രളയം അതാണ് ശ്രീ. ജേക്കബിന്റെ വിദ്യാഭ്യാസ നയം. ഈ നയം ശരിയല്ല. വിദ്യാഭ്യാസരത്തെ സംബന്ധിച്ചും വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന അഴിമതികളെ സംബന്ധിച്ചും ഞാൻ പറഞ്ഞു. ഇപ്പോഴും പ്രീ-ഡിഗ്രിക്ക് കോളേജുകളിൽ അഡ്മിഷൻ നടക്കുന്ന സമയമാണ്. കോളേജിൽ ആരുമില്ല. അദ്ധ്യാപകരും രക്ഷകർത്താക്കളും ദുഃഖിതർ. വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റം തീരുമാനമായില്ല. എവിടെ അഡ്മിഷൻ നടക്കും. അഡ്മിഷൻ നടന്നാൽ പഠിക്കേണ്ടേ? മലയാളം മാതൃഭാഷയെന്ന നിലയിൽ നമ്മുടെ വിദ്യാഭ്യാസം മാതൃഭാഷയിലാക്കണം. ശ്രീ. ജേക്കബ് ചൈനയിൽ പോയി. ചൈനയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഫ്രെനീസ് ഓഫ് മാത്രമേ പഠിപ്പിക്കുന്നുള്ളു. ഇംഗ്ലീഷ് വേണമെങ്കിൽ പഠിക്കാം. ഫോറിൻ ലാംഗ്വേജ് വേണമെങ്കിൽ പഠിച്ചാൽ മതി. ഓരോരുത്തർക്കും അവരുടെ മാതൃഭൂമിയോടും മാതൃഭാഷയോടും സ്നേഹം വേണം. അമ്മയോട് ആദ്യം സ്നേഹം വേണം. എങ്കിലേ നമ്മുടെ മക്കളും നമ്മെ സ്നേഹിക്കുകയുള്ളൂ. ഇന്ന് നിങ്ങളെടുത്തിരിക്കുന്നത് വളരെ പെട്ടെന്നുള്ള തീരുമാനമാണ്. അതുകൊണ്ട് പ്രീ-ഡിഗ്രി ബോർഡ് തീരുമാനം മാറ്റി വളരെ കരുതലോടെ, കൂലംകഷമായി, സംഘടനകളുമായും മറ്റ് പ്രതിനിധികളുമായും ചർച്ച ചെയ്ത് പ്രക്ഷോഭണം നിറുത്താനുള്ള നടപടിയെടുക്കണം. വിദ്യാഭ്യാസ രംഗം ശാശ്വതമായി സമാധാന മേഖലയാക്കി മാറ്റുന്നതിന് നിങ്ങളുടെ സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ഇരുപതോളം അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുകയുണ്ടായി. അതിൽ പ്രതിപക്ഷത്തുള്ള ചില അംഗങ്ങളുടെ പരാമർശനം കേട്ടപ്പോൾ മഹാഭാരതത്തിലെ ഒരു വാക്യമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ''നിഷ്ക്രിയനോട് നിർവ്വികാര, നിശബ്ദമായി പ്രതികരിക്കുമ്പോൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നവനു നേരെ ശബ്ദാനമയമായ വിമർശനങ്ങൾ ഉയരും, അത് ശ്രദ്ധിക്കാതെ കർമ്മം തുടരുക''. അതിൽ വലിയ അർത്ഥമുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ രംഗം കലുഷിതമാക്കുകയും വിദ്യാഭ്യാസ രംഗത്ത് ക്രിയാത്മകമല്ലാത്ത സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്തു എന്നൊക്കെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സമയക്കുറവുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഒരുകാര്യം അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾക്കു വേണ്ടിയുള്ള ശ്രമം നടത്തുകയും പലതും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാഭ്യാസ രംഗം മാറ്റമുണ്ടാകേണ്ട മേഖലതന്നെയാണ്. ആ മാറ്റം എങ്ങനെയാവണമെന്നുള്ളതിനെപ്പറ്റിയാണ് തർക്കം. പല സന്ദർഭങ്ങളിലും പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും നടപ്പിലാക്കാനുള്ള ആത്മാർത്ഥമായ ശ്രമം ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടി ഈ ഗവൺമെന്റാണ് ഇവിടെ ഏർപ്പെടുത്തിയത്. എത്രയോ വർഷങ്ങളായി കേരളത്തിൽ പറഞ്ഞുനടന്നിരുന്ന കാര്യമാണ്. അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും നടത്തിപ്പിനെ സംബന്ധിച്ചും ഇവിടെ പരാമർശനം നടത്തുകയുണ്ടായി. കേരളത്തിൽ അത് പ്രാവർത്തികമാക്കി. 21 വൊക്കേഷണൽ സെക്ടറിൽ ഈ കോഴ്സ് നടന്നുവരികയാണ്. കേരളത്തിലെ 71 സ്കൂളുകളിൽ ഈ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ മാറ്റത്തിന്റെ നിർണ്ണായകമായ സംഗതിയാണ് എന്ന് എനിക്ക് പറയാൻ കഴിയും. ഭാവിയിൽ ഇതിന്റെ പ്രയോജനം നമ്മുടെ രാജ്യത്ത് ലഭിക്കുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്ത് അനേക വർഷങ്ങൾക്കു മുമ്പാണ് സിലബസും കരിക്കുലവും പരിഷ്

LIBRARY ARCHIVES Kerala Legislative Assembly

ക്കരിച്ചത്. അത് ഈ ഗവൺമെൻറ് ചെയ്ത ഏറ്റവും ശ്രദ്ധേയമായ ഒരു സംഗതിയാണ്. എനിക്ക് അതിൽ അഭിമാനമുണ്ട്. അടുത്ത വർഷത്തോടുകൂടി ദേഷ്യാവിഷയങ്ങളിൽ സീലബസും കരിക്കുലവും കൂടി പരിഷ്ക്കരിക്കുമ്പോഴേക്കും കേരളത്തിലെ സിലബസ് പരിഷ്ക്കരണം സമ്പൂർണ്ണമാകുകയാണ്. എൻ.സി.ഇ.ആർ.ടി.യുടെ പരമേർശനത്തിൽ, ഈ സംസ്ഥാനഗവൺമെൻറ് സ്വീകരിച്ച നടപടികളെ അവർ ശ്ലാഘിച്ചിട്ടുണ്ട്. അത് അവർ ഔദ്യോഗികമായി അറിയിക്കുകയും ചെയ്തു. ഇൻഡ്യയിൽ ആദ്യമായിട്ടാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു ഏകീകൃത രൂപം ഉണ്ടാകുന്നത്. അതും നടപ്പിലാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ആ മാതൃകയിൽ കേരളത്തിൽ 32 പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിച്ചു. ഈ വർഷം 30 സ്കൂളുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സർ, അതുപോലെതന്നെ പ്രൈമറി വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭക്ഷണപരിപാടി നടപ്പാക്കുകയുണ്ടായി. നിങ്ങളിൽ (പ്രതിപക്ഷങ്ങളിൽ) എത്രപേർ അത് ശ്രദ്ധിച്ചിട്ടുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. ഇവിടെ ഗൗരിയമ്മ പറഞ്ഞതുപോലെ നമ്മളെല്ലാവരും കുട്ടികളെ സ്നേഹിക്കുന്നവരാണ്. ഈ രാജ്യത്തിന്റെ വളർന്നുവരുന്ന തലമുറയെന്നുള്ള നിലയിൽ, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി, ഈ വർഷം 15 കോടി രൂപ ഉച്ചഭക്ഷണപരിപാടിയ്ക്കുവേണ്ടി മാറിവച്ചിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചയ്ക്ക് കഞ്ഞി സൗജന്യമായി കൊടുക്കുകയാണ്. ഈ ഗവൺമെൻറ് കൊണ്ടുവന്ന ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യമായിത്തന്നെ ഈ സഭയിൽ എനിക്ക് ഇത് അഭിമാനത്തോടുകൂടി പറയുവാൻ കഴിയും.

സർ, അതുപോലെതന്നെ കലാ-കായിക ശാസ്ത്രരംഗത്ത് കുട്ടികൾക്ക് വേണ്ടി, നൽകിയ ആനുകൂല്യങ്ങളെപ്പറ്റി പറയുവാനുണ്ട്. പക്ഷേ ഞാൻ അക്കാര്യം എടുത്തുപറയുവാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് ഒരു കാര്യത്തിൽ സന്തോഷമുണ്ട്, ഇന്ന് ഞങ്ങളെ എതിർക്കുന്നവർപോലും പറയും നമ്മുടെ കലോൽസവങ്ങളും കായികമേളയും, ശാസ്ത്രപരിപാടികളും പ്രവൃത്തിപരിചയപരിപാടികളുമൊക്കെ ഇന്ന് ജനശ്രദ്ധയെ ആകർഷിച്ചുകൊണ്ട് അങ്ങേയറ്റം മുന്നേറുന്നുണ്ടെന്ന്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് മറ്റേതൊരു ഗവൺമെൻറിനേക്കാളും കാലത്തും കൊടുത്തിട്ടുള്ളതിനേക്കാളും കൂടുതൽ ആനുകൂല്യങ്ങളും കൊടുക്കുവാൻ കഴിഞ്ഞതും, പ്രാവർത്തികമാക്കുവാൻ കഴിഞ്ഞതും അതിന്റെ ഗുണഫലങ്ങൾ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞതും ഈ ഗവൺമെൻറാണെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ശ്രീ. പി. സി. തോമസ് ആദ്യം സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, അവിടെ നിയമനങ്ങൾ വളരെയധികം നടത്തിയിട്ടുണ്ടെന്ന്. ഞാൻ ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുന്നു. ഈ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുമ്പോൾ അവിടെ അധികം സ്റ്റാഫിനെ വേണ്ടിവരികയില്ല. ഇപ്പോൾ അവിടെ 310 സ്റ്റാഫ് ഉണ്ട്. 60 പേരെ എടുക്കുന്നതിനാണ് ആ യൂണിവേഴ്സിറ്റിയിൽ നടപടി സ്വീകരിച്ചത്. അദ്ദേഹം ചില ആക്ഷേപങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. എന്നാൽ ഞങ്ങളുടെ പാർട്ടിക്ക് അതുമായി യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ബന്ധവുമില്ല. ആ ആക്ഷേപങ്ങളെ ഞാൻ പൂർണ്ണമായും നിഷേധിക്കുകയാണ്. പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാനുള്ള നടപടികളെ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ഇനി നിയമനങ്ങളെ നടത്തേണ്ടതില്ലെന്ന് നേരത്തേ നിർദ്ദേശം കൊടുത്തിരുന്നു. അതുകൊണ്ട്, അപ്രകാരം ആക്ഷേപം പറയുന്നതിൽ അർത്ഥമുണ്ടെന്ന് തോന്നുന്നില്ല. അതുപോലെതന്നെ, ഇവിടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആരംഭിച്ചതിനെക്കുറിച്ച് പറഞ്ഞു. ഇന്ന് കേരളത്തിൽ ആകെയുള്ളത് 62 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അതിന്റെ പകുതിയിൽ കൂടുതലും പ്രവർത്തനം ആരംഭിച്ചത്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ എൻജിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും കമ്മേഴ്സിയൽ ഇൻസ്ട്രക്ടർഷിപ്പുകളും ടെക്നിക്കൽ ഹൈസ്ക്കൂളുകളും അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്ന അനവധി കേഴ്സുകളും ഇവിടെ സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിച്ചു. 26 വർഷങ്ങൾക്കുശേഷമാണ് കണ്ണൂരിൽ ഒരു എൻജിനീയറിംഗ് കോളേജിന് അനുവാദം കൊടുത്തിരിക്കുന്നത്. ഈ വർഷം തന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കുമെന്നുള്ള സന്തോഷകരമായ കാര്യം കൂടി ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

കേരളപ്പിറവിക്കുശേഷം നമ്മുടെ സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസരംഗത്ത്, ഇത്രയും അംഗീകാരം കൊടുക്കുകയും ഇത്രയും പ്രാധാന്യം കൊടുക്കുകയും ചെയ്ത മറ്റൊരു കാലഘട്ടം ഒരിക്കലും ഉണ്ടായിട്ടില്ല. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ ഇക്കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നായനാർ ഗവൺമെന്റിന്റെ ഭരണകാലത്ത്, 3 സാങ്കേതിക സ്ഥാപനങ്ങളാണ് അനുവദിച്ചിട്ടുള്ളത്. അത് ഒരു കമ്മേഴ്സ്യൽ ഇൻസ്ട്രക്ടറിന്റും 2 ടെക്നിക്കൽ ഹൈസ്ക്കൂളുകളും മാത്രമാണ്. പാലക്കാട് ജില്ലയിലാണ് അത് കൊടുത്തത്. വേറൊരിടത്തും കൊടുത്തിട്ടില്ല. എന്നാൽ കേരളത്തിൽ ഗുണാത്മകമായ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുവാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിലെ 174 ഹൈസ്ക്കൂളുകളിൽ മാത്രമുണ്ടായിരുന്ന പ്രവൃത്തി പരിചയപരിപാടി, കേരളത്തിലെ മുഴുവൻ ഹൈസ്ക്കൂളുകളിലേയ്ക്കും ഗവൺമെന്റ് വ്യാപിപ്പിച്ചുവെന്നുള്ളത്, കേരളത്തിലെ അനേകലക്ഷം കുട്ടികൾ നന്ദിയോടുകൂടി സ്മരിക്കുന്ന ഒരു കാര്യമാണ്. ഞാൻ ഇവിടെ ചോദ്യോത്തരവേളയിൽ സൂചിപ്പിച്ചതുപോലെ, കുട്ടികൾക്ക് പഠിക്കുമ്പോൾ തന്നെ അൽപം വരുമാനം കൂടി ഉണ്ടാക്കുവാൻ ഉപകരിക്കുന്നതാണ് ഈ പ്രവൃത്തി പരിചയ പരിപാടി. കൂടാതെ 10 കോടിരൂപ മുതൽമുടക്കുള്ള ശാസ്ത്ര—സാങ്കേതിക മ്യൂസിയം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. യുവജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി, ഇവിടെ ഒരു യുവജനബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയും ചെയ്തു.

നമ്മുടെ സംസ്ഥാനത്തുള്ള 2 സ്പോർട്സ് സ്കൂളുകളിൽ കൂടുതൽ വിപുലപ്പെട്ട സംവിധാനങ്ങൾ ഞങ്ങൾ ഏർപ്പെടുത്തികൊടുത്തു. കണ്ണൂരിൽ സ്ഥലമെടുപ്പ് നടത്തിയിട്ടുണ്ട്. അവിടെയുള്ള സ്പോർട്സ് സ്കൂളിന്റെ ബാക്കി പണികൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനുള്ള തുക ഇത്തവണത്തെ ബഡ്ജറ്റിൽ മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുണ്ട്. അതിനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്. അതുപോലെതന്നെ ഒരു റീജിയണൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് വേണമെന്നുള്ള ആവശ്യം നമ്മുടെ രാജ്യത്തെ 6 സംസ്ഥാനങ്ങളും ഒരുപോലെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. തെക്കേ ഇൻഡ്യയിലെ സംസ്ഥാനങ്ങളും മഹാരാഷ്ട്ര ഉൾപ്പെടെയുള്ള ചില വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളും റീജിയണൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിനുവേണ്ടി വാദിച്ചപ്പോൾ, ആ കോളേജ് ഇവിടെ കേരളത്തിലേയ്ക്ക് കൊണ്ടുവരുവാനും അതിൻെറ പ്രവർത്തനം ആരംഭിക്കുവാനും കഴിഞ്ഞുവെന്നുള്ളത്, എനിക്ക് ഇവിടെ അഭിമാനത്തോടുകൂടി പറയുവാൻ കഴിയുന്ന കാര്യമാണ്. കായികരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കുവാൻ തീർച്ചയായിട്ടും റീജിയണൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൻെറ പ്രവർത്തനംകൊണ്ട് സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെയുള്ള നിരവധി കാര്യങ്ങൾ നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കുവേണ്ടി ചെയ്യുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്.

സർ, അതുപോലെതന്നെ കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്കൃത യൂണിവേഴ്സിറ്റിയും സ്ഥാപിക്കാനുള്ള നടപടികളും ഞങ്ങൾ പൂർത്തിയാക്കി വരികയാണ്. അത് ഈ വർഷം തന്നെ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്ത് ഫോർമൽ എഡ്യൂക്കേഷൻെറ കാര്യത്തിൽ, അതിന് പോകാൻ സാധിക്കാത്ത അനേകായിരം വിദ്യാർത്ഥികൾക്ക് സൗകര്യം കിട്ടുവാനുള്ള ഓപ്പൺ യൂണിവേഴ്സിറ്റി സംവിധാനം കേരളത്തിൽ നടപ്പിലാക്കുവാനുള്ള സൗകര്യം ഉണ്ടായിട്ടുണ്ട്. അതിനുള്ള നടപടികളും പൂർത്തിയാക്കി വരികയാണ്. അതുപോലെതന്നെ കാലടിയിൽ സംസ്കൃത യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനുള്ള നടപടികളും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീമതി ഗൗരിയമ്മ ചോദിച്ചു, ''എന്തിനാണ് ഈ ജീവനക്കാരോട് വൈരാഗ്യബുദ്ധിയോടുകൂടി പെരുമാറുന്നത്'' എന്ന്. ഗൗരിയമ്മയോട് ഞാൻ ബഹുമാനത്തോടുകൂടി പറയുകയാണ് കേരളത്തിലെ ഒരു ജീവനക്കാരോടും ഞങ്ങൾ വൈരാഗ്യബുദ്ധിയോടുകൂടി പെരുമാറിയിട്ടില്ല. പക്ഷേ ഒരു കാര്യം അവർ വിസ്മരിക്കരുത്. കേരളത്തിൽ എത്രാണ്ട്, രണ്ടര കോടിയിലധികം ജനങ്ങളുണ്ട്. ആ രണ്ടരക്കോടി ജനങ്ങളിൽ 5 ലക്ഷത്തോളം വരുന്നവരാണ് നമ്മുടെ സർക്കാർ ജീവനക്കാർ. അതിൽ 47% പണിയെടുക്കുന്നത് നമ്മുടെ വിദ്യാഭ്യാസമേഖലയിലാണ്. ഗവൺമെൻറിന് അവരോട് സ്നേഹമുണ്ട്. അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഞങ്ങൾ തയ്യാറാണ്. പക്ഷേ രണ്ടരക്കോടി ജനങ്ങളിൽ അഞ്ചു ലക്ഷം വരുന്ന ജനങ്ങൾ അവരുടെ സംഘടിതമായ സമ്മർദ്ദം വഴി, സംസ്ഥാന ഗവൺമെൻറിനെ മുട്ടുകുത്തിക്കുവാനും ഗവൺമെൻറിൻെറ നയങ്ങളും പരിപാടികളും നടപ്പിലാക്കാതിരിക്കുവാനുമുള്ള പ്രവണത സ്വീകരിച്ചാൽ, ഗൗരിയമ്മ ഉൾപ്പെടെ ആരായിരുന്നാലും അതിനെ അനുകൂലിക്കുവാൻ നിർവ്വാഹമില്ല. അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും, അതിന് പരിഹാരം കാണുവാനും ഈ ഗവൺമെൻറ് സന്നദ്ധമാണെന്ന് ഞാൻ പലതവണ പറഞ്ഞിട്ടുണ്ട്. സമയക്കുറവുകൊണ്ട്, ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് കോളേജ് അദ്ധ്യാപകർ സമര രംഗത്താണല്ലോ. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് നോൺ കേഡർ പ്രൊഫസർഷിപ്പ് അവർക്ക് നൽകിയത്. എത്രയോ വർഷങ്ങൾകൊണ്ട്, അവർ അത് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട ശ്രീ.ബേബി ജോൺ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലം മുതൽക്കേ അവർ ഉന്നയിച്ചിരുന്ന ആവശ്യമായിരുന്നു അത്. അതുപോലെതന്നെ യു.ജി.സി. സ്കെയിൽ ഇവിടെ നടപ്പിലാക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നു. അതിനുവേണ്ടി, ചില ചർച്ചകൾ വരെ ഇവിടെ നടത്തി. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണം അവർക്ക് ഈ ആനുകൂല്യങ്ങൾ കൊടുക്കുവാൻ അന്നും ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ ഈ സംസ്ഥാനത്ത് നോൺ കേഡർ പ്രൊഫസർഷിപ്പ് 10 വർഷം സർവ്വീസ് പൂർത്തിയാക്കുന്നവർക്ക് ഇപ്പോൾ കൊടുക്കുന്നുണ്ട്. 10 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ഒരാളിന് ഇപ്പോൾ നോൺ കേഡർ സെക്കൻഡ് ഗ്രേഡ് പ്രൊഫസർ ആകാൻ കഴിയും. 20 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ആൾക്ക് നോൺ കേഡർ ഫസ്റ്റ് ഗ്രേഡ് പ്രൊഫസർഷിപ്പ് ലഭിക്കും. ഇത് തീർച്ചയായിട്ടും അങ്ങേയറ്റം സന്തോഷത്തോടുകൂടിയാണ് അവർ ഓർക്കുന്നത്. അവർപോലും വിചാരിച്ചില്ല, 20 വർഷത്തിന് നോൺ കേഡർ ഫസ്റ്റ് ഗ്രേഡ് പ്രൊഫസർഷിപ്പ് ലഭിക്കുമെന്ന്. ഇതിൽ സബ്ജക്ടിന്റെ കാര്യം പ്രശ്നമല്ല, അവർ പഠിപ്പിക്കുന്ന പീരിയഡിന്റെ പ്രശ്നമില്ല. അതുപോലുള്ള മറ്റൊന്നും തന്നെ പ്രശ്നമല്ല. അവരുടെ ലെംഗ്ത്ത് ഓഫ് സർവ്വീസ് മാത്രമാണ് കണക്കിലെടുക്കുന്നത്. 1983—ൽ ഇപ്രകാരമൊരു തീരുമാനമെടുക്കുമ്പോൾ, ഗവൺമെന്റ് പറഞ്ഞു, അദ്ധ്യാപകരുടെ കോൺഫിഡൻഷ്യൽ റിക്കാർഡ് പരിശോധിച്ചതിന് ശേഷമേ പ്രമോഷൻ നൽകാവൂ എന്ന്. ആ തീരുമാനം നടപ്പിലാക്കി കഴിഞ്ഞതിനുശേഷം അദ്ധ്യാപകർ എന്നെ വന്നു കാണുകയും കോൺഫിഡൻഷ്യൽ റിപ്പോർട്ട് അവർക്ക് ദോഷമുണ്ടാക്കുന്നുവെന്നും, അത് അവരുടെ പ്രമോഷന് തടസ്സമാകുന്നുവെന്നും അതുകൊണ്ട് അക്കാര്യത്തിൽ മാറ്റം വരുത്തണമെന്നും പറഞ്ഞു. അവരുടെ റികമ്മന്റ് പ്രകാരം സി. ആർ. പരിശോധിക്കണമെന്നുള്ള വ്യവസ്ഥയും ഞങ്ങൾ എടുത്തുകളഞ്ഞു. എന്നിട്ട് ലെംഗ്ത് ഓഫ് സർവീസിന്റെ അടിസ്ഥാനത്തിൽ മാത്രം കേരളത്തിലെ അദ്ധ്യാപകർക്ക് നോൺ കേഡർ പ്രൊഫസർഷിപ്പ് അനുവദിച്ചുകൊടുത്തു. ഈ ഗവൺമെന്റ് ഒരിക്കലും അദ്ധ്യാപകരുടെ താൽപ്പര്യങ്ങൾക്ക് എതിരല്ല. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ ഈ ഗവൺമെന്റ് അങ്ങേയറ്റം താൽപ്പര്യമെടുത്തിട്ടുണ്ട്. അതുപോലെതന്നെ 60—ാമത്തെ വയസ്സിൽ റിട്ടയർ ചെയ്യുന്ന സ്വകാര്യകോളേജുകളിലെ അദ്ധ്യാപകർക്ക് ഫാമിലി പെൻഷൻ ഏർപ്പെടുത്തിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. അതുപോലെ ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകർക്കുള്ള പ്രമോഷൻ തസ്തിക ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകർക്കു മാത്രമായി നൽകുവാനും ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ ജോലിക്കുപോകുന്ന അദ്ധ്യാപകർക്ക് 10 വർഷക്കാലം വരെ ഡെപ്യൂട്ടേഷൻ അനുവദിക്കുവാനുള്ള തീരുമാനം ഈ ഗവൺമെന്റിന്റെ കാലത്ത് എടുക്കുകയുണ്ടായി. അതുപോലെതന്നെ നമ്മുടെ ആർ.ഇ.സി.യിലെ അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിൽ കൊടുത്തു. ആർ.ഇ.സി.ഒരു കുപ്രസിദ്ധമായ വിദ്യാഭ്യാസസ്ഥാപനമായി ഒരു കാലഘട്ടത്തിൽ അറിയപ്പെട്ടിരുന്നു. എന്നാൽ ഇന്നത് ഇൻഡ്യയിലെ

LIBRARY ARCHIVES Kerala Legislative Assembly

അറിയപ്പെടുന്ന തലയെടുപ്പുള്ള ഒരു റീജിയണൽ ഇൻജിനീയറിംഗ് കോളേജായി മാറിയിട്ടുണ്ട്. കോഴിക്കോട്ടെ നമ്മുടെ ആർ.ഇ.സി.യെ ഇപ്രകാരം ഒരു ഉയർന്നനിലയിലെത്തിക്കുവാൻ കഴിഞ്ഞ കാര്യം ഞാൻ സന്തോഷത്തോടുകൂടി സ്മരിക്കുകയാണ്. അവിടെ ഇന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും സംതൃപ്തരാണ്. അതുപോലെതന്നെ യൂണിവേഴ്സിറ്റിയിൽ മാത്രം ജോലിചെയ്യുന്ന അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുന്നതിന് കഴിഞ്ഞു. കോളേജ് അദ്ധ്യാപകർക്ക് ഗവേഷണത്തിന് പോകുവാൻ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിനായി സർവീസ് നിബന്ധനയിൽ വളരെയേറെ ഇളവുകൾ ഈ ഗവൺമെൻറ് അനുവദിച്ചുകൊടുക്കുകയുണ്ടായി.

സർ, അതുപോലെതന്നെ എൻ.സി.സി.യിലെ പാർട്ട് ടൈം ഓഫീസർമാർക്ക് അവർക്ക് കിട്ടിക്കൊണ്ടിരുന്നതിന്റെ ഇരട്ടിയിലേറെ അലവൻസ് കൊടുക്കുവാനുള്ള തീരുമാനമെടുത്തത് ഈ ഗവൺമെൻറിന്റെ കാലത്താണ്. അതുപോലെ സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്കും അദ്ധ്യാപകർക്കും ഹയർ ഗ്രേഡ് കൊടുക്കുവാനുള്ള നടപടിയും ഹെഡ്മാസ്റ്റർമാരുടെ ചാർജ് വഹിക്കുന്നവർക്കും, ഹെഡ്മാസ്റ്റർമാർക്കും വർദ്ധിപ്പിച്ച സ്പെഷ്യൽ പേ കൊടുക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയത് ഈ ഗവൺമെൻറിന്റെ കാലത്താണ്. വിദ്യാഭ്യാസനിയമത്തിലെ 14—ബി. ഓപ്റേറ്റു ചെയ്തിരുന്ന അദ്ധ്യാപകർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അവർക്ക് വളരെയേറെ ആനുകൂല്യങ്ങൾ ഈ ഗവൺമെൻറ് ചെയ്തുകൊടുക്കുകയും അതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ കായികവിദ്യാഭ്യാസത്തിന്റെ മുന്നോട്ടുള്ള നീക്കത്തിനു വേണ്ടി, കായികാദ്ധ്യാപകർക്ക് കിറ്റ് അലവൻസ് കൊടുത്തതും ഈ ഗവൺമെൻറിന്റെ കാലയളവിലാണ്. അദ്ധ്യാപകർക്ക് സീനിയർ ഗ്രേഡ് നൽകുന്നതിന്, അവരുടെ ബ്രോക്കൺ സർവ്വീസ് കൂടി കണക്കിലെടുത്തുകൊണ്ട്, ആകെ സർവ്വീസ് കണക്കാക്കുവാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുകയുണ്ടായി. അറബി അദ്ധ്യാപകരടക്കമുള്ള അദ്ധ്യാപകർക്ക് പല ആനുകൂല്യങ്ങളും ഈ ഗവൺമെൻറ് കൊടുത്തിട്ടുണ്ട്. സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന് പ്രമോഷൻ കൊടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കി കൊടുത്തതും, സ്വകാര്യ കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന് സീനിയർ ഗ്രേഡ് കൊടുക്കുവാനുള്ള തീരുമാനമെടുത്തതും ഈ ഗവൺമെൻറിന്റെ കാലയളവിലാണ്. ഗവൺമെൻറ് കോളേജുകളിലെ സ്റ്റാഫിന്റെ പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്നുള്ള അവരുടെ ദീർഘകാലത്തെ ആവശ്യം അംഗീകരിച്ചുകൊടുത്തതും അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചതും ഈ ഗവൺമെൻറിന്റെ കാലത്താണ് എന്ന് എനിക്ക് അഭിമാനപൂർവ്വം പറയാൻ കഴിയും. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞ ഈ ഗവൺമെൻറ്, അഭിമാനത്തോടുകൂടിത്തന്നെ പറയുകയാണ്, ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കുവേണ്ടി, ഗുണകരമായ സംഭാവനകൾ ആണ് ഈ ഗവൺമെൻറ് നൽകിയിരിക്കുന്നത്. ഇന്ന് ഞങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച്, അഭിപ്രായവ്യത്യാസങ്ങൾ പറയുന്ന ആളുകൾക്ക് ഇത് നിഷേധിക്കുവാൻ കഴിയുകയില്ല. അദ്ധ്യാപകർക്കും ഇതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കുവാൻ കഴിയുകയില്ല. ഈ ഗവൺമെൻറ് അനുഭാവപൂർവമായാണ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ എപ്പോഴും പരിഹരിച്ചിട്ടുള്ളത്. ടെക്സ്റ്റു ബുക്കുകളുടെ നിർമ്മാണത്തെക്കുറിച്ചിവിടെ പറഞ്ഞു. കുട്ടികൾക്ക് പുസ്തകങ്ങൾക്ക് സബ്സിഡി കൊടുത്തയിനത്തിൽ തന്നെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 6 കോടിരൂപയോളം അധികം ചെലവാക്കേണ്ടിവന്നിട്ടുണ്ട് എന്നുള്ളകാര്യം നിങ്ങൾ വിസ്മരിക്കരുത്. കുട്ടികൾക്ക് പുസ്തകങ്ങൾക്ക് അൽപ്പം വില വർദ്ധിപ്പിച്ചു എന്നു പറയുമെങ്കിലും, ഈ കൊടുത്ത ആനുകൂല്യങ്ങളെ ഒരിക്കലും നിഷേധിച്ച് തള്ളിക്കളഞ്ഞിട്ട് കാര്യമില്ല.

സർ, ഇവിടെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ശ്രീ. സീതിഹാജി പറയുകയുണ്ടായി. കേരളത്തിൽ സ്കൂൾ കുട്ടികൾക്കുള്ള കൊട്ടാരം കെട്ടാനുള്ള തീരുമാനം ചിൽഡ്രൻസ് ഇൻസ്റ്റിറ്റ്യൂട്ട് എടുത്തപ്പോൾ ബഹുമാനപ്പെട്ട അച്യുതമേനോൻ കേരളകൗമുദിയിൽ ഒരു ലേഖനം എഴുതുകയുണ്ടായി. കേരളത്തിലെ കുട്ടികൾക്ക് ഇന്നാവശ്യം കൊട്ടാരങ്ങളല്ല മൂത്രമൊഴിക്കാനുള്ള മൂത്രപ്പുരകളാണെന്ന്. കേരളത്തിൽ ദീർഘകാലം മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം, അദ്ദേഹത്തിൻെറ കാലത്ത് മാന്നുപോയ ഒരു കാര്യം ഞങ്ങളെ ഓർമ്മിപ്പിച്ചു. ഞാൻ ഇന്ന് അഭിമാനത്തോടുകൂടി പറയുകയാണ്, കേരളത്തിലെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലും മൂത്രപ്പുരകളുണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെൻറിനെറ കാലത്ത് കഴിഞ്ഞിട്ടുണ്ട്. ഇതൊരു വലിയ നേട്ടമാണെന്നു ഞാൻ പറയുന്നില്ല. പക്ഷെ ബഹുമാനപ്പെട്ട മാർക്സിസ്റ്റ് അംഗങ്ങളുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ''സ്കൂൾ എഡ്യൂക്കേഷൻ ഇൻ വെസ്റ്റ്ബംഗാൾ'' എന്നുപറഞ്ഞു. വെസ്റ്റ് ബംഗാളിൽ നിന്നുള്ള ഒരു ബുക്ക്ലറ്റാണ് എൻെറ കൈയിലിരിക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നത് ഇന്നും പശ്ചിമബംഗാളിലെ പകുതിയോളം വിദ്യാലയങ്ങൾക്കും മൂത്രപ്പുരകൾ പോലും ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. നമ്മുടെ സംസ്ഥാനത്തെ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ അദ്ധ്യാപകരക്ഷാകർത്തൃസമിതിയുടെ സഹായത്തോടുകൂടി ഫ്ളഡ്റിലീഫ് സ്കീമിൽ നമുക്ക് കിട്ടിയ പണം ഉപയോഗിച്ച് മുന്നൂറോളം കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. ഇന്ന് കേരളത്തിൽ 832 ഓലകെട്ടിമേയേണ്ട സ്കൂളുകളാണുള്ളത്. ഈ കെട്ടിടങ്ങൾ സെമി പെർമനൻറ് കെട്ടിടങ്ങളാക്കാനുള്ള നടപടിയും ആവിഷ്കരിച്ചിട്ടുണ്ട്. ഫ്ളഡ്റിലീഫ്സ്കീമിൽ കിട്ടിയ പണത്തിൽ നിന്ന് ഒരുലക്ഷം രൂപ വീതമാണ് ഇതിനായിട്ട് അനുവദിക്കുന്നത്.

കേരളത്തിൽ ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ പുതിയ സിലബസ്സനുസരിച്ചാണ് നടത്തുന്നത്. അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി. ബുക്കിൽ ചില മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ബുക്കിൻെറ പേര് കേരളത്തിൽ മാത്രമാണ് സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റെന്നുള്ളത്. മറ്റു സ്റ്റേറ്റുകളിലെല്ലാം എസ്.എസ്.സി. എന്നാണ് ഇത് അറിയപ്പെടുന്നത്. അടുത്തവർഷം മുതൽ കേരളത്തിലും എസ്.എസ്.എൽ.സി. എന്നുള്ളത് എസ്.എസ്.സി. എന്നു മാറ്റം വരുത്താൻ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുണ്ട്. ഈ ബുക്കിലെ മൂന്നാമത്തെ പേജാണല്ലോ ജനനത്തീയതിയുടെ കാര്യത്തിലെല്ലാം ആധികാരികമായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടെടുക്കുന്നത്. ഈ ബുക്കിൽ കുട്ടികളുടെ ഫോട്ടോ ഒട്ടിക്കുവാനും 'തമ്പ് ഇംപ്രഷൻ' രേഖപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. അതിനു പുറമേ കുട്ടികളുടെ ബ്ലഡ് ഗ്രൂപ്പ് കൂടി ഈ ബുക്കിൽ രേഖപ്പെടുത്തി കൂടുതൽ ആധികാരികമായ ഒരു രേഖയായി ഉപയോഗിക്കത്തക്ക നിലയിൽ എസ്. എസ്. എൽ. സി. ബുക്കിൽ മാറ്റം വരുത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സർ, അതുപോലെതന്നെ സ്കൂളുകളിൽ ഫർണിച്ചർ ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിലും ഗവൺമെന്റ് വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഫർണിച്ചറില്ലാത്ത സ്കൂളുകളിൽ ഫർണിച്ചറുണ്ടാക്കാനുള്ള തീരുമാനമെടുക്കുകയും അതിനുവേണ്ട നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഹരിജനങ്ങൾക്ക് സാങ്കേതിക വിദ്യാഭ്യാസത്തിന് വളരെയേറെ ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. 1990 ആകുമ്പോഴേക്കും ഇൻഡ്യയിൽ കമ്പ്യൂട്ടർ പ്രോഗ്രാമിൽ സർട്ടിഫിക്കറ്റ് ലവലിലും ഡിപ്ലോമാ ലവലിലും വളരെയേറെ ആളുകളെ ആവശ്യമുണ്ടെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഏകദേശം ഇരുപതിനായിരത്തോളം യുവാക്കളെ കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ സർട്ടിഫിക്കറ്റ് കോഴ്സിലും ഡിപ്ലോമാ കോഴ്സിലും അർഹരാക്കത്തക്കവിധത്തിൽ കൂടുതൽ ജോലിസാദ്ധ്യതയുള്ള ഈ മേഖലയിലേക്ക് കടന്നിവിടാൻ ആഗ്രഹിക്കുകയാണ്. ലാൽബഹദൂർശാസ്ത്രി സെന്റർ ഇപ്പോഴും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലാൽബഹദൂർശാസ്ത്രി സെന്ററിന്റെ പ്രവർത്തനം റവൻഡ്അപ് ചെയ്യാൻ തീരുമാനമെടുത്തിരുന്നു. ലാൽബഹദൂർശാസ്ത്രി സെന്റർ ഇന്നു പുനരുദ്ധരിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന പൊതുമേഖലാസ്ഥാപനമായി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നു കേരളത്തിൽ കൺസൾട്ടൻസിയുടെ കാര്യത്തിലും മറ്റ് കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ കാര്യത്തിലും വളരെയേറെ കാര്യങ്ങൾ അവർ ചെയ്തുകഴിഞ്ഞിരിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയാനുണ്ട്. കേരളത്തിൽ ഒരു എൻജിനീയറിംഗ് കോളേജ് കൂടി ആരംഭിച്ചിട്ടുണ്ട്. 7–ാം പദ്ധതിക്കാലത്ത് പൊതുമേഖലയിൽ 2 എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കാനുള്ള തീരുമാനം മന്ത്രിസഭ എടുത്തിട്ടുണ്ട്. എൻജിനീയറിംഗ് കോളേജുകളിൽ ആധുനിക സാങ്കേതികവിഷയങ്ങളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കാനുള്ള നടപടികൾ എടുത്തിരിക്കുകയാണ്. തിരുവനന്തപുരത്ത് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിലിം ടെക്നോളജിയും കൊച്ചിയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജിയും തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ പോളിടെക്നിക്കുകളും കമ്മ്യൂണിറ്റി പോളിടെക്നിക്കുകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിൽ കേന്ദ്രസഹായത്തോടുകൂടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസഹായത്തോടുകൂടി ഒരു റസിഡൻഷ്യൽ വനിതാപോളിടെക്നിക്കും കേരളത്തിൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ പോളിടെക്നിക്കുകളിലും കമ്പ്യൂട്ടർ സെന്ററുകൾ സ്ഥാപിച്ച് കഴിവുള്ള കുട്ടികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനുള്ള തീരുമാനമെടുക്കുകയും അതിനനുസരിച്ചുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഈ പ്രതിപാദിച്ച കാര്യങ്ങൾ കൊണ്ട് നമ്മുടെ വിദ്യാഭ്യാസരംഗത്തിന്റെ ഗുണനിലവാരം ഇടിയുമെന്നോ അല്ലെങ്കിൽ വിദ്യാഭ്യാസത്തിന്റെ മേൻമയ്ക്ക് ഉതകാത്തതോ ആണെന്ന് പ്രതിപക്ഷത്തുള്ള ആർക്കെങ്കിലും പറയാൻ കഴിയുമോ? കാതലായ പല മാറ്റങ്ങളും വിദ്യാഭ്യാസ മേഖലയിൽ വരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് വാരിക്കോരി വിദ്യാലയങ്ങൾ കൊടുക്കുന്നെന്നാണല്ലോ നിങ്ങളുടെ ആക്ഷേപം. ഞാൻ പലപ്രാവശ്യം ഇതിനെക്കുറിച്ച് പറഞ്ഞതാണെങ്കിലും ഇന്നും സഭയിൽ ഇതിനെപ്പറ്റി പരാമർശം വന്നതുകൊണ്ട് പറയാതിരിക്കുന്നത് ശരിയല്ല. കേരളത്തിൽ ആകെ 12215 വിദ്യാലയങ്ങളാണുള്ളത്. അതിൽ 4498 എണ്ണം ഗവൺമെന്റ് സ്കൂളുകളാണ്. സ്വകാര്യ സ്കൂളുകൾ 7717 എണ്ണമാണ്. സ്വകാര്യ സ്കൂളുകളിൽ 7284 എണ്ണം എയിഡഡ് സ്കൂളുകളും 428 എണ്ണം അൺഎയിഡഡ് സ്കൂളുകളുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 742 സ്കൂളുകളാണ് ആകെ അനുവദിച്ചിട്ടുള്ളത്. അതിൽ ഗവൺമെന്റ് സ്കൂളുകൾ 116 എണ്ണം ആണ്. സ്വകാര്യ മേഖലയിൽ ആകെ 626 സ്കൂളുകൾ അനുവദിച്ചതിൽ 332 എയിഡഡ് സ്കൂളുകളും 294 അൺഎയിഡഡ് സ്കൂളുകളുമാണുള്ളത്. ഈ വർഷം ഏകദേശം 104—ഓളം ഗവൺമെന്റ് സ്കൂളുകൾ അനുവദിക്കാനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ഇവിടെ 332 എയിഡഡ് സ്കൂളുകൾ അനുവദിച്ചതിൽ ശ്രീ.ബേബിജോണിന്റെ കാലത്ത് വിജ്ഞാപനം ചെയ്ത 465 സ്കൂളുകളിൽ നിന്നും അതിനുശേഷം ഇടക്കാലത്തുവന്ന ഗവൺമെന്റിന്റെ കാലത്ത് വിജ്ഞാപനം ചെയ്ത 275 സ്കൂളുകളിൽ നിന്നുമാണ് കേരളത്തിൽ 242 വിദ്യാലയങ്ങൾ കൊടുത്തിരിക്കുന്നത്. ഈ ഗവൺമെന്റ് എയിഡഡ് സ്കൂളുകളൊന്നും കൊടുക്കുവാനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 294 അൺഎയിഡഡ് സ്കൂളുകളിൽ 30—4—1982—ൽ പ്രസിഡന്റ് ഭരണകാലത്ത് നോട്ടിഫൈ ചെയ്ത 152 സ്കൂളുകളടക്കമാണ് 294 അംഗീകൃത വിദ്യാലയങ്ങൾ കേരളത്തിൽ അനുവദിച്ചിരിക്കുന്നത്. സത്യവുമായി യാതൊരു ബന്ധവുമില്ലാതെ ഇത്തരം അഭിപ്രായങ്ങൾ പ്രചരിപ്പിച്ചു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് ഒരിക്കലും ശരിയല്ല. സ്വകാര്യമേഖലയെമാത്രം പരിപോഷിപ്പിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ സ്വകാര്യ മേഖല കേരളത്തിലെ വിദ്യാഭ്യാസരംഗത്തിന് നൽകിയിട്ടുള്ള ഗണ്യമായ സംഭാവനകൾ ആർക്കും നിഷേധിക്കാനാവില്ല. എന്നുകരുതി സ്വകാര്യ മേഖലയിലെ പ്രവർത്തനങ്ങൾ മുഴുവൻ കുറ്റമറ്റതാണെന്നും ഞാൻ പറയുന്നില്ല. കുറ്റങ്ങളും കുറവുകളുമുള്ള സ്വകാര്യ വിദ്യാലയങ്ങളുണ്ട്. മുണ്ടശ്ശേരി മാസ്റ്ററുടെ കാലത്ത് കൊണ്ടുവന്ന കെ. ഇ. ആർ. ഇവിടെ പ്രാബല്യത്തിൽ വന്നു. ഈ നിയമം അനുസരിച്ച് ഇവിടെ മാറിമാറിവന്ന ഗവൺമെന്റുകളിൽ ഏത്ര ഗവൺമെന്റുകൾ മാനേജുമെന്റുകൾക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ട്? ആക്ഷേപങ്ങളുണ്ടായപ്പോൾ അംഗീകൃത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഈ ഗവൺമെന്റ് യാതൊരു വൈമനസ്യവും കാണിച്ചിട്ടില്ല. പരാതികൾ വന്ന സ്കൂളുകളെക്കുറിച്ച് അന്വേഷിച്ചു. 3 വിദ്യാലയങ്ങളുടെ അംഗീകാരം പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. നമ്മുടെ നിയമങ്ങളിൽ പഴുതുകളുണ്ടെങ്കിൽ അതു അടയ്ക്കണമെന്നല്ലാതെ സ്വകാര്യമേഖലയിലെ അഴിമതിക്കും കുറ്റങ്ങൾക്കും പരിരക്ഷ നൽകി അവരെ സംരക്ഷിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ഒരിക്കലും ആഗ്രഹിക്കുന്നില്ല. കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ മാതൃകാപരമായി നടപടികൾ സ്വീകരിക്കും. ആരെങ്കിലും എവിടെയെങ്കിലും ഒരു കുറ്റം കാണിച്ചാൽ അതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ മുഴുവൻ ഉത്തരവാദികളെന്നുള്ള നിലയിൽ അടച്ചാക്ഷേപിക്കാനുള്ള ശ്രമം നടത്തിയാൽ അത് ഈ രാജ്യത്തെ ജനങ്ങൾ അംഗീകരിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള കോഴ്സുകളിൽ 127 കോഴ്സുകൾ ഇന്ന് നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിലുമൊക്കെയായിട്ട് നിലവിലുണ്ട്. ആ കോഴ്സുകളിൽ 46 കോഴ്സുകൾ ഈ ഗവൺമെൻറിൻെറ കാലയളവിലാണ് കൊടുത്തിട്ടുള്ളത്. ഇത്രയും കാര്യങ്ങളാണ് ഇതിനെക്കുറിച്ച് എനിക്ക് പ്രതിപാദിക്കാനുള്ളത്.

ഇന്ന് ഏറ്റവും കൂടുതൽ വിവാദവിഷയമായി രൂപാന്തരപ്പെടുത്തിക്കൊണ്ടുവരുന്ന ഒരു കാര്യമാണ് പ്രീ-ഡിഗ്രി ബോർഡ്. ഞാൻ ഇവിടെ ചോദ്യോത്തരസമയത്തും അതിനുശേഷവും ചില സന്ദർഭങ്ങളിൽ അതിനെക്കുറിച്ച് ചില കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. ഇവിടെ പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തെ പ്രതിപക്ഷത്തുള്ള ആരും ഇന്ന് എതിർത്തതായി തോന്നുന്നില്ല. പക്ഷേ കഴിഞ്ഞ ദിവസങ്ങളിൽ അങ്ങനെ ആയിരുന്നില്ല. ഗൗരിയമ്മ തന്നെ ഇവിടെ ചോദിച്ചു നിങ്ങളുടെ സങ്കൽപം എന്താണ്, ഉദ്ദേശമെന്താണെന്നൊക്കെ. ഞങ്ങൾ എന്താണ് ചെയ്യാൻ പോകുന്നതെന്നറിയാതെയാണ് പല ആളുകളും ഇന്ന് ഇക്കാര്യത്തിൽ അഭിപ്രായപ്രകടനം നടത്തുന്നത്. ബഹുമാനപ്പെട്ട മെമ്പറൻമാർ മാത്രമല്ല പുറമെയുള്ള പല ആളുകളും നടത്തിയിട്ടുള്ള അഭിപ്രായപ്രകടനങ്ങൾ അങ്ങനെയാണ്. അന്ധൻ ആനയെ കണ്ടതുപോലെയാണ് പല ആളുകളും ഈ കാര്യത്തെക്കുറിച്ച് പ്രസ്താവനകൾ നടത്തുന്നത്. ഇവിടെ അൺഎയിഡഡ് സ്കൂളുകൾ കൊടുക്കാൻ പോകുന്നു എന്ന് പറഞ്ഞു. അത് ഞങ്ങൾ തീരുമാനിക്കാത്ത കാര്യമാണ്. അതുപോലെ ഇത് സ്വകാര്യമേഖലയെ പരിപോഷിപ്പിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞു. ഇതും ഗവൺമെൻറ് അംഗീകരിക്കാത്ത കാര്യമാണ്. അന്ധൻ ആനയെ കണ്ടപ്പോൾ, ഒരാൾ ചെവിയിൽ പിടിച്ചു അപ്പോൾ അത് മുറംപോലെയാണെന്ന് പറഞ്ഞു. അതുപോലെ അവർക്ക് ഏത് അവയവത്തിൽ പിടിക്കാൻ കഴിഞ്ഞുവോ ആ അവയവമാണ് ആനയെന്ന് വിശേഷിപ്പിച്ചതുപോലെ ഓരോരുത്തർക്കും തോന്നുന്ന മാതൃകയിലാണ് ഇന്ന് കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാട് ഈ സംസ്ഥാന ഗവൺമെൻറിനുണ്ട്. ഇവിടെ പറഞ്ഞു ഇത് നാഷണൽ പോളിസിയുടെ ഭാഗമല്ലായെന്ന്. എനിക്കറിഞ്ഞുകൂടാ സർ, ഇവർ എന്താണ് ഇങ്ങനെ ആവർത്തിച്ചാവർത്തിച്ച് പറയുന്നതെന്ന്. സർ, എൻെറ കൈയിലിരിക്കുന്നത് 'National Policy on Education 1986'ആണ്. ഇത് മേയ് മാസത്തിൽ പാർലമെൻറ് അംഗീകരിച്ച നാഷണൽ പോളിസിയാണ്. ആ നാഷണൽ പോളിസിയിൽ രണ്ടു ഭാഗങ്ങളിൽ ഈ 10+2+3 പാറേണിനെക്കുറിച്ച് പറയുന്നുണ്ട്. ഇതിൽ പേജ് 2-ൽ പാരാ 1 (6)-ൽ പറയുന്നത് ".....Perhaps the most notable development has been the acceptance of a common structure of education throughout the country and the introduction of the 10+2+3 system by most States....." ഇതാണ് ഒരു ഭാഗത്ത് പറയുന്നത്. അതിനുശേഷം അതിൻെറ 2-ാം അദ്ധ്യായത്തിൽ 4-ാം പേജിൽ ആദ്യത്തെ പാരഗ്രാഫിൽ പറയുന്നു..... "Effective measures will be taken in the direction of the Common School System

LIBRARY ARCHIVES Kerala Legislative Assembly

recommended in the 1968 Policy." 1968–ലെ പോളിസിയിൽ 10+2+3 നെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. അതിൽ ഈ +2 എന്നു പറയുന്നത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതായത് സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണ് അത് കഴിഞ്ഞിട്ടുള്ള രണ്ടുവർഷക്കാലമെന്ന് അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന കേന്ദ്രവിദ്യാഭ്യാസ മന്ത്രി ശ്രീ. നരസിംഹറാവു ഗവൺമെന്റിനയച്ചിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്നത് "In order to provide for diversification of school courses, with a special emphasis on vocationalisation, it is necessary that "plus two" stage is a part of the Higher Secondary School System, that is why, it has been our stand, that in the 10+2+3 pattern, only the three year Degree Course should be a part of the University system. I am happy to note that in consonance with this you have initiated measures to delink Pre-degree course from the Universities." സർ, അദ്ദേഹം ഇതിനെക്കുറിച്ചാണ് പറയുന്നത്. അതുപോലെതന്നെ ദേശീയ വിദ്യാഭ്യാസനയം തയ്യാറാക്കിയ എൻ.സി.ഇ.ആർ.ടി. ഇക്കാര്യത്തെക്കുറിച്ച് അഭിപ്രായം പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞിരിക്കുന്നത് ".....higher secondary stage of education as the important transition stage in the 10+2+3 pattern of education as envisaged in the 1968 Education Policy and reiterated in the National Policy on Education 1986.....".

ശ്രീമതി. കെ.ആർ. ഗൗരി: ഇതിനെക്കുറിച്ച് ശ്രീ.നരസിംഹറാവു അയച്ച റിപ്പോർട്ട് ഇവിടെ വായിച്ചു. കോളേജുവിദ്യാഭ്യാസത്തിൽ നിന്നും ഇത് അടർത്തി എടുക്കുന്നതിൽ സന്തോഷിക്കുന്നു എന്ന വിധത്തിലാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ അതാണോ നടത്താൻ പോകുന്നത്?

ശ്രീ. ടി. എം. ജേക്കബ്: കോളേജ് എന്നല്ല പറഞ്ഞത്. യൂണിവേഴ്സിറ്റി എന്നാണ് പറഞ്ഞത്. Only plus three should be the part of University Education എന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീമതി. കെ.ആർ. ഗൗരി: യൂണിവേഴ്സിറ്റി തന്നെയാണ് ഈ കോളേജ് നടത്തുന്നത്. കലാലയവിദ്യാഭ്യാസമെന്നേ ഞാൻ കരുതിയിട്ടുള്ളൂ. അപ്പോൾ അതിന്റെ ഭാഗം അല്ലാതാക്കാൻ പോവുകയാണോ?

ശ്രീ.ടി.എം. ജേക്കബ്: സർ, അത് വളരെ ക്ലിയറാണ്. അതിനു ഒരു ക്ലാരിഫിക്കേഷൻ കൊടുക്കാൻ സമ്മതിക്കണം. ഗവൺമെന്റ് ഈ കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ പറയുന്നത് +2 എന്നു പറയുന്നത് യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ഭാഗത്തു നിന്നു മാറണമെന്നു തന്നെയാണ്. ഇങ്ങനെ പറയാൻ പല 'കാരണ'ങ്ങളുണ്ട്. +2 കോഴ്സിനെക്കുറിച്ച് മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞതിനെപ്പറ്റി ഇവിടെ പറഞ്ഞു. മുണ്ടശ്ശേരി മാസ്റ്റർ ഉദ്ദേശിച്ചത് എന്താണ്. നിങ്ങൾ അന്നു തയ്യാറാക്കിയ "Alternate Policies for the 4th Five Year Plan", എന്നരേഖ രാജ്യത്ത് വളരെയധികം വിവാദമുണ്ടാക്കിയ നയരേഖയായിരുന്നു. നിങ്ങൾ ഉണ്ടാക്കിയ അന്നത്തെ ബദൽ രേഖയിൽ അദ്ദേഹം വളരെ കാര്യമായി ഒന്ന് രണ്ടു കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞ രണ്ടു സെൻറൻസ് ഞാൻ വായിക്കാം. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു "The Pre-degree Course is a misnomer in the present set up of education. It is almost a waste. All those who pass out of the 10 year school normally aspire for the pre-degree course mainly because the ten year school does not complete secondary education and also does not take the children anywhere. Those who go up for the pre-degree course are not developed enough to fit into the system of collegiate teaching now obtained at the pre-degree level...." അതിൽ അദ്ധ്യേഹം പറഞ്ഞിരിക്കുന്നത് "It is highly desirable therefore to re-organise the pre-degree course in such a way that the teaching is brought down to the secondary school level and that the two year course becomes a terminal one...." സർ, ഇതിന്റെ സങ്കൽപം ഇതു തന്നെയാണ്. അദ്ധ്യേഹം ഇത് 1969 ലാണ് എഴുതുന്നത്. 1964–ൽ കേരളത്തിൽ പ്രീ–ഡിഗ്രി വിദ്യാഭ്യാസം ആരംഭിച്ചതിനുശേഷം അദ്ധ്യേഹം എഴുതിയ ഈ ലേഖനത്തിൽ 5 വർഷങ്ങൾക്കുശേഷം അത് പറഞ്ഞിരിക്കുന്നു. ഇതിന്റെ അവസാനം അദ്ധ്യേഹം 3 റെക്കമെന്റേഷൻസ് പറഞ്ഞിട്ടുണ്ട്. "1. Pre-degree classes in all the colleges may be re-organised to suit class room teaching of the secondary school standard, 2. All academic matters relating to pre-degree courses may be brought under the control of an independent authority....." വളരെ ക്ലിയറായിട്ടാണ് പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ 2 വർഷ കോഴ്സ് എല്ലാ കാര്യങ്ങൾക്കുമുള്ള ഒരു കോഴ്സായിട്ട് തന്നെ അംഗീകരിക്കണമെന്ന് അദ്ധ്യേഹം പറയുകയുണ്ടായി. അദ്ധ്യേഹം പറഞ്ഞ കൺസെപ്റ്റ് ഞങ്ങളുടെ ഈ ഉദ്ദേശത്തിലുമുണ്ട്. അതുപോലെതന്നെ ഇവിടെ അഡ്മിഷനെക്കുറിച്ചു പറഞ്ഞു. സ്വാഭാവികമായും അഡ്മിഷൻ ഇന്നത്തെ കോളേജിൽ നടത്തുന്നതുപോലെ 80 ശതമാനം പരിധിയിൽ തന്നെ നടത്താൻ കഴിയും. 1952–1953–ൽ നമ്മുടെ രാജ്യത്ത് അംഗീകരിച്ച മുതലിയാർ കമ്മിഷൻ റിപ്പോർട്ടായിരുന്നു ആദ്യത്തെ സെക്കൻറി വിദ്യാഭ്യാസ കമ്മിഷൻ. അതിൽ പറഞ്ഞ പാറേൺ ഇതാണ്: Five years Primary, three years Middle school, four years Higher Secondary. അങ്ങനെ വരുമ്പോൾ ആകെ 12 വർഷം. മുതലിയാർ കമ്മിഷന്റെ റിപ്പോർട്ടിനുശേഷം 1964–1966–ൽ വീണ്ടും വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കോത്താരി കമ്മിഷൻ 10+2+3 പാറേൺ പറയുകയും, +2 സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗം ആണെന്നും യൂണിവേഴ്സിറ്റിയുടെ ഭാഗം അല്ലായെന്നും വളരെ കാറഗറിക്കലായി പറഞ്ഞിട്ടുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് പിന്നീടുള്ള നടപടികളും നടന്നത്. മറ്റൊരുകാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് ഇപ്പോൾ ഇത് സ്യൂട്ട ബിളാണോ എന്നാണ്. ഇത് നിരർത്ഥകമായ വാദമുഖമാണ്. കേരള യൂണിവേഴ്സിറ്റിയിൽ നടന്ന കുപ്രസിദ്ധമായ മാർക്ക് ലിസ്റ്റ് തട്ടിപ്പ് കേസ്സിൽ പലരും ഇന്നും ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ മാർക്ക് തട്ടിപ്പിൽ ഇവിടെയുള്ള എത്ര ആളുകൾ ഉൾപ്പെട്ടിരുന്നു. അതിനെക്കുറിച്ച് ജുഡിഷ്യൽ എൻക്വയറി വേണമെന്ന് ഇവിടെ എല്ലാ ആളുകളും ആവശ്യപ്പെട്ടു. അതിനുവേണ്ടി 5–7–1982–ൽ Commission of Enquiries Act അനുസരിച്ച് എം.പി.മേനോൻ കമ്മിഷനെ നിയോഗിച്ചു. 2–1–1984–ൽ ആ കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിനകത്ത് വളരെ കൃത്യമായി അദ്ധ്യേഹം പറയുന്നുണ്ട്, പ്രീ–ഡിഗ്രി കോഴ്സുകളാണ് വാസ്തവത്തിൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത്..... അതിനുശേഷം നിയോഗിച്ച മാൽക്കം ആദിശേഷയ്യ കമ്മിഷൻ റിപ്പോർട്ടിനകത്തും വളരെ ശക്തമായി ഇതു ആവശ്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

സർ, ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ഇവിടെ ഈ പ്രീ-ഡിഗ്രി ബോർഡിനെതിരെ സമരം ചെയ്യുവാൻ ആളുകളുണ്ട്. അവർ എന്താണ് പ്രചരിപ്പിക്കുന്നത്. അവർ പറയുന്നു ഈ രാജ്യത്ത് യൂണിവേഴ്സിറ്റി ജീവനക്കാർ മുഴുവനും അവതാളത്തിലാകുമെന്ന്, 1983-ൽ ഗാന്ധിജി യൂണിവേഴ്സിറ്റി രൂപീകരിച്ചപ്പോഴും അന്ന് ഇവിടെ മൂന്നാഴ്ചക്കാലം നീണ്ടുനിന്ന സമരം നടന്നു. ആ സമരത്തിൽ എന്താണ് അവർ പറഞ്ഞത്. ഇവിടെയുള്ള 1000-ത്തോളം ജീവനക്കാർ പുറത്ത് പോകുമെന്ന് പറഞ്ഞു. അന്ന് ഗവൺമെൻറ് പറഞ്ഞു നിയമത്തിന് വിധേയമായിട്ട് ഓപ്ഷൻ തരാമെന്ന്. ആ ഓപ്ഷൻ എത്ര പേരാണ് വാങ്ങിയതെന്നറിയാമോ? 191 പേരാണ് ഓപ്ഷൻ വാങ്ങിപ്പോയത്. ആ ഓപ്ഷൻ വാങ്ങി പോയ ആളുകൾക്ക് അവിടെ ചെന്നപ്പോൾ പ്രൊമോഷൻ കിട്ടി. അതുപോലെ ഇവിടെയുള്ള ആളുകൾക്കും പ്രൊമോഷൻ കിട്ടി. ഇവിടെ 1983 ജൂൺ മാസം 30-ാം തീയതി ശ്രീ.ബേബിജോൺ ഈ സഭയിൽ വിദ്യാഭ്യാസ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടു സംസാരിച്ചപ്പോൾ +2 കോഴ്സ് വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ബേബിജോൺ: പ്രീ-ഡിഗ്രി ബോർഡ് വേണം. പക്ഷേ നിങ്ങൾ എന്തിനാണ് പ്രാധാന്യം കൊടുക്കുന്നത്? ഡീലിങ് ചെയ്യുന്നതിന് മാത്രമാണോ ഇത്? +2 കോഴ്സുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? എന്താണ് ഇതിനകത്ത് പ്രയോജനം?

ശ്രീ. ടി. എം. ജേക്കബ്: സർ, ശ്രീ. ബേബിജോൺ മുമ്പ് പറഞ്ഞ സെൻറൻസ് ഞാൻ വായിച്ചുകൊള്ളട്ടെ. 'ഞാൻ ചൂണ്ടിക്കാണിക്കുന്നത്, ഈ ഗവൺമെൻറിനെക്കൊണ്ട് നടപ്പിലാക്കാൻ കഴിയുമോയെന്ന് എനിക്ക് ഭയമുണ്ട്, സംശയമുണ്ട്. കാരണം, പന്ത്രണ്ട് വർഷ കോഴ്സ് വരികയാണെങ്കിൽ നിലവിലുള്ള സ്വകാര്യകോളേജുകൾ നിറുത്തലാക്കുന്നതിനുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തും. ഇന്ന് പ്രീഡിഗ്രി ക്ലാസ്സുകൾ കോളേജിൻെറ കൂടെ നിൽക്കുകയാണ്. ഭാവിയിൽ അതല്ലാതെ പന്ത്രണ്ടുവർഷ കോഴ്സ് വരും. അപ്പോൾ ശക്തമായ എതിർപ്പുണ്ടാകും. ആ എതിർപ്പിനെ അതിജീവിച്ചുകൊണ്ട്, ആ എതിർപ്പിനെ നേരിട്ടുകൊണ്ട് ഈ സംസ്ഥാനത്തിൻെറ താൽപര്യങ്ങളെ സംരക്ഷിക്കാൻവേണ്ടി അങ്ങനെയൊരു പരീക്ഷണം നടത്തേണ്ടതാവശ്യമാണെന്ന താൽപര്യക്കാരനാണ് ഞാൻ'. ആ അഭിപ്രായങ്ങളും ഞങ്ങളും സ്വീകരിച്ചിരിക്കുന്നു. ആ അഭിപ്രായത്തെ മാനിച്ചു കൊണ്ടുതന്നെ ഞങ്ങളും മുന്നോട്ടുപോകാൻ ആഗ്രഹിക്കുകയാണ്. ''ഇൻഡ്യൻ വിദ്യാഭ്യാസം നൂറാണ്ടുകളിലൂടെ'' എന്ന പുസ്തകം ശ്രീ. തായാട്ട് ശങ്കരൻ എഴുതിയതാണ്. കെ.ജി.ടി.എ. പ്രസിദ്ധീകരിച്ചതാണ്. ഈ കോഴ്സ് വേണമെന്ന അദ്ദേഹം വളരെ വ്യക്തമായിട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കോ, അതല്ലെങ്കിൽ കോളേജിൽ പണിയെടുക്കുന്ന അദ്ധ്യാപകർക്കോ, അനദ്ധ്യാപകർക്കോ പ്രീഡിഗ്രി ബോർഡിൻെറ രൂപീകരണംകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന് ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതുകൊണ്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകനേയും പിരിച്ചുവിടുന്ന പ്രശ്നമില്ല; തരംതാഴ്ത്തുന്ന പ്രശ്നമില്ല, ഒരു നോൺടീച്ചിംഗ് സ്റ്റാഫിനേയും തരംതാഴ്ത്തുന്ന പ്രശ്നമില്ല, പറഞ്ഞുവിടുന്ന പ്രശ്നമില്ല. ജൂനിയർകോളേജുകളെ അപ്ഗ്രേഡുചെയ്യാൻ പാടില്ലെന്ന് പ്രചരിപ്പിക്കുന്നവരുണ്ട്. അതുമാകാവുന്നതേയുള്ളൂ. നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉത്തമതാൽപര്യങ്ങൾക്കുവേണ്ടി സംസ്ഥാനഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന പ്രീഡിഗ്രിബോർഡ് രൂപീകരിച്ച് പ്ലസ്ടു വിദ്യാഭ്യാസം യൂണിവേഴ്സിറ്റിയിൽനിന്ന് മാറാനുള്ള ഗവൺമെന്റിന്റെ തീരുമാനവുമായി ഗവൺമെന്റ് മുന്നോട്ടു പോകുവാൻ ആഗ്രഹിക്കുകയാണ്. ആ നടപടിയെ എല്ലാവരും അംഗീകരിക്കുമെന്ന വിശ്വാസമെനിക്കുണ്ട്. യേശുക്രിസ്തുവിനെ കുരിശിലേറ്റിയ അവസാന നിമിഷത്തിൽ അദ്ദേഹം പറഞ്ഞു, ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല. പിതാവേ ഇവരോട് ക്ഷമിക്കേണമേയെന്ന്. ഈ പ്രതിപക്ഷത്തോടും എനിക്ക് അതാണ് പറയാനുള്ളത്. നിങ്ങൾ ചെയ്യുന്നതെന്താണെന്ന് നിങ്ങൾ അറിയുന്നില്ല. നിങ്ങളോട് ക്ഷമിക്കേണമേയെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്ന പതിനേഴാം നമ്പർ ധനാഭ്യർത്ഥനകളുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ എട്ടാംകോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 വർഷത്തെ സാമ്പത്തികചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സംബന്ധിച്ച്.....

ശ്രീ. ബേബിജോൺ: സർ, ഞാൻ പോയ് ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയും പ്രകാരം വേർപിരിഞ്ഞ് വോട്ടെടുപ്പ് നടത്തി.)

അനുകൂലിക്കുന്നവർ—69

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, സി. ടി. അഹമ്മദ്അലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, ആർ. ബാലകൃഷ്ണപിള്ള
7. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നിബഹനാൻ
11. ,, പി. ഭാസ്ക്കരൻ
12. ,, വി. ദിനകരൻ
13. ,, പി. സി. ജോർജ്ജ്
14. ,, കെ. എം. ഹംസക്കുഞ്ഞ്
15. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
16. ,, എ. എൽ. ജേക്കബ്
17. ,, ടി. എം. ജേക്കബ്
18. ,, സി. ജി. ജനാർദ്ദനൻ
19. ,, ടി. എസ്. ജോൺ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. എ. സി. ജോസ്
21. ,, ജോസ് കുറിയാനി
22. ഡോക്ടർ കെ. സി. ജോസഫ്
23. ശ്രീ. കെ. സി. ജോസഫ്
24. ,, പി. ജെ. ജോസഫ്
25. ,, വി. വി. ജോസഫ്
26. ,, കെ. കെ. നായർ
27. ശ്രീമതി എം. കമലം
28. ശ്രീ. കെ. ജി. ആർ. കർത്താ
29. ,, കെ. കരുണാകരൻ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ,, മണിമംഗലത്തു കുട്ട്യാലി
32. ,, ഇ. ജെ. ലൂക്കോസ്
33. ,, കെ. പി. എ. മജീദ്
34. ,, കെ. എം. മാണി
35. ,, കെ. മുഹമ്മദാലി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, പി. എ. മുഹമ്മദ് കണ്ണ്
38. ,, പി. വി. മുഹമ്മദ്
39. ,, ടി. എച്ച്. മുസ്തഫ
40. ,, കെ. എസ്. നാരായണൻ നമ്പൂതിരി
41. ,, കെ. പി. നൂറുദ്ദീൻ
42. ,, ഉമ്മൻ ചാണ്ടി
43. ,, സി. വി. പത്മരാജൻ
44. ,, കെ. രാഘവൻമാസ്റ്റർ
45. ,, രാഘവൻ പൊഴക്കടവിൽ
46. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
47. ,, എസ്. രാമചന്ദ്രൻപിള്ള
48. ,, തേറമ്പിൽ രാമകൃഷ്ണൻ
49. ,, കെ. പി. രാമൻ
50. ,, രമേശ് ചെന്നിത്തല
51. ,, തോപ്പിൽ രവി
52. ,, വയലാർ രവി
53. ,, എൻ. ശക്തൻനാടാർ
54. ,, പി. സീതിഹാജി
55. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56. ,, കടവൂർ ശിവദാസൻ
57. ,, നാലകത്തു സൂപ്പി
58. ,, കെ. കെ. ശ്രീനിവാസൻ
59. ,, എൻ. ശ്രീനിവാസൻ
60. ,, കോട്ടക്കുഴി സുകുമാരൻ
61. ,, സി. എ. സുന്ദരം
62. ,, എൻ. സുന്ദരൻ നാടാർ
63. ,, വി. സുരേന്ദ്രൻപിള്ള
64. ,, പി. പി. തങ്കച്ചൻ
65. ,, സി. എഫ്. തോമസ്
66. ,, കെ. കെ. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

67. ശ്രീ. തോമസ് കല്ലംപള്ളി
68. ,, പി. കെ. വേലായുധൻ
69. ,, സ്റ്റീഫൻ പാടുവ

പ്രതികൂലിക്കുന്നവർ—49

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബി ജോൺ
4. ,, കെ. കെ. ബാലകൃഷ്ണൻ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
11. ശ്രീമതി പി. ദേവൂട്ടി
12. ശ്രീ. കെ. ജെ. ജോർജ്ജ്
13. ശ്രീമതി കെ. ആർ. ഗൗരി
14. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
15. ,, ടി. കെ. ഹംസ
16. ,, കെ. ഇ. ഇസ്മായിൽ
17. ,, എം. ജിനദേവൻ
18. ,, വി. സി. കബീർ
19. ,, കെ. ടി. കണാരൻ
20. ,, വി. കേശവൻ
21. ,, സി. ടി. കൃഷ്ണൻ
22. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
23. ,, കെ. ടി. കുമാരൻ
24. ,, പി. കുമാരൻ
25. ,, പി. വി. കുഞ്ഞിക്കണ്ണൻ
26. ,, ലോനപ്പൻ നമ്പാടൻ
27. ,, സി. പി. മൂസ്സാൻകുട്ടി
28. ,, കെ. മൂസ്സക്കുട്ടി
29. ,, എ. കെ. പത്മനാഭൻ
30. ,, ഇ. പത്മനാഭൻ
31. ,, കെ. പങ്കജാക്ഷൻ
32. ,, ടി. പി. പീതാംബരൻ മാസ്റ്റർ
33. ,, കെ. പി. പ്രഭാകരൻ
34. ,, കെ. പുരുഷോത്തമൻ
35. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
36. ശ്രീ. വർക്കല രാധാകൃഷ്ണൻ
37. ,, കാനം രാജേന്ദ്രൻ
38. ,, കെ. ശങ്കരനാരായണപിള്ള
39. ,, എ. കെ. ശശീന്ദ്രൻ
40. ,, എ. സി. ഷൺമുഖദാസ്
41. ഡോക്ടർ എ. സുബ്ബറാവു
42. ശ്രീ. എ. വി. താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. സി. കെ. തങ്കപ്പൻ
44. ,, വി. ജെ. തങ്കപ്പൻ
45. ,, എസ്. ആർ. തങ്കരാജ്
46. ,, പി. സി. തോമസ് (കടുത്തുരുത്തി)
47. ,, ആർ. എസ്. ഉണ്ണി
48. ,, ജി. വരദൻ
49. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—69

പ്രതികൂലിക്കുന്നവർ—49

നിഷ്പക്ഷത പാലിക്കുന്നവർ—ഇല്ല

പ്രമേയം പാസ്സായതായി പ്രഖ്യാപിക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും 7—7—1986 രാവിലെ 8.30—ന് സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ ഏഴാം തീയതി തിങ്കളാഴ്ച രാവിലെ 8.30—ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—II

SEVENTH KERALA LEGISLATIVE ASSEMBLY

Twelfth Session

LIST OF DEMAND FOR GRANTS TO BE SUBMITTED TO THE VOTE OF THE HOUSE

(*Vide* List of Business for July 2, 1986)

Demand No.	*Name of Demand*	*Budget Estimates for* 1986-87				
		Amount of Demand for Grants on account voted by the House on 26-3-1986		*Amount of Demand for Grants to be submitted to the vote of the House*		
		Revenue Rs.	*Capital* Rs.	*Revenue* Rs.	*Capital* Rs.	*Total* Rs.
(1)	(2)	(3)	(4)	(5)	(6)	(7)
XVII	Education, Art and Culture	1,56,00,94,200	1,90,39,000	3,12,01,88,300	3,80,78,000	3,15,82,66,300

LIBRARY ARCHIVES Kerala Legislative Assembly